കൗമുദി

ആഴ്ചപ്പതിപ്പു



ANN 2 AS

(26-ം പേജിൽനിന്നും തുടർച്ച)

കൊച്ചുമുതലാളിയുടെ രൂപമാണിതു്--രണ്ടു മാസങ്ങൾക്കു് ശേഷം!

നഗരത്തിലെ ചിറ്റ മുതലാളിയുമായാണു് നാം പരിചയപ്പെട്ടതു് ഗ്രാമപ്രദേശങ്ങളിലാണെങ്കിൽ ഇവരുടെയുടെ രൂപവും, വേഷവുമൊക്കെയൊന്നു് മാറിയിരിക്കും.

* * *

അതൊരു തീരദേശമാണു്. കായലോരത്തുള്ള കേരവൃക്ഷങ്ങളുടെ ശീതളഛായയിൽ വിശ്രമംകൊള്ളുന്ന ഒരു ചെറിയ ഭംഗിയുള്ള ഗ്രാമം. അവിടത്തെ പ്രധാനമായ മാർഗ്ഗം തേങ്ങയും തൊണ്ടുമാണു് പ്രശാന്തമായ ആ ഗ്രാമത്തിലും അസംതൃപ്തിയുടെ നിഴൽ പാടുകൾ, കാലത്തിന്റെ പോക്കിൽകണ്ടുതുടങ്ങി. അങ്ങിനെ അവിടെയുമൊരിക്കൽ അവകാശബോധത്തോടെ സംഘടിതരായ തൊഴിലാളികൾ ഒരു ഘോഷയാത്ര നടത്തി. ആ ഗ്രാമംഅന്നുവരെ അങ്ങിനെയൊന്നു് കണ്ടിരുന്നില്ല. ആവേശജനകമായ ശബ്ദഘോഷത്തോടെ ആ മനുഷ്യനിര ഗ്രാമവീഥികളിൽക്കൂടി കടന്നുപോകയാണു്. "ഞങ്ങൾക്കു് വേണ്ടതു്--വേലയും കൂലിയും..." നിശ്ചയദാർഢ്യം നിഴലിക്കുന്ന ആ കടന്നുപോകുന്ന മുഖങ്ങളേയും നോക്കിക്കൊണ്ടു് ഞാൻ ഒരു കവലയിൽ ഒഴിഞ്ഞുമാറി നിൽക്കയായിരുന്നു. പെട്ടെന്നു് ഒരു ശബ്ദംകേട്ടു് ഞാൻ തിരിഞ്ഞുനോക്കി "ഏതെങ്കിലുമൊന്നുപോരേ; ഇവന്മാർക്കു്! രണ്ടാംക്ലാസ്സിൽ എങ്ങിനെകൊടുക്കാനാ!" അതേ 'അയ്യാം തന്നെ-അയ്യാം അരക്കൈയ്യൻ ഉടുപ്പും, അരണവാലൻ മീശയും..... ..... ഒരു ഇളിപ്പോടെ, താൻ തട്ടിമൂളിച്ച ഫലിതം ആരെല്ലാം ആസ്വദിക്കുന്നുണ്ടെന്നറിയാനായി ചുറ്റും നിന്നിരുന്നവരുടെ മുഖത്തേയ്ക്കു് നോക്കി. പക്ഷേ ആ ക്ലാസ്സിൽ നിന്നിരുന്നവർക്കാർക്കും അതത്ര രസിച്ചില്ല. മറ്റൊന്നു പറയാൻ അയ്യാംക്കു് തോന്നിയില്ല. ഒരു വളിച്ച ചിരിയോടെ അയ്യാം കുറച്ചു നേരത്തേയ്ക്കു് അവിടത്തന്നെ പുറത്തിറങ്ങി നിന്നു.

ഇതാണു് ഗ്രാമപ്രതിഭ്പു്. ഒരു കയറുമുതലാളി. ആകപ്പാടെ ഒരു വണ്ടിയിൽ മാത്രം കയറിടീപ്പുണ്ടയ്യാംക്കു്. അതും കിടപ്പാടവും, പാട്ടം കൊടുത്തു് ഉണ്ടാക്കിയ സമ്പാദ്യമാണു്. അയ്യാംക്കുമുണ്ടു് രണ്ടു മൂന്നു് തൊഴിലാളികളും, ആ വണ്ടിയിൽ ജോലിചെയ്യുന്നവരായി. പക്ഷേ അതു് സ്വന്തം ഭാര്യയും രണ്ടു് കുഞ്ഞുങ്ങളുമാണെന്നു് മാത്രം. അങ്ങിനെയൊക്കെ അയ്യാളും ഒരു മുതലാളിയാണു്. ക്ലബ്ബി ക്ലാസ്സിക്കൊടുക്കുന്നതിനെതിരായി അയ്യാളും കവലകളിലും, കമ്പോളങ്ങളിലുമൊക്കെ വച്ചു് അയലത്തെ അഞ്ചൂറു വണ്ടിക്കാരൻ മുതലാളിയേക്കാൾ വീറോടെ തൊണ്ടകീറിയിട്ടുണ്ടു്!

ഈ കയർ വ്യവസായമാണെന്നു് തോന്നുന്നു ഈ വസ്ത്രത്തെ പോറി പുലർത്തുന്നതെന്നു്. ചിറ്റ മുതലാളിമാരുടെ ഒരുകേളീരംഗമാണാവ്യവസായം മേൽക്കണ്ടതരത്തിലുള്ള ഒറ്റ വണ്ടിമുതലാളിമാർ, കയർ കായൽക്കരയിൽ കൊണ്ടെത്തിക്കുവാൻ മറ്റൊരു മുതലാളി, അവിടെ നിന്നമതു ഏറ്റുവാങ്ങി കൊച്ചിയിലോ കൊല്ലത്തോ കൊണ്ടെത്തിക്കുവാൻ മറ്റൊരുവൻ, കമ്പിനിയിൽ കണക്കു് പറഞ്ഞേൽപ്പിക്കുവാൻ ഇനിയുമൊരുവൻ തിരിഞ്ഞാലും പിരിഞ്ഞാലും അവിടൊക്കെ മുതലാളിമാരുണ്ടു്. പക്ഷേ ഇവരുടെയൊക്കെ ഒരുമാസത്തെ ആദായമറിയുമ്പോഴാണു് നമുക്കു് സഹതാപം തോന്നുക. ഒരു മുപ്പതിനും, മുപ്പത്തഞ്ചിനും വേണ്ടിയാണു്: ഈ 'ബർളമാർ' ഈ തൊഴിലാളി സംഘാരപ്രസംഗങ്ങളൊക്കെനടത്തുന്നതു്.

ഇനിയുമൊരു ക്ലാസ്സർ ക്ലാസിയുണ്ടു്. 'ചുമ്മാ മുതലാളിമാർ' കടയുമില്ല, കച്ചവടവുമില്ല; കയറിടീപ്പും കാണുകില്ല--എന്നാലും അവർ മുതലാളിമാരാണു്. [illegible]യ്പീടികകൾ, കമ്പോളങ്ങൾ, [illegible]സ്വസ്ഥലങ്ങൾ ഇവിടൊക്കെ ഒരു വളഞ്ഞ തലയിൽക്കെട്ടും [illegible]രക്കുത്താവും അലക്ഷ്യമായ മടക്കുകെട്ടുമായി നിൽക്കുന്നവരേ നിങ്ങൾ സൂക്ഷിച്ചിട്ടില്ലേ. മുറുക്കിത്തുപ്പി, ചുണ്ടും ചുവപ്പിച്ചു്, അതിനു് മേൽ ബീഡിപ്പുകയും വളയത്തിൽ വിട്ടുകൊണ്ടു് നിൽക്കുന്ന ഇവന്റെ പ്രസംഗംകൂടി ഒന്നു് ശ്രദ്ധിച്ചുകളയാം. കണ്ണിൽകണ്ട തൊഴിലാളി പ്രവർത്തകരെ ഒക്കെ അടക്കിയും, ഒറ്റതിരിച്ചും, ഇതുവരേയും ഒരു തൂലികചിത്രകാരനും രൂപംകൊടുക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത വൈരൂപ്യത്തോടെ അതിസരസമായി അയ്യാം വർണ്ണിച്ചു കേറ്റുപ്പിക്കുകയാണു്. ഇതും സഹിക്കാം. ഇടയ്ക്കിടയ്ക്കു് അനുകമ്പയൊഴുകുന്ന തരത്തിലുള്ള ചില 'ഇറക്കു'കളുമുണ്ടു്. "ഹേ! ആ പയ്യനെ, ഇതിൻറെയൊന്നും ആവശ്യമില്ലായിരുന്നു. പഠിച്ചു് പാസ്സായിട്ടു് കണ്ടവന്റെ കയ്യിലിരിക്കുന്നതു് ഏറുവാങ്ങാൻ വല്ല കായ്വുമുണ്ടായിരുന്നോ" അതുക്ലാസ്സിപ്പുറത്തുകഴിയുമ്പോൾ അയ്യാം അറിയാതെ തന്നെ തറ നിരപ്പിൽ നിന്നു ഒരിഞ്ചുകൂടി ഉയർന്നു താഴും. ഓരോ വാക്കും പറയുമ്പോൾ അയ്യാളുടെ അന്തസ്സുങ്ങിനെ മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഉയർത്തിപ്പെടുത്തുകയാണെന്നാണു് അയ്യാളുടെ വിശ്വാസം. ഈ 'ദാരിദ്ര്യം പിടിച്ച' കമ്മ്യൂണിസത്തേയും, സോഷ്യലിസത്തേയുമൊക്കെ ആക്ഷേപിക്കുന്നതു്, സ്വയം ഉയരുന്നതിനുള്ള ഒരു മാർഗ്ഗമായാണു് നമ്മുടെ ചുമ്മാ മുതലാളി കരുതിയിരിക്കുന്നതു്.

ഇങ്ങിനെ പോകുന്നു നമ്മുടെ നാടൻ ബർളാമാർ. വസ്തുസ്ഥിതികളെക്കുറിച്ചുള്ള അജ്ഞതകൊണ്ടാവാം ചിലരീവിധ്വിവേഷം കെട്ടിപ്പോകുന്നതു്. അവക്കു് നമുക്കു് മാപ്പു നൽകാം, പക്ഷേ അല്ലാത്തവക്കോ?

—ണൻ

പത്രാധിപർ — കെ. ബാലകൃഷ്ണൻ

കൗമുദി ആഴ്ചപ്പതിപ്പ്

പുസ്തകം 1 | 1126 കന്നി 2 തിങ്കൾ | ലക്കം 27

കൗമുദി കുറിപ്പുകൾ

സുരേന്ദ്രന്റെ പിതാവിനു ഒരു തുറന്ന കത്ത്

പ്രിയപ്പെട്ട പിതാവേ!

അങ്ങയുടെ പേരു ഞാൻ പത്രത്തിൽകണ്ടു. പക്ഷേ ആ പേരിൽ ഒരു കത്തെഴുതുന്നതിൽ എനിക്കു കൗതുകമില്ല. ഞാൻ സുരേന്ദ്രന്റെ പിതാവിനാണു് ഇതെഴുതുന്നതു്. അങ്ങയുടെ പ്രസ്താവന ഉണ്ടാക്കിയ പ്രതൃഘാതത്തെപ്പറ്റി യതൊരു ശ്രദ്ധയുമില്ലാതെ വളരെ ദൂരത്തിരുന്നാണു് ഞാനിതെഴുതുന്നതു്. അങ്ങയുടെ പ്രസ്താവന അടങ്ങിയ ഒരു പത്രം ആ സംഭവത്തെപ്പറ്റിയുള്ള പൂണ്ണവിവരങ്ങളോടെ ഒരു സുഹൃത്തു എനിക്കയച്ചുതന്നു. പ്രായമായ എല്ലാവരെയും ഞാൻ സാധാരണഗതിയിൽ ബഹുമാനിക്കുന്നവനാണു്. അങ്ങു ധീരനായ ഒരു പുത്രന്റെ പിതാവാണു്. ആ നിലയിൽ അങ്ങയെപ്പറ്റി എനിക്കു കൂടുതൽ ബഹുമാനമുണ്ടു്. ആ ബഹുമാനത്തോടുകൂടിതന്നെയാണു് ഞാൻ അങ്ങയുടെ പ്രസ്താവന വായിച്ചതും ഇതു കത്തെഴുതുന്നതും.

ആ പ്രസ്താവന എങ്ങനെ ശ്രവമെടുത്തതാണെന്ന കാര്യങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. അവിടെയും സമീപ പ്രദേശത്തുള്ള ആളുകളെ പോലീസുകാർ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതായും അങ്ങയെയും സുരേന്ദ്രന്റെ പ്രിയപ്പെട്ട മാതാവിനെയും പോലീസ് അധികൃതർ പിടിച്ചുകൊണ്ടുപോയതായും ചില സുഹൃത്തുക്കൾ എന്നെ അറിയിച്ചിട്ടുണ്ടു്. സമ്മർദ്ദം—മനുഷ്യത്വമില്ലാത്ത മൃഗീയമായ സമ്മർദ്ദം—മൂലമാണു് അങ്ങു് ആ പ്രസ്താവന നടത്തിയതെന്നു ഒരു പുത്രന്റെ ഹൃദയത്തുടിപ്പു എന്നോടു മന്ത്രിക്കുന്നു.

പോരയും നീരുമായി തുള്ളിച്ചാടി നടന്ന ഒരു യുവാവിനെ അധികാരത്തിന്റെ വലയത്തിലാക്കി ഇരുമ്പഴിക്കുള്ളിലടച്ചു ഇഞ്ചിഞ്ചായി ചതച്ചുകൊന്നു പുറത്തെറിഞ്ഞ ശ്രവംനോക്കി—ഒരു പിതാവിനെന്നല്ല—ഒരു മനുഷ്യനും അങ്ങനെ ഒരു പ്രസ്താവന എഴുതുവാനുള്ള മനക്കട്ടിയുണ്ടാകുമെന്നു സങ്കല്പിക്കാൻ എന്റെ മാനുഷ്യതാപം എന്നെ അനുവദിക്കുന്നില്ല. മധുരങ്ങളും മറക്കുന്നോവാത്തതുമായ ഒട്ടേറെ സ്മരണകളവശേഷിപ്പിക്കുന്ന സുരേന്ദ്രന്റെ ചിത്രം അങ്ങയ്ക്കു മറക്കുവാൻ കഴിഞ്ഞാലും പത്തുമാസം ചുമന്നു കൈകാൽ കുടയുന്നതുനോക്കി വിനോദിച്ചു മുലപ്പാലൂട്ടി വളർത്തിയെടുത്ത ആ പ്രിയപ്പെട്ട മാതാവിനു [illegible] കഴിയുമെന്നു എനിക്കു തോന്നുന്നില്ല. ചതഞ്ഞ [illegible] തനായി, നിശ്ചേതനായിക്കിടക്കുന്ന ഒരു പുത്രനേയും നോക്കി ഒരു പിതാവും ഇങ്ങനെ പറഞ്ഞതായി ചരിത്രരേഖയോ പുരാണരേഖയോ കണ്ടുകയില്ല. അങ്ങനെ അങ്ങയിൽകൂടി ആ പ്രസ്താവന പുറത്തുകൊണ്ടുവന്ന കൊലയാളികളുടെ ഹസ്തങ്ങൾ ചരിത്രവും പുരാണവും സൃഷ്ടിച്ച എന്നു സംതൃപ്തിയടയട്ടെ!

അങ്ങു് സുരേന്ദ്രന്റെ നടപടികളെപ്പറ്റി അപലപിച്ചു സംസാരിക്കുന്നു. സുരേന്ദ്രനു ഒരു പ്രത്യേകസുഖക്കേടുണ്ടെന്നും അതിനു ഉടൻ ചികിത്സിച്ചില്ലെങ്കിൽ വലിയ കഴപ്പുമുണ്ടാകുമെന്നും ഇതിനുമുമ്പു പലതവണ ഇങ്ങനെ മരിച്ചിട്ടുണ്ടെന്നും (എത്ര ഭീകരമായ ഫലം!) ആ പ്രസ്താവനയിൽ പറയുന്നു. ഇങ്ങനെ നടക്കുന്ന യുവക്കന്മാർക്കു സ്വാഭാവികമായി വന്നുകൂടാവുന്നതുമാത്രമേ വന്നു കൂടിയിട്ടുള്ളു എന്നു സമാധാനിക്കുന്നു!

അങ്ങനെ സ്വന്തം പുത്രന്റെ ബലിക്കല്ലിൽ നിന്നുകൊണ്ടു് ക്രൂരമായ ഒരു കൈയ്യേറ്റത്തിന്റെ മാപ്പുസാക്ഷിയായി മാറിയിരിക്കുന്ന അങ്ങയോടു ഞാൻ പോലീക്കട്ടെ — ഏതു നിയമസംഹിതയാണു് ലാക്കപ്പിനകത്തുവച്ചു ആരെത്തന്നെയായാലും തല്ലിക്കൊല്ലാൻ അനുവാദം നൽകിയിട്ടുള്ളതു? അങ്ങയുടെ പുത്രൻ നഷ്ടപ്പെട്ടതിൽ അങ്ങയ്ക്കു കുണ്ഠിതമുണ്ടായിരിക്കയില്ല. പക്ഷേ അങ്ങയുടെ പുത്രൻ ഇന്നു് ഈ നാട്ടിന്റെ സന്താനമായി ഉയർന്നുപോയി. ആ മാർവിടത്തിൽ പതിച്ച ഓരോ ചവിട്ടും ഈ രാജ്യത്തെ യുവതയുടെ ഹൃദയത്തിലാണേറ്റതു്. അങ്ങയ്ക്കോ അങ്ങയെക്കൊണ്ടു പ്രസ്താവന എഴുതിച്ചവർക്കോ തടുക്കുവാനോ തകർക്കുവാനോ ആവാത്ത ഒരു ശബ്ദമാണു് ഇന്നു ആ പൈശാചികസംഘത്തിനെതിരായി ഏകകണ്ഠമായി ഉയരുന്നതു്.

ഒരു പോലീസുകാരൻ മൂന്നിയടഞ്ഞത്തിൽ എനിക്കു അഹ്ലാദമില്ല ഒരു പക്ഷേ ആ പാവപ്പെട്ട അല്ലശമ്പളക്കാരന്റെ വിധവയും കുട്ടികളും ഇന്നു നിരാലംബരായി തീർന്നിരിക്കാം. ഖേദമുണ്ടു്. സഹതാപമുണ്ടു്.

തീർച്ചയായും സുരേന്ദ്രനു ആ പോലീസുകാരനോടു വിരോധമുണ്ടായിരുന്നിരിക്കയില്ല. തന്റെ പ്രവർത്തനങ്ങളെയും തന്റെ പാർപാടികളെയും തകർക്കുവാൻ വരുന്ന അധികാരത്തിന്റെ ചിഹ്നമായി സുരേന്ദ്രൻ ആ പോലീസുകാരനെ കണ്ടിരിക്കാം. ആത്മരക്ഷക്കായിരിക്കാം ആ കൈയ്യേറ്റം നടത്തിയതു്. ആ ഒരു പോലീസുകാരനുപ

മുഖചിത്രം

സുപ്രസിദ്ധഉത്തരേന്ത്യൻ സിനിമാതാരം. നർഗ്ഗീസ്.

കൗമുദി ഓണം വിശേഷാൽപ്രതി

പത്രങ്ങളുടെ അഭിപ്രായങ്ങൾ

ജന്മഭൂമി

ഏറ്റവും ആധുനികവും ആകർഷണീയവും കായ്മനുഷ്യപ്രസക്തവും ആയ ഒരു പ്രസിദ്ധീകരണമാണിതു്. അകവും പുറവും മനോഹരവും ആസ്വാദ്യവുമായിട്ടുണ്ട്. ഉല്പതിഷ്ണുക്കളായ പല യുവസാഹിത്യകാരന്മാരുടെയും രാഷ്ട്രീയചിന്തകന്മാരുടെയും ഗദ്യപദ്യലേഖനങ്ങൾകൊണ്ടു സംപൂജ്യമായ ഈ വിശേഷാൽപ്രതി കേരളീയ പ്രസിദ്ധീകരണങ്ങൾക്കൊരു മാതൃകയായിത്തീർന്നിരിക്കുന്നു. വായിക്കാൻ കൊള്ളാവുന്നവയും വായിച്ചു രസിച്ചുമനസ്സിലാക്കാവുന്നവയുമായ ഒട്ടേറെ ലേഖനങ്ങൾ ഇതിലുണ്ട്. ഡമ്മി 200 പെയ്ജുകളുള്ള പ്രസ്തുത പ്രസിദ്ധീകരണത്തിനു നിശ്ചയിച്ച വില 1 രൂ. ഒട്ടുംതന്നെ അധികമല്ല. അച്ചടിയും കെട്ടും മട്ടും ഒക്കെ വളരെ നന്നായിട്ടുണ്ട്. തിരുവനന്തപുരം ഇന്ദിരാ പ്രസ്സിൽ അച്ചടിച്ച ഈ വിശേഷാൽപ്രതിയുടെ അച്ചടി കലാഭംഗിയെ പ്രശംസിക്കാതിരിപ്പാൻ നിവൃത്തിയില്ല.

പ്രതിധ്വനി

കൗമുദിയുടെ മനോഹരമായ ഓണംവിശേഷാൽപ്രതി കൈപ്പറ്റിനന്ദി പറയുന്നു. പുരോഗമനാത്മകങ്ങളായ ചെറുകഥകളും, രസനിഷ്യന്ദികളായ കവിതകളും, നടനയോഗ്യങ്ങളായ ഏകാങ്കനാടകങ്ങളും, പൊട്ടിച്ചിരിപ്പിക്കുന്ന വിനോദഭാവനകളും, മർമ്മസ്പർശികളായ സാഹിത്യവിമർശങ്ങളും, ചിന്താബന്ധുരങ്ങളും പഠനയോഗ്യങ്ങളുമായ ഗദ്യപ്രബന്ധങ്ങളും ഒന്നിനൊന്നിങ്ങനെ പല ഇനത്തിലുള്ള അപൂർവ്വതകൾപരം ലേഖനങ്ങളോടും ഇരുനൂറിലധികംപേജുകളോടും കൂടി കമനീയമായി അച്ചടിച്ചിറക്കിയിട്ടുള്ള ഈ സാഹിത്യോപഹാരം വിശേഷാൽപ്രതികൾക്കു ഒരലങ്കാരമാണെന്നുള്ളതിൽസംശയമില്ല. ഉള്ളടക്കത്തിന്റെ വൈവിധ്യത്തിലും മുദ്രണത്തിന്റെ കലാഭംഗിയിലും ശ്രീ ബാലകൃഷ്ണന്റെ വ്യക്തിമുദ്ര നല്ലവണ്ണം തെളിഞ്ഞുകാണാം. സാഹിത്യരംഗത്തിലും രാഷ്ട്രീയലോകത്തും അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളുമൊക്കെല്ലാം തെളിവും മിഴിവും നൽകി കാണിക്കാനും അങ്ങനെ എല്ലാ ചിന്താഗതിക്കാരെയും തൃപ്തിപ്പെടുത്താനും കൗമുദിക്കുള്ള കഴിവു് പ്രത്യേകമാണു്. ഡാക്ടർ മൽക്കരാജു് ആനന്ദ്, കെ. എ. അബ്ബാസ്, തകഴി, കെ ദാമോദരൻ, കെ ബാലകൃഷ്ണൻ, കെ. സി, ഓ. എൻ. വി. കുറുപ്പ്, പാലാ, ലളിതാംബിക, എം. സി. ജോസഫ്, കെ കുഞ്ഞിക്കേയൻ, സി. കേശവൻ തുടങ്ങിയവരുടെ [illegible] കൂട്ടത്തിൽ എടുത്തു പറയത്തക്കവണ്ണം [illegible] മെച്ചമുള്ളവയാണ്. വിശിഷ്ടമായ ഈ പ്രസിദ്ധീകരണത്തിനു ഒരു ശുഭാമാത്രമേ വാഴ്ത്തിച്ചിട്ടുള്ളൂ.

സോഷ്യലിസ്റ്റ്

തിരുവനന്തപുരത്തുനിന്നും ആർ. എസ്. പിക്കാരനായ കെ. ബാലകൃഷ്ണന്റെ പത്രാധിപത്യത്തിൽ പുറപ്പെടുന്ന കൗമുദി വാരികയുടെ ഓണം വിശേഷാൽ പ്രതിയാണു് ഞങ്ങളുടെ മുമ്പിലുള്ളതു്.

മൽക്കരാജ് ആനന്ദ്, അബ്ബാസ് തുടങ്ങിയവരുടെ തർജ്ജിമകളും, തകഴി, വർക്കി തുടങ്ങിയവരുടെ ചില ചെറുകഥകളും പിന്നെ കുറെ പുതിയ വിദ്യാർത്ഥികളുടെ ചെറുകഥകളും കവിതകളും, ബാലകൃഷ്ണപിള്ള, സുരേന്ദ്രൻ എന്നിവരുടെ ലേഖനങ്ങളും എന്നിവയാണു് ഇതിലെ പ്രധാന ഉള്ളടക്കം.

"കൗമുദി" ഓണം പ്രമാണിച്ചു് കേരളീയർക്കൊരു സന്ദേശം എഴുതിവെച്ചിട്ടുമുണ്ടു്. തുടക്കത്തിൽ "മാനുഷരെല്ലാരുമൊന്നുപോലെ ആമോദമോടെ വസിക്കുംകാലം" എന്ന ഈരടികൊണ്ടു സാക്ഷാത്കരിക്കാൻ നാട്ടുകാർ വേണ്ടതെങ്കിൽ പ്രവർത്തിച്ചോളിൽ കൗമുദിക്കു വേറെ പണിയുണ്ടു്. എന്ന അർത്ഥത്തിലാണതവസാനിക്കുന്നതു്. നാട്ടുകാരുടെ പരിശ്രമത്തിൽ ഈ പത്രത്തിന്റെ പങ്കെന്തെന്നു പറയുന്നില്ല കാ, അല്ലെങ്കിൽ, "കൗമുദി"യിൽ നിന്നു് കുഞ്ഞുരാമകൃഷ്ണബത്തെക്കുറിച്ചുള്ള പൊങ്ങച്ചങ്ങളും പത്രാധിപർ

കരം ആയിരക്കണക്കിനു പോലീസുകാർ അവിടെ പ്രത്യക്ഷപ്പെടുമെന്നു സുരേന്ദ്രൻ ഓർത്തിരിക്കയില്ല.

അങ്ങനെ ആ സംഭവം നടന്നു. സുരേന്ദ്രനെ പിടികൂടി—

തല്ലി—

ചവിട്ടി—

ശ്വാസംമുട്ടിച്ചു—

രക്തം തുപ്പിച്ചു—

സുരേന്ദ്രനെ അവർ കൊന്നു. ആ മതിലുകളിലും ഇരുമ്പഴികളിലും സുരേന്ദ്രന്റെ രക്തത്തിന്റെ മണമുണ്ടായിരിക്കും! പോസ്റ്റർ മാർട്ടം പോലും കഴിക്കാതെ ആ "മാംസപിണ്ഡം" അവർ കഴിച്ചിട്ടു.

ആ രക്തബിന്ദുക്കൾ ഉണങ്ങുംമുൻപു്—

ആ അവസാന ഞരങ്ങലിന്റെ മാറ്റൊലി നിലയ്ക്കുംമുൻപു്—

അങ്ങു ആ പ്രസ്താവനയിൽ ഒപ്പുവച്ചു.

അങ്ങയെ ഭയപ്പെടുത്തിയിരിക്കാം—

'കമ്മ്യൂണിസ്റ്റാ' ആക്കുമെന്നു തോക്കുചൂണ്ടി പറഞ്ഞിരിക്കാം.—

വീടു ചുട്ടെരിക്കുമെന്നു ഭീഷണിപ്പെടുത്തിയിരിക്കാം—

അങ്ങനെ—അങ്ങനെ—

പലതും പറഞ്ഞിരിക്കാം.

എങ്കിലും!!

എന്തു വിലയാണു് അങ്ങു നൽകിയതു്! എത്ര മലീമസമായ ഒരു ഭൂതകാലമാണു്. അങ്ങു പിതൃപുത്ര ബന്ധത്തിൽ കുറിച്ചിരിക്കുന്നതു്!

ഞാൻ ചോദിക്കട്ടെ!

അങ്ങു എന്നെ ഒരു പുത്രനായിക്കരുതുക—സുരേന്ദ്രനെപ്പോലെ ഒരു പുത്രനായിക്കരുതുക എന്നു പറയുന്നതിൽ ഇന്നർത്ഥമില്ല.

ആരാണു അങ്ങയെ ഭീഷണിപ്പെടുത്തിയതു?

ആരാണു ആ പ്രസ്താവന എഴുതി ഒപ്പിടാൻ പറഞ്ഞതു്?

പറയാൻ ഭയന്ന നാലുപാടും നോക്കുന്ന അങ്ങയുടെ ചിത്രം ഞാൻ എന്റെ കൺമുൻപിൽ കാണുന്നുണ്ടു്. ഞാനൊന്നപേക്ഷിക്കട്ടെ!

മനുഷ്യത്വത്തിന്റെ പേരിൽ—പിതൃത്വത്തിന്റെ പേരിൽ—പവനമായ മാനുഷികബന്ധങ്ങളുടെ പേരിൽ—!! അങ്ങയുടെ ജീവിതത്തിൽ തുന്നിച്ചേർത്തിട്ടുള്ള ഈ തീരാക്കളങ്കം കഴുകിക്കളയാൻ അങ്ങു തയാറാകുമോ?

സത്യം—മുഴുവൻ സത്യം—തുറന്നുപറഞ്ഞാലുണ്ടാകുന്ന ഭവിഷ്യത്തുകൾ എനിക്കൂഹിക്കാൻ കഴിയും. എങ്കിലും ഞാൻ ഒന്നുകൂടി അപേക്ഷിക്കട്ടെ!

അങ്ങു നാട്ടുകാരുടെ മുന്നിൽ ആ പ്രസ്താവനയുടെ പിന്നിലുള്ള ഭീകരമായ അന്തർനാടകം തുറന്നു പറയുമോ? ഇനിയുള്ള സുരേന്ദ്രന്മാരെങ്കിലും ജയിലഴികൾക്കുള്ളിൽ കിടന്നു മിനുട്ടു മിനിട്ടായി ഇഞ്ചിഞ്ചായി പതഞ്ഞുടഞ്ഞു മരിക്കാതിരിക്കാനെങ്കിലും ആ സത്യം പുറത്തു പറയൂ.

ഭീകരമായ ആ കൊലപാതകത്തിന്റെ മാപ്പുസാക്ഷിയായി പേറുനോറിഞ്ഞ ആ മാതാവുനോക്കിനില്പു അങ്ങു സാക്ഷിക്കൂട്ടിലേക്കയറാതിരിക്കില്ല!

സ്നേഹം,

(ഒപ്പു്) [illegible]ഷ്ണൻ.



"എസ്സ്. എൻ. ഡി. പി. നശിയ്ക്കട്ടെ!"

ശ്രീ പരശുരാമൻ ഗോകർണ്ണത്തുനിന്നും വെണ്മഴുവെറിഞ്ഞ് സമുദ്രരാജാവിൽ നിന്നും നേരറിഅവകാശത്തിനാലുകാതം ഭൂമി വീണ്ടെടുത്ത അവകാശത്തിനാലു ഗ്രാമങ്ങളും എട്ടു കഴകങ്ങളും നാലു തളികളുമായി അതിനെ പങ്കുവച്ച ഉടമപൂവ്വം ദാനം ചെയ്ത പരദേശത്തുനിന്നും ബ്രാഹ്മണരെ കൊണ്ടുവന്ന കുടിയിരുത്തി. അങ്ങിനെ ജംബുദ്വീപിൽ ഭാരതവർഷത്തിൽ കർമ്മഭൂമിയെന്നും പുണ്യഭൂമിയെന്നും പില്ക്കാലത്തു പ്രസിദ്ധമായിത്തീർന്ന കേരളം ഉണ്ടായി. മറുമായായി ബ്രാഹ്മണർ പുണ്യകർമ്മങ്ങൾചെയ്ത സംശുദ്ധമാക്കിച്ചെയ്ത ഈ ഭൂമിയെ കർമ്മഭൂമിയെന്നു വിളിച്ചുതുടങ്ങുകയും, ഹൈന്ദവധർമ്മം പുഷ്കലതയെ പ്രാപിച്ചുവരികയും ചെയ്തവരെ ബൗദ്ധന്മാരുടെ ആക്രമണമുണ്ടാകയും, നാടുമുഴുവൻ ബുദ്ധവിഹാരങ്ങളും ബുദ്ധവിഗ്രഹങ്ങളും അയ്യപ്പൻ കാവുകളും സ്ഥാപിച്ച് അവർ ഹൈന്ദവധർമ്മങ്ങൾക്കു നാശമുണ്ടാക്കുകയും ചെയ്തതിനാൽ സാക്ഷാൽ ശ്രീ പരമേശ്വരൻ പേരാറിൻകരയിൽ വന്നവിടെ നിന്നു ബൗദ്ധന്മാരെ വാദത്തിൽ തോല്പിച്ച സഹ്യദ്രികടത്തിവിടുകയും, കൊടുങ്ങല്ലൂരും തൃശ്ശിവപേരൂരും ചേർത്തലയും ഭരണിപ്പാട്ടുനടത്തി ഭിക്ഷുണിമാരെ ഓടിച്ചുകളയുകയും ചെയ്ത നാശോന്മുഖമായിരുന്ന ഹിന്ദുക്കളെയും ഹൈന്ദവധർമ്മത്തെയും സമുദ്ധരിക്കുകയും, അവകാശത്തിനാലു് അനാചാരങ്ങളും ഏർപ്പെടുത്തി ഹിന്ദുധർമ്മത്തെ പുനഃപ്രതിഷ്ഠിയ്ക്കുകയും ചെയ്തു.

ശ്രീ. നാരായണന്റെ ജനനം

തീണ്ടും തൊടീലും ജാതിമൗഢ്യങ്ങളുംകൊണ്ടു കേരളത്തിലെ ഹൈന്ദവജനത അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്ന അവസരത്തിൽ അകത്തുനിന്നു തന്നെ ഒരു ശത്രുബാധയുണ്ടായി. അതാണ് ശ്രീ നാരായണഗുരുസ്വാമികളുടെ ജനനം. വേദപഠനം നിഷേധിക്കപ്പെട്ടിരുന്ന പൂജാദികർമ്മരഹിതമായ ഒരു തീണ്ടാപാടകലെയുള്ള അപരുഷേയങ്ങളായ നാലുവേദങ്ങളും ആറു ശാസ്ത്രങ്ങളും പതിനെട്ടു പുരാണങ്ങളും പഠിയ്ക്കുകയും ഹിന്ദുധർമ്മത്തെത്തന്നെ അകത്തുനിന്നും ആക്രമണംനടത്തിത്തുടങ്ങുകയുംചെയ്ത മതദ്രോഹിയായാലും മനുഷ്യൻ നന്നായാൽ മതിയെന്നും, ഒരു ജാതി – ഒരു മതം—ഒരു ദൈവം മനുഷ്യനു് എന്നും മറ്റുമുള്ള ബൗദ്ധസിദ്ധാന്തങ്ങളുടെ പ്രണേതാവായ നാരായണഗുരുസ്വാമി വാസ്തവത്തിൽ കലഹോഹിയായ ഒരു ഹിന്ദുമതവിരോധിയായിരുന്നു. മനുഷ്യരുടെ മതം വേഷം, ഭാഷ മുതലായവ എങ്ങിനെയായിരുന്നാലും, അവരുടെ ജാതി ഒന്നായതിനാൽ അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിൽ യാതൊരു ദോഷവും ഇല്ല എന്നുള്ള വിഷലിപ്തമായ ആശയം ജനതാമദ്ധ്യത്തു പ്രചരിപ്പിച്ച ഈ ഗുരുസ്വാമിയെക്കാൾ ഭയങ്കരനായ ഒരു ഹൈന്ദവശത്രു ഇല്ലെന്നുള്ളതും സ്പഷ്ടമായി. ഹിന്ദുസമുദായങ്ങളുടെ മുരടിപ്പിനെന്നെ കോടാലിവയ്ക്കാനായി ജനിച്ച ഗുരുസ്വാമിയെ സഹായിപ്പാനായി കുറെ മ്ലേച്ഛന്മാരുമുണ്ടായി. കുമാരനാശാൻ കവിത എഴുതിയും, പുലയനയ്യപ്പൻ പ്രസംഗിച്ചും ഹിന്ദുമത ദ്രോഹംനടത്തി. ഇതിനെല്ലാം മകുടംചാർത്തുമാറ് എസ്. എൻ. ഡി. പി. യോഗം എന്നൊരു അസുരക്കുട്ടവും ഉടലെടുത്തു. ബ്രാഹ്മണർക്കുമാത്രം വിധിയ്ക്കപ്പെട്ടിരുന്ന ക്ഷേത്രപ്രതിഷ്ഠ, പുരോഹിത്യം, പൂജ, തന്ത്രം എന്നിവകൂടി ഗുരുസ്വാമി നിർവ്വഹിച്ചുതുടങ്ങിയപ്പോൾ ഹിന്ദുമത ദ്രോഹം അതിന്റെ പരമകാഷ്ഠയെ പ്രാപിക്കുകതന്നെചെയ്തു.

പ്രതിവിധി എന്താണു

എസ്. എൻ. ഡി. പി. യോഗവും അതിൽപ്പെട്ട രാക്ഷസപ്പരിഷകളും കൂടി ഹിന്ദുക്കൾക്കു അഞ്ചാറു കൊടിച്ചിപ്പെണ്ണുങ്ങളെഴുതിയ പ്രേമലേഖനവും വല്ല സിനിമാതാരങ്ങളുടെ റോജാപ്പൂപോലുള്ള കവിതത്തവർണ്ണനകളും അല്ലാതെ കാമ്പുള്ള വല്ലതും പ്രതീക്ഷിക്കുന്നവരല്ലേ മരത്തലയന്മാർ?

കൗമുദിയുടെ പ്രവർത്തകന്മാരിലൊരാളായ ഒരു എം. കെ. കുമാരൻ [നിങ്ങളാരും ഇയാളെ മുമ്പു് കേട്ടിട്ടുണ്ടാവില്ല] വലിയ പത്രാസിൽ താനൊരു സാഹിത്യത്തിന്റെ അതൊറിറ്റിയാണെന്നു സ്വയം വേഷംകെട്ടി ബൂർഷ്വാ സാഹിത്യത്തിന്റെ അധഃപതനം എന്നൊരു ലേഖനം എഴുതിയിട്ടുണ്ട്. പക്ഷെ അതു കരിംശ്ലീഷ് ഭാഷയിലുള്ള മാസികാലേഖനത്തിന്റെ ശരിക്കുള്ള തർജ്ജിമയാണ്. ബാലകൃഷ്ണപിള്ളയുടെ പേർ അവിടവിടെ ചേർത്തുമാത്രം സ്വാതന്ത്ര്യവുകയാണ്.

ചില പിന്തിരിപ്പൻ വീക്ഷണങ്ങളും "കൗമുദിയിലെ കഥകളും കൊണ്ടുവരുന്നുണ്ട്. ഒരു വേശ്യ, ഇന്നത്തെ സാമൂഹ്യചുറ്റുപാടിൽ ഒരു വിപ്ലവപാർട്ടിയിൽചേരുന്ന പ്രവർത്തനം നടത്തുന്ന കഥ (കപ്പയിൽനിന്നു) അതിനാണ് പത്രാധിപർ സമ്മാനം കൊടുത്തിരിക്കുന്നതും. ഗോർക്കിയുടെ കഥയെ കുറെയനുകരിച്ചു എന്തും പിടിയുമില്ലാത്ത ഏടാകൂടത്തിൽചെന്നു ചാടി പുരാജയപ്പെട്ടതിന്റെ ഒരു പ്രകടനമാണ് തകഴിയുടെ കഥ. സാഹിത്യകാരൻ ഒരു യഥാർത്ഥതൊഴിലാളിപ്പാർട്ടിയിലൊതുങ്ങി ബഹുജനങ്ങളുടെ സമരത്തിൽ നിന്നുകൊണ്ടു വല്ല കോടതിയിലും പീറവക്കീൽപ്പണി നടത്തുമ്പോൾ കാശിനുവേണ്ടി കഥയെഴുതിയാലെങ്ങിനെയിരിക്കുമെന്നു് അതു സൂചിപ്പിക്കുന്നു.

കെ. ചന്ദ്രകേയുടെയും കെ. ബാലകൃഷ്ണന്റെയും, അതുപോലെ മറ്റു ചിലരുടെയും പടങ്ങളും അടിച്ചിട്ടുണ്ട് പുസ്തകത്തിൽ. ബാലകൃഷ്ണന്റെ പടം, താൻ ഭാവനയിൽ കാണുന്ന ഒരു നാടകമോഡൽ വരച്ച പടമെടുത്തതുപോലുണ്ട്. ഇരുന്നും നിന്നും രണ്ടു പടമുണ്ട്. കിടന്നിട്ടുകൂടി ഒന്നെടുത്തു അടിച്ചിടാമായിന്നോ?

പത്രാധിപരെ ഭഗീരഥനേണ പുകഴ്ത്തി കാത്തുകൊട്ടുത്തു പറഞ്ഞെഴുതിച്ചുമട്ടിലൊരു തൂലികാചിത്രവും, പെങ്ങാരപ്പുള്ളി പോറാറിയുടെ ഒരു ഭയങ്കര ബോറടിയും വിശേഷാൽപ്രതിയിലെ വിശേഷതകളാണ്.

കൗമുദി പത്രാധിപർ പണവും പത്രാസും കൊണ്ടു കുറെ കൊച്ചുപിള്ളരായ, കവിതയും കഥയുമെഴുതുന്നവരെയും തകഴിയെപ്പോലുള്ള അവസരവാദികളേയും പിടിച്ചു വളച്ചു തന്റെ ചുറ്റും കൂട്ടി, താനൊരു വലിയവനാവാനുള്ള പ്ലാനാണ് ഈ വിശേഷാൽപ്രതിയുടെ പിന്നിൽ.

"അച്ഛന്മാരും പുത്രന്മാരും"

ശ്രീ. കെ. ഏ. അബ്ബാസിന്റെ "അച്ഛന്മാരും പുത്രന്മാരും" എന്ന കഥ ഞങ്ങൾക്കു താമസിച്ചാണ് കിട്ടിയതു്. സെപ്. 18—നു പ്രസിദ്ധീകരിക്കുന്ന ഈ കഥ മലയാളത്തിൽ പ്രസിദ്ധീകരിക്കുവാനുള്ള അവകാശം മുഴുവൻ കൗമുദിക്കാണ്. മറാറാരും തർജ്ജമ പ്രസിദ്ധീകരിക്കാൻ പാടില്ല. അടുത്തലക്കം കൗമുദിയിൽ കഥ പ്രസിദ്ധീകരിക്കുന്നതാണ്.

പത്രാധിപർ

ചിത്രലേഖ

വി. നാഗയ്യാ ഡയറക്ട്ചെയ്യുന്നു

ശ്രീനീ കഥ എഴുതിയതും ബാലകൃഷ്ണൻ രംഗങ്ങളും സംഭാഷണവുമെഴുതിയതുമായ "ചിത്രലേഖ" എന്ന മലയാളചിത്രം ഡയറക്ട്ചെയ്യുന്നതിനു സുപ്രസിദ്ധ തെലുങ്കുനടനായ ശ്രീ വി. നാഗയ്യായെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ ചിത്രത്തിൽ പുതിയ ഫിന്ദ്ടൈറ്റിൽകളിലും, ഫിന്ദിയും കണ്ണാടകവും ചേർന്ന പുതിയ രീതിയിലുള്ള ടൈറ്റിൽകളിലുമായിരിക്കും ഗാനങ്ങൾ രചിക്കുന്നതു്. സംഗീതത്തിന്റെ ചുമതലയും ശ്രീ. നാഗയ്യായ്ക്കുതന്നെയാണു്. പി. ഭാസ്ക്കരനാണു് ഗാനങ്ങളെഴുതുന്നതു്. നിർമ്മാണം മൈസൂരിൽ ആരംഭിച്ച കഴിഞ്ഞിരിക്കുന്നു.

രണ്ടു സഹോദരന്മാരുടെ കഥയാണു് ചിത്രലേഖയുടെ ഇതിവൃത്തം. ഹൃദ്യാവർജ്ജകമായ ഒരു പ്രേമകഥയും അതോടൊപ്പം വികസിക്കുന്നുണ്ടു്.

ഈ ചിത്രത്തിലെ ചില രംഗങ്ങൾ മലംപ്ര

രണ്ടുവാക്കു്

ശ്രീ. പൂജപ്പുര കൃഷ്ണൻനായർ ഇപ്രകാരമെഴുതുന്നു.

പ്രിയപ്പെട്ട സഖാവേ

നിങ്ങളുടെ കുറുമുദി (ലക്കം:26)യിൽ എന്റെ ലേഖനത്തിന്റെ (സോഷ്യലിസ്റ്റ് റിയലിസം ഒരി

ദേശത്തുവച്ചുതന്നെ ഷൂട്ട ചെയ്യുന്നതാണെന്നറിയുന്നു. കഥ ചിത്രംപുറത്താകുന്നതിനു മുമ്പുതന്നെ പ്രസിദ്ധീകരിക്കുന്നതാണു്. സംഭാഷണം ചിത്രത്തിൽ വളരെക്കുറവാണു്. സുപ്രസിദ്ധ ഭാഷാകവികളുടെ ഗാനങ്ങളിൽ നിന്നുള്ള സുവിദിതങ്ങളായ ചില വരികളും പശ്ചാത്തല ഗാനമായി സന്ദർഭോചിതം ഉപയോഗപ്പെടുത്തുന്നുണ്ടു്.

പുതിയ നടീനടന്മാരാണു് ഈ ചിത്രത്തിൽ പ്രധാനഭാഗങ്ങളഭിനയിക്കുന്നതു്. വിപ്ലവാത്മകമായ സന്ദേശമൊന്നും ഈ കഥയും നൽകാനില്ലെങ്കിലും ക്രിയാത്മകവും വ്യക്തവുമായ ഒരു സന്ദേശം നൽകുന്നുണ്ടു്. നമ്മുടെ പുഞ്ചപ്പാടങ്ങൾക്കും തേനരുവി കൾക്കും മലയിടുക്കുകൾക്കുമിടയിലാണു് കഥയിലെ പ്രധാനഭാഗങ്ങൾ.

പവിത്രങ്ങളായിക്കരുതിവന്ന ജാതിയെയും, മതത്തെയും, ആചാരാനുഷ്ഠാനങ്ങളെയും എതിർത്തുതുടങ്ങിയപ്പോൾ ഇക്കേരളത്തിന്റെ ഹൈന്ദവഹൃദയം സന്തപ്തമായിത്തീരുകയും, ഒരു ശങ്കരന്റെ അവതാരത്തിനായി ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കുകയും ചെയ്തു. അങ്ങിനെയാണു് ധർമ്മം വീണ്ടെടുക്കാനായി ഭഗവാൻ കലിയുഗത്തിൽ തന്നെ ജനിച്ചതുപോലെ, ശ്രീ ശങ്കർ എന്ന അഭിനവശങ്കരാചാര്യർ ഇഴുവകുലത്തിൽതന്നെ വന്നു ജനിയ്ക്കുവാൻ ഇടയായതു്.

ശ്രീശങ്കർ കണ്ടതു്

ശ്രീശങ്കർ ഇക്കേരളത്തിൽ അവതരിച്ചപ്പോൾ ഇവിടെക്കണ്ട കാഴ്ചകൾ അദ്ദേഹത്തെ അത്ഭുതസ്തബ്ധനാക്കിത്തീർത്തു. ഹിന്ദുസമുദായത്തിൽപെട്ട അധഃകൃതവർഗ്ഗക്കാരെല്ലാം നിരീശ്വരന്മാരും നിർമ്മതന്മാരും ആയിത്തീർന്നിരിക്കുന്നു ജാതിമർദ്ദനകൊടുങ്കാറ്റിൽപ്പെട്ടു് അവർ സങ്കരവിവാഹങ്ങളും പന്തിഭേദനങ്ങളും കാടത്തമാണു്. അവരിൽ വളരെപ്പേർ മതപരിവർത്തനംചെയ്ത ക്രിസ്ത്യാനികളും മുഹമ്മദീയരുമായിത്തീർന്നിരിക്കുന്നു. കേരളത്തിലെ ജനങ്ങളിൽ 100 ശതമാനവും ഹിന്ദുക്കളായിരുന്നതു് ഇന്നു് വെറും 65 ശതമാനമായി കുറഞ്ഞിരിക്കുന്നു വ്യവസായവും വ്യാപാരവും ഭൂമിയും വിദ്യാഭ്യാസവും അഹിന്ദുക്കൾ കയ്യടക്കിയിരിക്കുന്നു. രാഷ്ട്രീയത്തിൽപോലും അവർ അധികാരശക്തിപെരുത്തുന്നു.

പ്രതിവിധി കണ്ടുപിടിച്ചു

ഇങ്ങിനെ ഹൈന്ദവക്കു വന്നിരിക്കുന്ന സകലവിപത്തിനും ആദികാരണമായിരിക്കുന്നതു് എസ്സ്. എൻ. ഡി. പി. യോഗമാണെന്നുള്ള രഹസ്യം ശ്രീ. ശങ്കർക്കു മനസ്സിലായി. ശിവജിമഹാരാജാവിനെ വിഷ്ണുജിമഹാരാജനെന്നു പ്രതിവിധി എന്നറിയാമായിരുന്ന ശ്രീ ശങ്കർ എസ്സ്. എൻ. ഡി. പി. യോഗത്തെത്തന്നെ അതിനെ നശിപ്പിക്കാനുള്ള ആയുധമാക്കാനും, അങ്ങിനെ ഹൈന്ദവസമുദ്ധാരണമെന്ന അവതാരകൃത്യം നിർവഹിപ്പാനും തീരുമാനിച്ചു.

ജനറൽ സിക്രട്ടറിയായി

പിന്തിരിപ്പൻ സംഘടനയായ എസ്സ്. എൻ. ഡി പി.യെ തനിദേശീയമാക്കിഉദ്ധരിക്കുവാനെന്നുള്ള വ്യാജേന ശ്രീ ശങ്കർ അതിൽ കടന്നുകൂടി. പല ദീർഘകാല പദ്ധതികളും ആസൂത്രണം ചെയ്യുകയും, ഒടുവിൽ യോഗത്തിനെ തനിയേ താങ്ങാനാവാത്ത പദ്ധതികൾകൊണ്ടു് ആ സംഘടന ശ്വാസം മുട്ടിപ്പിടയുകയും ചെയ്തു, അങ്ങിനെ കഥവികാരം മുറുകിയ യോഗത്തിനു് ഹിന്ദുമണ്ഡലം എന്ന കസ്തൂരിയുടെ പ്രയോഗവും നടത്തി.

എസ്സ്. എൻ. ഡി. പി. നശിക്കണം

1126 ചിങ്ങം 12നു-യായപ്പോഴേയ്ക്കും സകലസന്നാഹങ്ങളും സമ്പൂർണ്ണമായിക്കഴിഞ്ഞിരുന്നതിനാൽ ആലപ്പുഴ കിടങ്ങാമ്പറമ്പു ക്ഷേത്രമൈതാനത്തുകൂടിയ പതയംഘോഷയോഗത്തിൽ വച്ചു ശ്രീ ശങ്കർ സാക്ഷാൽ ചക്രായുധം തന്നെ എടുത്തു പ്രയോഗിച്ചു് എസ്സ്. എൻ. ഡി. പി. യെ നിഗ്രഹിക്കുകയും ചെയ്തു. ജാതിമത നിലനിർത്താൻ വേണ്ടി നിലകൊള്ളുന്ന ശ്രീനാരായണധർമ്മപരിപാലനയോഗം മരിച്ചു വീണതുകണ്ടു് രാക്ഷസസംഹാരം കോപിച്ചെങ്കിലും, രാജ്യത്തെ ഹിന്ദുക്കൾക്കെല്ലാം അതൊരു പുണ്യദിനമായിത്തന്നെ അനുഭവപ്പെട്ടു. കംസനിഗ്രഹം നടത്തിയ ശ്രീകൃഷ്ണനെപ്പോലെ ശ്രീ. ശങ്കരെ ഹിന്ദുക്കൾ പാടിപ്പുകഴ്ത്തി പതിനൊന്നാമത്തെ അവതാരമായി സ്വീകരിച്ചു.

മക്കൾ അഭിമാനിച്ചു

ജാതിയെ നിലനിർത്താനും, ജനങ്ങളുടെയിടയിൽ ബ്രഹ്മോപദേശം പ്രചരിപ്പിക്കുവാനും സർവ്വോപരി ഹിന്ദുധർമ്മത്തെ രക്ഷിച്ചുനിർത്താനും നിലനിന്നിരുന്ന ശ്രീനാരായണധർമ്മപരിപാലനയോഗം നശിപ്പിച്ചതിൽ ശ്രീ. ശങ്കരിന്റെ സന്താനങ്ങൾ അഭിമാനപുളകിതരായി എസ്സ്. എൻ. ഡി. പി. യെ നശിപ്പിച്ച ധീരപരാക്രമി ആർ. ശങ്കറിന്റെ മക്കളാണു് തങ്ങൾ എന്നു അവർ ആത്മവിളിച്ചു പറഞ്ഞു.

— തുടർന്നു വായിക്കുക —

ക്കത്തെ അവസാനഭാഗത്തായി താങ്കളുടെ ഒരു കുറിപ്പു് നടക്കണം ചേത്തിരിക്കുന്നതായി ഞാൻ കണ്ടു. അതിനു് ഒരു മറുപടി എഴുതുവാൻ ഞാൻ പോകുന്നില്ല; കാരണം അതിൽ ലേഖനത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായമല്ലാതെ അതിനെ എതിർത്തുകൊണ്ടു് ഒന്നും കായ്മുമായി പറഞ്ഞിരിക്കുന്നതായി കാണാൻ കഴിയാത്തതുകൊണ്ടു തന്നെ. ആ സ്ഥിതിയ്ക്കു് ഞാനെന്തിനു് മറുപടി പറയണം?

എന്നാൽ നിങ്ങളുടെ വാസനയ്ക്കു് ഒരു ഉദാഹരണംക്രുടെ ക്രുട്ടിചേർക്കുന്ന രണ്ടു് ഖണ്ഡികകളും അതിൽ കണ്ടതിനു് ഞാൻ മറുപടി പറഞ്ഞുകൊള്ളട്ടെ! അതു് കൗമുദിയുടെ പംക്തിയിൽ തന്നെ വേണമെന്നും, നിങ്ങളും അതു് പരസ്യം ചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു.

"അദ്ദേഹം മട്ടുമടിക്കുന്ന തകരത്തിനകത്തു് ചിന്തിക്കാൻ എന്തെങ്കിലും ഉണ്ടായിട്ടുവേണ്ടേ ചിന്താക്കുഴപ്പം ഉണ്ടാക്കാൻ. ഈ പൊള്ളത്തരം വിജ്ഞാനമായി നിരത്തിവച്ച ധീരതയ്ക്കു് :പൂജപ്പുരയുടെ മുമ്പിൽ കൈക്രുപ്പുകതന്നെവേണം.

"പൂജപ്പുര "പാർട്ടിസ്പിരിറ്റ്" എന്നു പറയുന്നതും അവ്യക്തതയുണ്ടാക്കുന്നുണ്ടു്. ഏതു് പാർട്ടി? ഏതെങ്കിലും പാർട്ടി മതിയോ? അതോ കമ്മ്യൂണിസ്റ്റ് പാർട്ടിതന്നെ വേണോ? ഏതു് മാർക്സിസമാണു് പറയുന്നതു് കമ്മ്യൂണിസ്റ്റു് പാർട്ടിക്കേ ചരക്കിറക്കാൻ കഴിയൂ എന്നു്?"

ഇതാണു് ആ കുറിപ്പിൽ അന്തസ്സാരവിഹീനമായി ഞാൻ കാണുന്ന രണ്ടു് ഖണ്ഡികകളും. അതിൽ ആദ്യത്തെ ഖണ്ഡികയ്ക്കു് അതേ തരത്തിലും മറേതിനു് അതിനു് ഇണങ്ങിയ ഒരു മറുപടിയും ഞാൻ ഇതാ വച്ചുകൊള്ളുന്നു.

ഞാൻ മട്ടുമടിയ്ക്കുന്ന തകരത്തിനകത്തു് ഒന്നുമില്ല; അല്ലേ? ശരി; സമ്മതിച്ചു. എന്നാൽ നിങ്ങൾ അവിടെ ഇരുന്നുകൊണ്ടു് കൊട്ടുന്ന ആ മട്ടുള്ളത്തിരകത്തു്--26, കൗമുദിയുടെ ലക്കങ്ങളും, വിശേഷാൽപ്രതിയുംക്രുടെ ആയാലും -- നിന്നു് നിങ്ങളുടേതായിചിന്തയ്ക്കു് വകനൽകുന്ന ഒരു വാചകമെങ്കിലും പുറത്തുവിട്ടിട്ടുണ്ടോ? കളിയാക്കാനല്ല കേട്ടോ ചോദിക്കുന്നതു്; ഒന്നുമായി എണ്ണുവാൻ തന്നെ; ഒന്നു പറയൂ. ഇല്ല ഖാവെ ഒരു ചുക്കുമില്ലായിരുന്നു. ഒരു പക്ഷെ നിങ്ങടെ ചിന്താമണ്ഡലത്തെ ജനങ്ങൾക്കുള്ള മതിപ്പു് ഹകായ്വ്യാപ്തനായ നിങ്ങൾ അറിയുന്നില്ലായിക്കാം. അതു് അറിയുമ്പോൾ നിങ്ങളായിരിക്കും നിങ്ങളുടെ 'ചിന്ത'യെപ്പറ്റി ഏറ്റവും പുച്ഛിക്കുന്നവൻ.

ഇനി പാർട്ടി സ്പിരിറ്റിനെപ്പറ്റി--ഏതിനു് ആ വാക്കിന്റെ അർത്ഥം എന്റെ അല്പകാലത്തിനു നിങ്ങൾക്കു് വ്യക്തമായതുകൊണ്ടു് എനിക്കിനി ഏതു പാർട്ടിയെന്നുള്ള നിങ്ങളുടെ ഗഹനമായ സംശയത്തെ ദൂരീകരിച്ചാൽ മതിയല്ലോ? കമ്മ്യൂണിസ്റ്റ് പാർട്ടി. (ഒരു അഗാധ ചിന്തകന്റെ സംശയമാണു് എന്റെ ചിന്തകാ! കത്തോലിക്കാകോൺഗ്രസ്സു് പാർട്ടി എന്നു് നിങ്ങൾ ചോദിച്ചില്ലല്ലോ? നിങ്ങൾക്കു ക്രുപ്പ്കൈ പോരാ---സാഷ്ടാംഗപ്രണാമം തന്നെ വേണം.) അടുത്ത ചോദ്യത്തിനു്

ഞാൻ പഠിച്ച മാർക്സിസം; കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നു്. ഇതിന്റെ സാരം, നിങ്ങളും ഞാനും പാർട്ടിയിൽ നിന്നു് മാറിയാൽ ആരും, പിന്നെ പറയുന്നതു് മാർക്സിസം ആയിരിക്കയില്ല ഒരു പക്ഷെ അങ്ങിനെ അവകാശപ്പെടും--വേറെ വല്ലതുമായിരിക്കും. പാർട്ടിവിട്ട ആരാണു് സഖാവേ-സാർവ്വലൗകികാടിസ്ഥാനത്തിൽതന്നെ നോക്രു-കറയറ മാർക്സിസം പറഞ്ഞിട്ടുള്ളതു്?

"[അന്തഃസാര ബഹുലവും" "ചിന്താദ്യോതകവു"മായ ഈ കുത്തു എങ്ങനെ പ്രസിദ്ധീകരിക്കാതിരിക്കും? ഡയലറിക്സിനെപ്പറ്റി ഞാൻ പറഞ്ഞതു ലേഖനത്തിലെ ഉള്ളടക്കത്തെപ്പറ്റിയാണു് അതു മനസ്സിലാക്കാൻ കെല്പില്ലാത്തവരോടു തർക്കിക്കാൻ വിഷമമാണു്. കുളത്തിന്റെ വക്കുവരെ ബലാൽക്കാരേണ പിടിച്ചുകൊണ്ടു പോകാമെന്നല്ലാതെ എങ്ങനെയാണു് വെള്ളം കുടിപ്പിക്കുക! ഈ തർക്കം ഇനി തുടരുന്നതല്ല.

കെ. ബാലകൃഷ്ണൻ]

—

കഴിഞ്ഞയാഴ്ച

[ശ്രീനി]

ഒരു മൂന്നാം മഹായുദ്ധമുണ്ടാവുകയാണെങ്കിൽ അതിനു കാരണക്കാരൻ ജനറൽ മക്കാർത്തറും, അദ്ദേഹത്തിന്റെ അനുയായികളുമായിരിക്കുമെന്നു പറയുന്നതു് അമേരിക്കൻ ഗവൺമെന്റും ജനതയും ആയിരിക്കുമെന്നാണു് "ന്യൂ സ്റ്റേറ്റ്സ്മാൻ ആൻഡ് നേഷൻ" എന്ന ആംഗ്ലേയ പത്രം അസന്ദിഗ്ദ്ധമായ ഭാഷയിൽ ഒരു മുഖപ്രസംഗമദ്ധ്യേ പ്രസ്താവിച്ചിരിക്കുന്നതു്. ആ പത്രം റഷ്യയുടെ ഏജന്റോ കമ്മ്യൂണിസ്റ്റുപക്ഷപാതമുള്ളതോ അല്ല. കിങ്സ്ലി മാർട്ടിന്റെ പത്രാധിപത്യത്തിലുള്ള ആ വാരിക നിഷ്പക്ഷമായ അഭിപ്രായ പ്രകടനത്തിൽ അനുയായിവഹമായ പ്രശസ്തി സമാർജ്ജിച്ചിട്ടുള്ളതാണു്.

കൈഷക്കുമായുള്ള കൂടിയാലോചന.

ഫോർമോസാ പ്രശ്നത്തെപ്പറ്റി പ്രതിപാദിച്ചുകൊണ്ടാണു് പത്രം ഈ അഭിപ്രായം പുറപ്പെടുവിക്കുന്നതു്. കൊറിയൻ യുദ്ധാരംഭത്തിനു ശേഷം ഫോർമോസായിലേക്കു് അമേരിക്കയുടെ നാവികസേനയെ നിയോഗിക്കുകയുണ്ടായല്ലോ. അതിനുശേഷം ജനറൽ മക്കാർത്തർ ഫോർമോസാ സന്ദർശിച്ചു് ചീന നാഷണലിസ്റ്റു് ഗവൺമെന്റിന്റെ തലവനായ ജനറൽ ചിയാങ്ങ് കൈഷക്കുമായി സൈനികമായ ചർച്ചകൾ നടത്തുകയും ചെയ്തുകയുണ്ടായി. ആ ചർച്ചകൾക്കു ശേഷം, ചൈനയെ ബാംബെറിയുവാൻ കൈഷക്കിനു് പരോക്ഷമായ പ്രേരണ നൽകുകയും ചെയ്തു.

മാവോ നിരീകരിക്കപ്പെടും

ഈ പരിതഃസ്ഥിതിയിൽഫോർമോസാ ആക്രമിക്കുവാൻ മാവോയുടെ കമ്മ്യൂണിസ്റ്റു് ഗവൺമെന്റിനു് സന്നദ്ധമാകാതെ ഗത്യന്തരമില്ല. അങ്ങനെ സന്നദ്ധമാകുന്നതിൽ ആദ്യം മാവോയെ കുറച്ചെടുത്തേണ്ട കായ്വുമില്ല എന്നാണു് പത്രത്തിന്റെ അഭിപ്രായം. കുമിന്താങ്ങ് കുറ്റവാളികളെ അവരുടെ മാളത്തിൽ നിന്നും പുകച്ചുപുറത്തുചാടിക്കുവാൻ മാവോയ്ക്കു് അവകാശമുണ്ടു്; വിവേകമുള്ള ലോകം അതു പ്രതീക്ഷിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ മാവോ ചെയ്യേണ്ടതു ചെയ്താൽ, അമേരിക്കയുടെ നാവികസൈന്യങ്ങൾ ഇടപെടും, മഹായുദ്ധം പൊട്ടിപ്പുറപ്പെടും. മഹായുദ്ധമുണ്ടായാൽ അതിനു ഉത്തരവാദി മക്കാർത്തറും അമേരിക്കൻ ഗവൺമെന്റുമാണെന്നു പത്രം ചൂണ്ടിക്കാണിക്കുന്നു. മാവോയുടെ മേൽ അതിനുള്ള ഉത്തരവാദിത്വം കെട്ടിയേല്പിക്കുക സാദ്ധ്യമല്ല.

വൈദ്യൻ വിധിച്ചതും രോഗി കൊതിച്ചതും

മൂന്നാംമഹായുദ്ധം ഫോർമോസായിലാണു് പൊട്ടിപ്പുറപ്പെടുന്നതെങ്കിൽ അതു സോവിയറ്റു യൂണിയനു് ഒരു അനുഗ്രഹമായിരിക്കുമെന്നു പത്രം പറയുന്നു. ചൈനയെ പരാജയപ്പെടുത്തുവാൻ അമേരിക്കയ്ക്കു സാദ്ധ്യമല്ല. അമേരിക്കയുടെ സൈനികശക്തി കുമിന്താങ്ങ്—കമ്മ്യൂണിസ്റ്റു്, സമരത്തിനിടയ്ക്കു തന്നെ പരോക്ഷമായി പരാജയമടഞ്ഞുവെന്നുള്ളതു ഒരു പരമാർത്ഥമാണല്ലോ. കൊച്ചുകൊറിയായിലെ അനുഭവത്തിനുശേഷം ചൈനയിൽ അമേരിക്കൻ സേനയ്ക്കു കാര്യമായ വിജയം കരസ്ഥമാക്കുക അത്ര എളുപ്പമല്ല. അമേരിക്കയുടെ സൈനികശക്തി മുഴുവൻ വിദേശപൂർവ്വദേശത്തു കേന്ദ്രീകരിക്കേണ്ടിവരും. റഷ്യയുടെ അവസരം അതാണു്. യൂറോപ്പു മുഴുവൻ ഞൊടിയിടയ്ക്കുള്ളിൽ റഷ്യ കീഴടക്കിക്കഴിയുമെന്നാണു് സ്റ്റേറ്റ്സ്മാൻ ആൻഡു നേഷൻ ചൂണ്ടിക്കാണിക്കുന്നതു്.

കൊടിപിടിച്ചവർക്കു വെടി

ദീർഘകാലം ഫോർമോസാ ജപ്പാന്റെ ഭരണത്തിൻകീഴിലായിരുന്നു. പ്രകൃത്യാ വിവേസമുദ്ധമായ ആ ദ്വീപിൽ ജപ്പാൻകാർ ഉത്തമമായ ഒരു ഭരണരീതിയാണു് നടപ്പിലാക്കിയതു്. പക്ഷേ സ്വാതന്ത്ര്യബോധം ഫോർമോസാക്കാരെ മുഴുവൻ പ്രബുദ്ധരാക്കിയിരുന്നു. ജപ്പാന്റെ പരാജയത്തിനുശേഷം ദ്വീപിലിറങ്ങിയ ചീനവിമോചനസേനയെ തോരണങ്ങളും വെടിക്കെട്ടുകളും ഉൽസാഹപ്രകടനങ്ങളും കൊണ്ടാണു് ജനങ്ങൾ സ്വാഗതം ചെയ്തതു്. പക്ഷേ കുമിന്താങ്ങ് പട്ടാളക്കാരുടെ ആദ്യത്തെ പ്രവൃത്തി നാട്ടുകാരെ കൊള്ളയടിക്കുകയായിരുന്നു. പട്ടാളത്തിന്റെ പിറകെ ചിയാങ്ങിന്റെ പ

ങ്ങാതിമാരായ മുഷ്കുകുളന്മാരും വന്നുചേർന്നു. കൊള്ളലാഭക്കാരും കള്ളക്കച്ചവടക്കാരും ഈച്ചകളെപ്പോലെ പെറുപെരുകി. അവിടത്തെ സാമ്പത്തികഘടന തകർന്നു. ഫോർമോസായെ ചിയാങ്ങ് കൈഷക്കിന്റെ പാവഗവൺമെന്റു് അവസാനസങ്കേതമായി രൂപാന്തരപ്പെടുത്തിയിരിക്കുന്ന ചുരുക്കത്തിൽ പാവപ്പെട്ട ഫോർമോസാക്കാരെ ചിയാങ്ങിന്റെ മുഷ്കരേണത്തിൻ കീഴിൽ ഒതുക്കി നിറുത്തുകയെന്ന ഹീനമായ വഞ്ചനയിലാണു് മക്കാർത്തറും അമേരിക്കൻ ഗവൺമെന്റും ഏർപ്പെട്ടിരിക്കുന്നതു്.

ട്രൂമാന്റെ പ്രഖ്യാപനം

കൊറിയൻയുദ്ധം പടർന്നു പിടിക്കാതിരിക്കുന്നതിനു വേണ്ടിയാണു് ഫോർമോസായിൽ അമേരിക്ക മുൻകരുതൽ നടപടികൾ കൈക്കൊള്ളുന്നതെന്നും, ആ ദ്വീപിന്റെ ഭാവിജീവിതം സമാധാനസന്ധിയോടെപ്പം മാത്രമേ അവസാനമായി തീരുമാനിക്കപ്പെടുകയുള്ളുവെന്നും പ്രസിഡൻറു ട്രൂമാൻ വളരെ മഹാമനസ്കതയോടുകൂടി പ്രസ്താവിച്ചിരിക്കുന്നു. പക്ഷേ ചിയാങ്ങ് കൈഷക്കാണു് ചൈന ഭരിച്ചിരുന്നതെങ്കിൽ ഈ പ്രശ്നം ഉദിക്കുമായിരുന്നില്ല. ഇതിൽ നിന്നും ട്രൂമാന്റെ പ്രസ്താവനയിലെ ആത്മാർത്ഥത എത്രയുണ്ടെന്നു മനസ്സിലാക്കാവുന്നതാണല്ലോ. ഫോർമോസാദ്വീപു് അമേരിക്ക ആക്രമിച്ചു കീഴടക്കിയെന്ന പരമാർത്ഥം പൊതിഞ്ഞുവയ്ക്കുന്നതിനുവേണ്ടി ന്യായങ്ങളും യുക്തികളും പറയുന്നുവെന്നു മാത്രമേ ഇതിനു് അർത്ഥതലത്തിൽ കേൾക്കേണ്ടതുള്ളു. ഫോർമോസായെപ്പറ്റി ജനറൽ മക്കാർത്തർ പുറപ്പെടുവിച്ച ഒരു പ്രസ്താവന പിൻവലിക്കുവാൻ പ്രസിഡൻറു അദ്ദേഹത്തോടു് ആജ്ഞാപിക്കുകയുണ്ടായി എന്ന വസ്തുത സ്മരിക്കുമല്ലോ. ആ പ്രസ്താവനയിൽ വിദൂരപൂർവ്വദേശത്തെ അമേരിക്കൻ സൈനികതാവളമായി ഫോർമോസായെ രൂപാന്തരപ്പെടുത്തണമെന്നു പറഞ്ഞിരുന്നു. മക്കാർത്തർ സംസാരിക്കാൻ പോകുന്നതു് ഇന്നതു പറഞ്ഞു എന്ന അപരാധം മാത്രമെ ചെയ്തുള്ളു. പ്രസിഡൻറു ട്രൂമാനാകട്ടെ കുറച്ചുകൂടം പഞ്ചസാരയിൽ പൊതിഞ്ഞുവച്ചുവെന്നു മാത്രം അതല്ലേ ഡെമോക്രസിയുടെ മാർഗ്ഗം—ആത്മാർത്ഥതയോടു് സലാം പറയുക

ആരാണു് മക്കാർത്തർ?

മക്കാർത്തർ ജപ്പാനിലെ അമേരിക്കൻ അധിനിവേശസേനാനായകനാണെന്നു് എല്ലാവർക്കും അറിയാം. പക്ഷേ അതിലും കൂടുതലായ പ്രാധാന്യം അദ്ദേഹത്തിനുണ്ടു്. ഇന്നു അമേരിക്കയിലെ—സാർവ്വലൌകിക മുതലാളിത്തത്തിന്റെയും—മൂർദ്ധന്യമായ യുദ്ധപ്രേമത്തിന്റെ ഏറ്റവും പ്രഗത്ഭനായ വക്താവും പ്രതിനിധിയുമാണു് മക്കാർത്തർ. ആറ്റംബോംബും, ഹൈഡ്രജൻ ബോംബും, വിവിധങ്ങളായ നശീകരണോപകരണങ്ങളും നിർമ്മിച്ചു കോടിക്കണക്കിനു് പണം ഉണ്ടാക്കുന്ന അമേരിക്കൻ മുതലാളിമാർ—അവരുടെ

തുടരി ആഷ്ടപ്പെടുക—

വ്യവസായം നടക്കണമെങ്കിൽ യുദ്ധത്തിനുള്ള തയ്യാറെടുപ്പുണ്ടായിരിക്കണം. അവരുടെ പ്രതിനിധിയാണ് മക്കാർത്തർ. റിപ്പബ്ലിക്കൻ പാർട്ടിയിലും, ഡെമോക്രാറ്റിക് പാർട്ടിയിലും ഈ യുദ്ധക്കൊതിയന്മാരുണ്ട്. സൈനിക മേധാവികളെല്ലാം ഈ അഭിപ്രായക്കാരാണ്. ചൂടുകത്തിൽ പാവപ്പെട്ടവനെ പീഢിഞ്ഞു കൊല്ലുന്ന മുതലാളിയും, നിരാധാരന്മാരെ വെടിവെച്ചു കൊല്ലിപ്പിക്കുന്ന പട്ടാളമേലധികാരിയും—എന്തിനും അമേരിക്കയിലെ ഭരണാധികാരികളിൽ സുശക്തമായ ഒരു വിഭാഗം—കൂടിച്ചേർന്നുള്ള യുദ്ധക്കൊതിയന്മാരുടെ മുഖ്യതയുടെ ചിഹ്നവും, മുദ്രയുമാണ് മക്കാർത്തർ.

ലൂയി ജാൺസന്റെ രാജി

ഏതായാലും മക്കാർത്തറുടെ കുഞ്ചിയ്ക്ക് ട്രൂമാൻ പിടികൊടുത്തും പ്രതിരോധസിക്രട്ടറിയായ ലൂയി ജാൺസന്റെ രാജിയും വളരെ അത്ഭുതത്തായ ഒന്നാണെന്നു കരുതാം. കൊറിയായിൽ അമേരിക്കയുടെ ദയനീയമായ പരാജയം ഭരണാധികാരികളെ അമ്പരപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ ഫൊർമോസാ, ചൈനയുടെ ഐക്യരാഷ്ട്രപ്രാതിനിദ്ധ്യം എന്നിവയിൽ കുറച്ചുകൂടി രഞ്ജകമായ ഒരു നയം കൈക്കൊള്ളുവാൻ ട്രൂമനും, സ്റ്റേറ്റ് സെക്രട്ടറി അച്ചിസനും അഭിലഷിക്കുന്നുണ്ടെന്നതു. മുമ്പു സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ജാർജ് മാർഷൽ ഡിഫൻസ് സിക്രട്ടറിയായി ഉദ്യോഗം ഏറ്റെടുക്കുന്നതിൽ വളരെ അത്ഭുതമുണ്ട്. അമേരിക്കയുടെ ഏഷ്യൻനയത്തിൽ ഒരു പക്ഷേ മൌലികങ്ങളായ വ്യതിയാനങ്ങളും പ്രതീക്ഷിക്കാം

ചുവപ്പു ചൈനയുടെ പ്രാതിനിദ്ധ്യം

പക്ഷേ ഐക്യരാഷ്ട്ര അസംബ്ലിസമ്മേളനത്തിൽ കോമിന്താങ്ങിന്റെ പ്രാതിനിദ്ധ്യം അമേരിക്ക പിന്താങ്ങുന്നതാണെന്ന ഉറച്ചനില തന്നെയാണ് അച്ചിസന്റെ ഏറ്റവും ഒടുവിലത്തെ പ്രസ്താവനപോലും കൈക്കൊണ്ടിട്ടുള്ളതു. അതുപോലെ ചൈനയെ അമേരിക്കൻ വിമാനങ്ങളും ബോംബുചെയ്തതിനെപ്പറ്റിയുള്ള സെക്യൂരിറ്റി കൌൺസിലിന്റെ ചർച്ചകളിലും പൊതുവെ കൌൺസിലിന്റെ നടപടികളിലും നിന്നും അമേരിക്കയുടെ നയത്തിൽ മാറ്റമില്ലെന്നുവേണം കരുതുവാൻ.

നെഹ്രുവിന്റെ ധീരമായനില

45 കോടി ജനങ്ങളെ പ്രതിനിധീകരിക്കുന്ന ചുവപ്പു ചൈനയ്ക്കു സ്ഥാനമില്ലാത്ത ഐക്യരാഷ്ട്രസഭ ആ പേരിനുതന്നെ അർഹതയുള്ളതല്ലെന്നും ഏതെങ്കിലും ഒരു അഭിപ്രായഗതിയുടെ തേർവാഴ്ചയല്ല ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യമെന്നും ഏഷ്യയുടെ പ്രശ്നങ്ങൾ പഠിക്കാതെ വെറും സാമ്പത്തികവും [illegible] വുമായി ആ പ്രശ്നങ്ങൾ [illegible] ർണ്ണപരിഹാരമാവുകയില്ലെന്നും മറ്റും അസന്ദിഗ്ദ്ധമായ ഭാഷയിൽ പണ്ഡിറ്റ് നെഹ്രു പ്രസ്താവിച്ചിരിക്കുന്നു. ഈ പ്രസ്താവന നിഷ്പക്ഷനായ ഒരു രാജ്യതന്ത്രജ്ഞന്റെ വീക്ഷണകോണത്തിലാണ് പ്രതിനിധീകരിക്കുന്നതു. പൊതുവെ ഏഷ്യയിലെങ്ങും കണ്ടുവരുന്ന വിപ്ലവപ്രസ്ഥാനങ്ങളുടെ ദേശീയ വിമോചന സ്വഭാവം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. പണ്ഡിറ്റ് നെഹ്രുവിന്റെ വാക്കുകൾ പാശ്ചാത്യശക്തികൾക്കുള്ള ഒരു മുന്നറിയിപ്പാണ്. മലയായിൽനിന്നും കെട്ടുകെട്ടുവാൻ ബ്രിട്ടനോടും ഇൻഡോചൈനയിൽനിന്ന് ബാവോദായിയുമൊത്തു ഭാണ്ഡംമുറുക്കുവാൻ ഫ്രാൻസിനോടും, ഫൊർമോസായിൽനിന്നും കൊറിയായിൽനിന്നും പിൻവാങ്ങുവാൻ അമേരിക്കയോടും അവരുടെ ഭാവിയെ ഉദ്ദേശിച്ചുള്ള ഒരു ആഹ്വാനമാണ് പണ്ഡിറ്റ് നെഹ്രു യഥാർത്ഥത്തിൽ പുറപ്പെടുവിച്ചിരിക്കുന്നു. കൊറിയായിലെ യുദ്ധത്തിനുശേഷം ഏഷ്യയിലെങ്ങും വെള്ളക്കാരനോടുള്ള വിദ്വേഷവും വെറുപ്പും അമർഷവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അഥവാ പരോക്ഷമായി കമ്യൂണിസം കാട്ടുതീപോലെ പടർന്നു പിടിച്ചുകൊണ്ടിരിക്കുകയാണ്.

താണ്ഡനും നെഹ്രുവും

സാർവലൌകിക പിന്തിരിപ്പൻമാർക്കു നല്കിയ ഈ മുന്നറിയിപ്പിനോടൊപ്പം തന്നെ, ഇൻഡ്യയിലെയും ഫാസ്ഥിതികന്മാർക്കും പിന്തിരിപ്പന്മാർക്കും ഇടിവാളേല്പിക്കുന്ന ഒരു പ്രസ്താവന നെഹ്രു പുറപ്പെടുവിച്ചിരിക്കുന്നു. നെഹ്രുവിനു് ഇന്നും സമരഭീതിയില്ലാത്ത ധീരമായ ഒരു യുവഹൃദയമുണ്ട്. പല കാൺഗ്രസ്സുകാരെയുംപോലെ കാൺഗ്രസ്സിനെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന സവർണ്ണഹിന്ദു മനോഭാവം കണ്ടു് അദ്ദേഹത്തിനു് ഹൃദയസ്തംഭനമുണ്ടാകുന്നില്ല. നിരാശനായി രഷ്ട്രീയരംഗംതന്നെ ഉപേക്ഷിച്ചു് കൈലാസത്തിൽ തപസ്സിനുപോകുവാൻ അദ്ദേഹം സന്നദ്ധനാകുന്നുമില്ല. "രാജർഷി" താണ്ഡന്റെ തെരഞ്ഞെടുപ്പു തന്റെ പരാജയമായി കരുതുന്നതിനും, തനിക്കെതിരായി അണിനിരന്നിരിക്കുന്നപിന്തിരിപ്പൻ ശക്തികളെ ധീരമായിനേരിട്ടു അവയോടുപടപൊരുതുവാനും നെഹ്രു തീരുമാനിച്ചിരിക്കുന്നുവെന്നു വേണം കരുതുവാൻ. കാൺഗ്രസ്സ് പ്രസിഡന്റു തിരഞ്ഞെടുപ്പിന്റെ ഫലം വർഗ്ഗീയവാദികളെയും പിന്തിരിപ്പന്മാരെയും ആഹ്ലാദിപ്പിച്ചിട്ടുണ്ടെന്നും, കാൺഗ്രസ്സിനെയും രാജ്യത്തേയും ബാധിക്കുന്ന വലിയ പ്രത്യാഘാതങ്ങൾ ഇതു് ഉളവാക്കുമെന്നും, അതിനാൽ നാം എവിടെയാണു് നിൽക്കുന്നതെന്നും, നമ്മുടെ നയപരിപാടി എന്താണെന്നും് വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നുവെന്നും, മറ്റും കണിച്ചു് നാസിക്കിൽ സമ്മേളിക്കുവാൻ പോകുന്ന കാൺഗ്രസ്സ് പ്രതിനിധികളുടെ പരിചിന്തനത്തിനായി പണ്ഡിറ്റ്ജി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. ഇൻഡോ—പാക്കിസ്ഥാൻ രഞ്ജിപ്പു്, മതേതരരാഷ്ട്രം, വെൽഫയർ സ്റ്റേറ്റ്, ഭൂവുടമാവ്യതിയാനം, ക്രമാനുഗതമായ ദേശീയൽക്കരണം മുതലായ പല അടിസ്ഥാനതത്വങ്ങളിൽ പണ്ഡിറ്റ്ജി വിശ്വസിക്കുന്നു.

നാം ആരുടെകൂടെ?

ചിന്തിക്കുന്ന നാട്ടുകാരെല്ലാം ഒരു കാര്യം വളരെ ഗഹനമായി ആലോചിക്കേണ്ടതുണ്ട്. എന്തെന്നാൽ ഭാവിതലമുറയെ മാത്രമല്ല നമ്മെത്തന്നെ ബാധിക്കുന്ന ഒരു സജീവപ്രശ്നത്തിലേക്കാണ് പണ്ഡിറ്റ്നെഹ്രു കൈചൂണ്ടിക്കാണിക്കുന്നതു്. പാക്കിസ്ഥാനും ഇൻഡ്യയുമായി നാം യുദ്ധം അഭിലഷിക്കുന്നുണ്ടോ? വർഗ്ഗീയലഹളകൾ നാം സ്വാഗതം ചെയ്യുന്നുണ്ടോ? മുടിച്ച ഹിന്ദുയാഥാസ്ഥിതികത്വത്തിന്റെ മുക്കുറയിടീൽ കേൾക്കുവാൻ നാം കൊതിക്കുന്നുണ്ടോ? ഗോൾവൽക്കറുടേയും രാംസന്റേയും ആർ.എസ്സ്.എസ്സ് ഭരണം നമുക്കു വേണമോ? അധ്വാനിക്കുന്ന വർഗ്ഗങ്ങളുടെ രക്തം വാറ്റി വാറ്റിയെടുക്കുന്ന ഒരു ജന്മിത—മുതലാളിത്ത സോഷ്യൽ ഡിപത്യമാണോ നമുക്കു സ്വാഗതാർഹം? ഹിന്ദുമഹാമണ്ഡലത്തിലും കത്തോലിക്കന്റെ ബീഭത്സമായ വർഗ്ഗീയവിഷത്തിലും മോക്ഷം കാണുന്ന സാധാരണക്കാരൻ ഈ ചോദ്യങ്ങൾക്കു ഉത്തരം പറയുകതന്നെ വേണം. അവനോടുമാത്രമല്ല അവന്റെ രക്തത്തോടും മർദ്ദിതലക്ഷങ്ങളുടെ രക്തത്തോടും ഉത്തരം പറയേണ്ടിവരുന്ന ജീവൽപ്രധാനങ്ങളായ പ്രശ്നങ്ങളാണ് ഇവ.

താണ്ഡൻ ആരെ പ്രതിനിധീകരിക്കുന്നു?

കാഷ്മീർ പ്രശ്നത്തിനുള്ള പരിഹാരം പാക്കിസ്ഥാനുമായി യുദ്ധം ചെയ്യുകയാണ്. ആ യുദ്ധം കൊണ്ടു പാക്കിസ്ഥാനെപ്പോലും പിടിച്ചടക്കി വിഭജനത്തിൽ കണ്ണീർവാർക്കുന്ന ഭാരതമാതാവിനെ ആശ്വസിപ്പിക്കണം. ഭക്ഷണപ്രശ്നത്തിനു പരിഹാരം നിയന്ത്രണങ്ങളും റേഷനിംഗും നിറുത്തലാക്കുകയാണ്. സാമ്പത്തികക്കുഴപ്പത്തിനു പരിഹാരം അമേരിക്കൻ ഡാളർ യാചിക്കുകയാണ്. തൊഴിലാളി—കർഷകപ്രശ്നങ്ങൾക്കു പരിഹാരം ടെയിഡ്യൂണിയൻ പ്രവർത്തനത്തെയും പ്രസ്ഥാനസംഘടനാ സ്വാ

തിരുത്തു്

കൌമുദി കോണം വിശേഷാൽ പ്രതിയിൽ 87—ാം പേജിൽ ചേർത്തിരുന്ന ശ്രീവഞ്ചീരാജ്യ ആയുർവേദഫാർമസിയുടെ 'ഗോൾഡ് ഇൻ പുഡ്ഡിംഗ് പ്രാശ്'ന്റെ വില 4 രൂപാ 8 ണ എന്നുള്ളതിനെ 5 രൂപാ 8 ണ എന്നു തിരുത്തിവായിക്കാനപേക്ഷ.

വിധേയൻ,
കൌ. മാനേജർ.



ഹഫീസ് ജഹന്

സിനിമാലോകം

—o—

(18-ാം പേജിൽ നിന്നും തുടർച്ച)

എന്നിവരും നടിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. നിഗാറിന്റെ അഭിനയമാണ് എറ്റവും നന്നായിട്ടുള്ളത്. മുബാറക്കും തരക്കേടില്ല.

ശബ്ദം, ഛായാഗ്രഹണം മുതലായ സാങ്കേതിക മാനേജ്മെന്റുകളിൽ ഈ ചിത്രത്തിന് സമുന്നതമായ ഒരു സ്ഥാനമുണ്ട്. പ്രേക്ഷകരെ

തൃപ്തരാക്കുന്നതിൽ, തടയുകയാണ്. സകലവിധമായ സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾക്കും പരിഹാരം രാമരാജ്യം പുനഃസ്ഥാപിക്കുകയും, ഗീതയും വേദവും മനുവും വിധിയ്ക്കുന്ന മാർഗ്ഗങ്ങളിൽകൂടി രാഷ്ട്രത്തെ നയിക്കുകയുമാണ്. ഇങ്ങനെയെല്ലാം വിശ്വസിക്കുകയും ആ വിശ്വാസസാഫല്യം സ്വപ്നം കാണുകയും ചെയ്യുന്ന അജ്ഞരും അന്ധരും ശൂദ്രരുമായ ഒരു ഭൂരിപക്ഷത്തിന്റെ—ചൂഷകത്തിൽ മുഴുമുരടിച്ച ഒറ്റിന്ധം വമിച്ച് അന്തരീക്ഷം വിഷമയമാക്കിത്തീർക്കുന്ന സവർണ്ണഹിന്ദുസ്വാധിപത്യത്തിന്റെ കിരീടംവയ്ക്കാത്ത രാജാവാണ് "രാജർഷി" താണ്ഡൻ ഭൂരിപക്ഷം എപ്പോഴും വിഡ്ഢികളാണെന്ന ഇബ്സന്റെ അഭിപ്രായം എത്ര വാസ്തവമാണെന്നു നോക്കുക!

ഏതായാലും പറയുന്നതിനുള്ള വിശദാംശങ്ങൾ ഒന്നു തീരുമാനിക്കണം, താണ്ഡനോ നെഹ്റുവോ ആരാണ് നിങ്ങൾക്കു വേണ്ടത്? രണ്ടുപേർക്കും ഭരിക്കുക സാദ്ധ്യമല്ല. ഒന്നു മറ്റൊന്നിനെ കീഴടക്കുകതന്നെ ചെയ്യും. ഉം. തീരുമാനിക്കുക സമയം പരിമിതമാണ്. കാലം നിങ്ങളെ കാത്തുനിൽക്കുകയില്ല.

രസിപ്പിക്കുന്ന ഒരു ചിത്രമാണ് ഇതെന്നു ധൈര്യമായി പറയുവാൻ സാധിക്കും.

പുതിയ താരങ്ങൾ

കല്പനാ കാർത്തിക് അവളുടെ പ്രഥമചിത്രത്തിൽ കൂടിതന്നെ പ്രശസ്തയായി കഴിഞ്ഞിരിക്കുന്നു. പ്രൊഡ്യൂസർ ഡയറക്ടർ നായ ചേതൻ ആനന്ദാണ് അവളെ സിനിമാലോകത്തിൽ അവതരിപ്പിച്ചത്. കാമിനി കൗശലിനെയും (അവളുടെ ശരിയായപേര് ഉമാ കാശ്യപ് എന്നാണ്) സിനിമാലോകത്തിലേക്ക് ആനയിച്ചതു ചേതൻ ആണെന്നു സൂചിപ്പിക്കേണ്ടല്ലോ "ബാസ്സി" എന്ന ചിത്രത്തിലാണ് അവൾ ആദ്യമായി അഭിനയിച്ചത്. ആ ചിത്രത്തിനു ലഭിച്ച സ്വീകരണം കല്പനയെ പ്രോത്സാഹനാർഹമാണ്. ദേവ് ആനന്ദ് ആണ് അവളെ എനിക്കു പരിചയപ്പെടുത്തിത്തന്നതു്. വേണ്ടത്ര പൊക്കം, നല്ല ദൃഢഗാത്രം, അകർഷകമായ ആകാരസൗഷ്ഠവം, ഇതെല്ലാം കല്പനയുടെ വിശിഷ്ടസമ്പാദ്യങ്ങളാണ്. അവളെ കണ്ടപ്പോൾ എനിക്ക് കാമിനികൗശലിന്റെ സ്മരണയാണുണ്ടായതു്. തലമുടിയായിരിക്കാം ആ സാദൃശ്യം എനിക്കു തോന്നിപ്പിച്ചതു്. റോസ് നിറത്തിലുള്ള ജാർജറ്റ് സാരിയാണ് അവൾ ധരിച്ചിരുന്നതു്. അവളുടെ ശരിയായ പേരു മോനാ സിംഘാ എന്നാണ്. പഞ്ചാബു് സർവ്വകലാശാലയിലെ ഒരു അണ്ടർ ഗ്രാഡുവേറാണ് അവൾ. ചേതന്റെ ഭാര്യ ഉമയുമായി അവൾക്ക് ചാർച്ചയുണ്ട്. പഞ്ചാബിലെ സുപ്രസിദ്ധമായ സിംഘാനാ കുടുംബത്തിലെ ഒരു അംഗമാണ് അവൾ. അവൾക്കു മുമ്പിനാലേതന്നെ അഭിനയത്തിൽ വാസനയുണ്ട്. ഡ്രാമായിൽ നടിച്ചു പേരെടുക്കുകയും ചെയ്തിട്ടുണ്ട്. സൗന്ദര്യം മാത്രമല്ല, അഭിനയചാതുര്യവും അവളിൽ സമ്മേളിച്ചിരിക്കുന്നു. നല്ല ചിത്രങ്ങളിൽ മാത്രമേ അഭിനയിക്കുകയുള്ളുവെന്ന ആദർശത്തോടുകൂടിയാണ് അവൾ സിനിമാലോകത്തിൽ കാലുകുത്തിയിരിക്കുന്നതു്.

"ബാസ്സി"യിൽ ഒരു ഡാകുടരായാണ് കല്പനാ കാർത്തിക് അഭിനയിക്കുന്നതു്. ഗീതാബാലി ഒരു നർത്തകിയായും.

ഈ ചിത്രത്തിൽ കൂടി രംഗപ്രവേശം ചെയ്തിരിക്കുന്ന മറ്റൊരു താരം ശ്രുപാവർമ്മനാണ്. കൽപന നായികയുടെ ഭാഗം അഭിനയിക്കുമ്പോൾ, ശ്രുപ നായകന്റെ സഹോദരിയുടെ ഭാഗമാണ് അഭിനയിക്കുന്നതു്. ശ്രുപയും പഞ്ചാബു് സർവകലാശാലയിൽ കടന്നുവന്നിട്ടുള്ള ഒരു കാളേജുകുമാരിയാണ്. സഹോദരിയാണ് അവൾ പാടിച്ചതു്. 22 വയസ്സുള്ള ഒരു സുന്ദരിയാണവൾ. സുദർശൻ എന്നാണ് അവളുടെ ശരിയായ പേർ. മേജർ വർമ്മയുടെ ഭാര്യയാണ്. സിനിമയിൽ അവൾ ശ്രുപാ വർമ്മൻ എന്നായിരിക്കും അറിയപ്പെടുന്നതു്.

കല്പനയെപ്പോലെ അവളും അഭിനയരംഗത്തു പിടിച്ചുവളർന്നതാണ്. കാളേജിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുള്ള പല നാടകങ്ങളിലും അവൾ അഭിനയിച്ചിട്ടുണ്ട്. അവൾ ഒരു വിജയം തന്നെയായിരിക്കുമെന്നു നമുക്കു ആശിക്കാം.

35 ലക്ഷം രൂപാ

മെഹബൂബ് എന്ന പ്രസിദ്ധനായ പ്രൊഡ്യൂസർ ഹിന്ദിയിൽ എടുക്കുന്ന "ആൻ" എന്ന വർണ്ണചിത്രത്തിന് 35 ലക്ഷം രൂപയോളം ചിലവു വരുമെന്നും, 1951—ൽ മാത്രമെ അതു നിർമ്മിച്ചു തീർക്കുവാൻ സാധിക്കുകയുള്ളുവെന്നും അദ്ദേഹം ഈയിടെ എന്നോടു പറയുകയുണ്ടായി.



മ്യൂസിക്ക് ഡയറക്ടർ സി. രാം ചന്ദ്ര

---

110 ദിവസത്തെ ഷൂട്ടിംഗ് നടത്തിയിട്ടും ഏതാണ്ടു നാലു ലക്ഷം മാത്രമെ എടുക്കുവാൻ സാധിച്ചുള്ള. "അനാസ്" എന്ന ചിത്രം 70 ദിവസത്തെ ഷൂട്ടിംഗ്കൊണ്ടു പൂർത്തിയായി. "ചന്ദ്രലേഖ" എന്ന ചിത്രത്തേക്കാൾ ചിലവു് ഈ ചിത്രം നിർമ്മിക്കുന്നതിനു് ഉണ്ടാകുമെന്നാണ് മെഹ്ബൂബു പ്രസ്താവിച്ചതു്. ഇന്നു ഇൻഡ്യയിൽ എടുത്തുകൊണ്ടിരിക്കുന്ന ചിത്രങ്ങളിൽ ഏറ്റവും വൻതോതിലുള്ള ചിത്രം "ആൻ" ആണെന്നു കരുതുന്നതിൽ തെറ്റ്—



പത്മാദേവി

സി.വി.കുഞ്ഞുരാമൻ

12-ാം അദ്ധ്യായം
(തുടർച്ച)

കഥ:-കൂട്ടുകാരുമായി വിനോദയാത്രയ്ക്കു സിലോണിലെത്തിയ ഗംഗാധരൻ പത്മാദേവിയുമായി അനുരാഗത്തിലേർപ്പെട്ടു. അതിൽ കുപിതനായ ധർമ്മസംകന്ധൻ പ്രതികാരത്തിനു മുതിർന്നിരിക്കയാണു്. തുടർന്നു് ശേഖരന്റെ ആക്രമണത്തിൽനിന്നും ഗോവിന്ദനു പറ്റിയ പരുക്കു് പത്മാദേവി വച്ചുകെട്ടിയശേഷം എല്ലാവരുമായി അവളുടെ വസതിയിൽ ഭക്ഷണത്തിനു ഇരിപ്പായി. ഇതിനിടയിൽ രാധയുടെ വലിയമ്മയായ തൃജട അവിടെ എത്തി, രാധയെ തന്നോടൊത്തയക്കണമെന്നു ആവശ്യപ്പെട്ടു. കുലശേഖരൻ അതിനു സമ്മതം മൂളിയെങ്കിലും, രാധ അതിനു വിസമ്മതിക്കുകയാണു് ചെയ്തതു്. തൃജടയാണെങ്കിൽ, ഭദ്രകാളിയെപ്പോലെ രോഷാകുലയായി പത്മാദേവിയെ ഭർത്സിക്കുകയും, ശപിക്കുകയും ചെയ്തുകൊണ്ടു അവിടംവിട്ടു യാത്രയായി കുലശേഖരൻ, സപത്നിയെ ഒരു വിധം സാന്ത്വനപ്പെടുത്തി, പരിസരം ശാന്തമാക്കിയ ശേഷം പൂർവ്വകാലകഥകളും പറഞ്ഞു എല്ലാവരേയും രസിപ്പിച്ചു തുടങ്ങി.

—ഇനി തുടർന്നു വായിക്കുക.

പക്ഷേ, ഗംഗാധരന്റെ ചിന്തകളും എവിടേയ്ക്കോ പറന്നുപോയിരുന്നു എന്നും, അവിടെ നടന്ന വിനോദോഷണങ്ങളിൽ അയാൾ പൂർണ്ണമായും ശ്രദ്ധാലുവല്ലായിരുന്നുവെന്നും വ്യക്തമായിരുന്നു. അയാൾ എന്തൊക്കെയോ സപ്നം കാണുകയായിരുന്നു. അതു കസ്തൂരികമായുണ്ടായ പല ഭോഷ്യങ്ങൾക്കും അയാൾ മറുപടി പറയുകയും സംശയനിവൃത്തി വരുത്തുകയും ഒക്കെ ചെയ്തിരുന്നുവെങ്കിലും, അയാളുടെ ഉത്തരങ്ങൾ അർത്ഥവത്താണോ അല്ലയോ എന്നുപോലും അയാൾക്കു നിശ്ചയമുണ്ടായിരുന്നില്ല. അയാളുടെ ചിന്തകൾ ഒരു സപ്നസഞ്ചാരത്തിലെ അത്ഭുതസുഷമകളിൽ ലീനമായിരുന്നു. എന്തുകൊണ്ടോ, എങ്ങനെയോ, അന്നു് അയാൾക്കു് അവയുടെ വർണ്ണനയിൽ കവിഭാവനകളുടെ അതിശയോക്തി കലർത്തിയിട്ടില്ലെന്നും, സപ്നസുലഭകൗതുകംകൊണ്ടു നെയ്തുണ്ടാക്കിയ അവരുടെ ഹൃദയഗീതങ്ങൾ ഈ സഞ്ചാരാന്ത്രതീയുടെ യഥാതഥമായ വിവർത്തനം മാത്രമാണെന്നും, അതുവരെ താൻ ഉ[illegible]കപോലും ചെയ്തിരുന്നില്ലാത്ത സത്യം ജീവിതരഹസ്യം അന്നു തനിക്കു പിടികിട്ടിയെന്നും ബോദ്ധ്യംവന്നു. പഞ്ചേന്ദ്രിയങ്ങൾക്കു ബാഹ്യമായി അത്യന്തം, സജീവവും, അതിസൂക്ഷ്മവികാരങ്ങളെപ്പോലും ഗ്രഹിക്കുവാൻ നിപുണവുമായ നിരവധി അന്തരേന്ദ്രിയങ്ങളുടെ പ്രവർത്തനത്തിനു പെട്ടെന്നു വശംവദനായി ഭവിച്ചപോലെ അയാൾക്കു് അനുഭവപ്പെട്ടു. നിയന്ത്രണാതീതവും, ഉൽക്കടവുമായ ഒരു സ്പന്ദനം തന്റെ ഹൃദയരക്തം രേഖപ്പെടുത്തുന്നുണ്ടെന്നും, പത്മാദേവിയുടെ നാമശ്രവണത്തിൽ, അവളുടെ ഉടുപുടവയുടെ ഉലച്ചിലിൽപോലും അപ്രമേയമായ ഒരു പുളകോൽഗമം സ്വന്തം ആത്മാവിനും, ഹൃദയത്തിനും, ശരീരത്തിനും ഉളവാകാറുണ്ടെന്നും അയാൾക്കു ബോദ്ധ്യമായി. ആ സത്യം, ആ കൊടിയ രഹസ്യം, അയാളിൽനിന്നു തന്നെ ഇനിയും ഒളിച്ചുവയ്ക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണുണ്ടാവുക! അയാൾ അവളെ അതിഗാഢം സ്നേഹിച്ചിരുന്നു. പ്രണയത്തിന്റെ ഭയങ്കരമായി, മനോഹരമായ ചണ്ഡവാതം ഒടുവിൽ തന്റെ ജീവിതവിഹായസ്സിലും അങ്ങനെപൊട്ടിപ്പുറപ്പെട്ടിരിക്കുന്നു! അതിന്റെ ഉന്നിരീക്ഷ്യമായ വിദ്യുത്പ്രഭാപൂരത്തിൽനിന്നോ, അതിന്റെ ഘനധ്വനിയുടെ പ്രകോപത്തിൽനിന്നോ തനിക്കിനി മോചനമില്ല തന്നെ!

ഗംഗാധരൻ ദീർഘമായി ഉച്ഛ്വസിതരം ഒന്നു നിശ്വസിച്ചു. അകലെ കേട്ട സമുദ്രത്തിന്റെ ഇരമ്പലിനെക്കാൾ അത്ഭുതരഹിതമായിരുന്ന അയാൾക്കു് അപ്പോൾ ചുറ്റുംകേട്ട സംഭാഷണം. പെട്ടെന്നു് അയാൾ പത്മാദേവിയുടെ മുഖത്തേക്കു് സശ്രദ്ധം

ഭാം ഒന്നുനോക്കി. തനിക്കു സ്വർഗ്ഗമോ നരകമോ, ജീവിതമോ മരണമോ വിധിക്കാൻ അധികാരമുള്ള ഒരു മണിമയസിംഹാസനത്തിൽ താൻ അവരോധിച്ചുകഴിഞ്ഞിരുന്ന നിഷ്കളങ്കയും സുന്ദരിയുമായ ആ സുകുമാരചേതനയെ. സ്നേഹശീതളമായി, അവ്യാജമധുരമായി അവളുടെ നയനങ്ങളിൽനിന്നു് പ്രസരിച്ച നോട്ടങ്ങൾ എത്ര ഹൃദയാവർജ്ജകങ്ങളായിരുന്നു! അവൾ പത്മനാഭൻ വർണ്ണിച്ച ഏതോ വിനോദകഥയിൽ, പ്രസാദം തുളുമ്പുന്ന ശ്രദ്ധയോടുകൂടി ഇരിക്കുകയായിരുന്നു. അവളുടെ മുഖം ഏതാണ്ടു വിളറി, കൺപോളകൾ കലങ്ങിയിരിക്കുംപോലെ ഗംഗാധരനുതോന്നി. എങ്കിലും ഇടയ്ക്കിടയ്ക്കുണ്ടായ അവളുടെ മന്ദഹാസം, അവളുടെ അധരപല്ലവങ്ങളെ അല്പമായി വിടർത്തി, ഉടച്ചെടുത്ത മാതളപ്പഴങ്ങൾപോലുള്ള അവളുടെ ദന്തമൊട്ടുകളുടെ അവ്യക്തശോഭ പ്രദർശിപ്പിച്ചിരുന്നു. ആ ഇരിപ്പിലുള്ള അവളുടെ ചിത്രം ലേഖനംചെയ്യുവാനുള്ള മഹാഭാഗ്യം വിശ്വവിഖ്യാതന്മാരായ കലാകാരന്മാർപോലും അത്യുല്കണ്ഠയോടെ കാംക്ഷിക്കാതിരിക്കയില്ലെന്നും ഗംഗാധരന്റെ ഹൃദയം മന്ത്രിച്ചു. അവളുടെമുഖത്തു് മാത്രമായി അപ്പോൾ പതിഞ്ഞിരുന്ന നോട്ടം ഉപസംഹരിക്കുവാൻ തനിക്കോ, തന്റെ സ്നേഹിതന്മാരിൽ ആർക്കെങ്കിലുമോ സാദ്ധ്യമല്ലെന്നും അയാൾക്കു തോന്നി. ഒരുതരം അസ്പഷ്ടഭീതിയോടുകൂടിയല്ലാതെ, അയാൾക്കു് അവളെ നോക്കുവാൻ കഴിഞ്ഞില്ല. തന്റെ വിധിയന്ത്രത്തിന്റെ ചക്രങ്ങൾ അവളുടെ കരങ്ങളാണു് അപ്പോൾ ഗ്രഹിച്ചിരുന്നതു്! ഒരുപക്ഷേ, അവൾ തന്നെ സ്നേഹിക്കുന്നില്ലെങ്കിലോ? എന്നേക്കുമായി അവൾ തനിക്കു നഷ്ടപ്പെട്ടുകയാണെങ്കിലോ? ആ ഒരു ചിന്തതന്നെ ഒരു എരിതീയായി അയാളുടെ ഹൃദയത്തിൽ കോരിയിട്ടു. അയാളുടെ ചിന്താചക്രം അവ്യവസ്ഥിതമായ ഒരു ഭ്രമണത്തിനു് വിധേയമാകുംപോലെതോന്നി, അയാൾ പെട്ടെന്നെണീറ്റു്, സ്നേഹിതന്മാരുടെ ആശ്ചര്യപൂർവ്വമായ നോട്ടങ്ങളെപ്പോലും അവഗണിച്ചു്, വെളിയിലേക്കിറങ്ങി.

"അല്ലാ, എവിടേയ്ക്കാണു് തിടുക്കത്തിലുള്ള ഈ പുറപ്പാടു്? ഞാനും വരുന്നു" എന്നു് സുകുമാരൻ വിളിച്ചു പറഞ്ഞു.

"ഗംഗാധരൻ മുഷിഞ്ഞുകാണും. ഇന്നത്തെ മലകയറ്റത്തിനും അതിനുശേഷമുണ്ടായ 'കാട്ടുകയറ്റ'ത്തിനും ശേഷം, ഗംഗാധരനു് അല്പം സൈ്വരതവേണമായിരിക്കാം" എന്നു് കുലശേഖരൻ ചോദിച്ചു.

ഗംഗാധരൻ അല്പമൊന്നു പരുങ്ങിത്തിരിഞ്ഞുനിന്നു:—"ഇല്ലില്ല! അത്തരം ഒരു ദുഷ്ടവിചാരവും എനിക്കില്ല. ഞാൻ ഏതോ ഒരു സ്വപ്നത്തിന്റെ പിറകേ, ഞാൻ അറിയാതെതന്നെ പോകാൻഭാവിക്കയായിരുന്നു. "ചിലപ്പോഴൊക്കെ ഇത്തരം ഒരു ദുശ്ശീലത്തിനു ഞാൻ വിധേയനായിപോകാറുണ്ടു്."

സുകുമാരൻ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു:—"ഓ, ഗംഗാധരൻ മയങ്ങിപ്പോയി. അതു് ഏറെപ്പറയാൻ വിഷമിക്കയാണു്. നോക്കണം ഗംഗാധരന്റെ മുഖത്തു് സൂക്ഷിച്ചു്. വലിയ മയക്കമുണ്ടു്; നിശ്ചയം! ഞങ്ങളംവരുന്നു. നമുക്കിനി യാത്രപറയാം. അപ്പോൾ നാളെ നമുക്കു വെള്ളച്ചാട്ടവും ഗുഹയുമൊക്കെ കാണാൻപോകണ്ടെ?"

അയാൾ തിരിഞ്ഞു പത്മാദേവിയോടുചോദിച്ചു: "പത്മാദേവിയും വരുന്നുണ്ടല്ലൊ!"

പത്മാ—"നിശ്ചയമായും! അവയുടെ ഭയങ്കര ഭംഗി എത്രകണ്ടാലും എനിക്കു മതിവരില്ല. ഈ വിജനപ്രദേശങ്ങളിൽ, കാട്ടരുവികൾക്കും മലംചരിവുകൾക്കും ഇടയിൽ തുള്ളിച്ചാടിനടക്കുന്നതു് എനിക്കു എന്തു് ആഹ്ലാദകരമൊസാ? അല്ലേ, അച്ഛാ! ഞാനും അച്ഛനും പണ്ടു പലതവണ ആ ഭിക്കുകളിലെല്ലാം പുറപ്പെടുകളിലെല്ലാം പുറപ്പെടുന്നിട്ടുണ്ടു്. ആ ഗുഹകളിലും ആറരികിലും വസിക്കുന്ന വനദേവതകളുടെ കഥകൾ ഓർമ്മിക്കുമ്പോൾ എനിക്കു രോമാഞ്ചംകൊള്ളാറുണ്ടു്"....

പെട്ടെന്നു് അവൾ തിരിഞ്ഞു ഗംഗാധരനോടു ചോദിച്ചു:—"എന്താണു് ഗംഗാധരൻ വല്ലാതെ നില്ക്കുന്നതു്. അസുഖം വല്ലതുമുണ്ടോ?"

ഗംഗാധരൻ ഒരു പുഞ്ചിരിയോടെ പറഞ്ഞു:—"പത്മാദേവിയുടെ ഒരൊറ വാക്കുകൊണ്ടു തീരാത്ത ഒരു അസുഖം എനിക്കില്ലല്ലോ."

അവൾ എന്തെങ്കിലും പറയുന്നതിനുമുമ്പായി ഗംഗാധരൻ തിരിഞ്ഞു കുലശേഖരനോടു പറഞ്ഞു:—"അപ്പോൾ അവിടന്നു നാളെ രാവിലെതന്നെ വരുമല്ലൊ."


എല്ലാവരും അനന്തരം യാത്രപറഞ്ഞു പിരിഞ്ഞു. പത്മയും കുലശേഖരനും അവർ ദൂരെ മറയുന്നതുവരെ പൂമുഖത്തുതന്നെ അവരെ നോക്കിനിന്നു. പെട്ടെന്നു പത്മ അവളുടെ പിതാവിനെ ഗാഢമായി ആശ്ലേഷിച്ചു്, അദ്ദേഹത്തിന്റെ മാറോടു ചേർന്നുനിന്നു.

കുല:—"എന്താണോമനേ, നീ നിന്നു നടുങ്ങുന്നതു്? നിനക്കു സുഖമില്ലേ?"

പത്മാ:—"ഒന്നുമില്ലച്ഛാ!" നക്ഷത്രങ്ങൾപോലെ പ്രകാശിച്ച നയനങ്ങൾ ഉയർത്തി, അവൾ ചോദിച്ചു:—"അച്ഛൻ ഇപ്പോഴും അമ്മയെപ്പറ്റി ക്രൂക്രൂടെ ഓർമ്മിക്കാറുണ്ടോ?"

വൃദ്ധൻ പുത്രിയെ സൂക്ഷിച്ചുനോക്കി. അയാളുടെ മുഖത്തു ദുഃഖത്തിന്റെ ഒരു മൂടലച്ഛായ പരന്നു.

"ക്രൂടക്രൂടെ എന്നോ? മകളേ, അവൾ ഒരുനിമിഷംപോലും എന്റെ ഹൃദയത്തിൽനിന്നു പോകും



ശ്രീ. താണ്ഡനും കാൺഗ്രസ്സും

കെ. എ. അബ്ബാസ്

ബാല്യപുരുഷോത്തമദാസിന്റെ വിജയത്തോടുകൂടി ഇന്നും ഇൻഡ്യയിലെ ഏറ്റവും വലിയ രാഷ്ട്രീയസംഘടനയായ കാൺഗ്രസ്സിനുള്ളിൽ നേതൃത്വത്തിനുവേണ്ടിയുള്ള ത്രികോണവടംവലി അവസാനിച്ചിരിക്കുന്നു; —അതോ ആരംഭിച്ചുകഴിഞ്ഞോ? തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതു് ആചാര്യകൃപലാനിയും, ശ്രീ. ശങ്കർറാവുദേവും മാത്രമല്ല. പണ്ഡിറ്റ്ജവഹർലാൽ നെഹ്റുവും അങ്കക്കുത്തിൽപ്പെടുന്നു. ഇതുവരെ നിഷേധിക്കപ്പെട്ടിട്ടില്ലാത്ത പല റിപ്പോർട്ടുകളിൽനിന്നും, ശ്രീ താണ്ഡൻ പ്രതിനിധീകരിക്കുന്ന അഭിപ്രായഗതിയെപ്പറ്റി നെഹ്റു പരസ്യമായി അപ്രീതി പ്രകടിപ്പിക്കുകയുണ്ടായതായി. അതേസമയം ശ്രീ. താണ്ഡനു സർദാർ പട്ടേലിന്റെ പിന്തുണയുണ്ടെന്നു പറയപ്പെടുന്നു.

പരാജയപ്പെട്ടതിൽ മറ്റൊരു വ്യക്തിമഹാത്മാഗാന്ധിയാണു്. എന്തെന്നാൽ മത്സരിച്ച സ്ഥാനാർത്ഥികളിൽ ഏകഗാന്ധിസ്റ്റായ ശ്രീ. ശങ്കർറാവുദേവു് ഭയനീയമാംവണ്ണം പരാജയപ്പെടുകയാണുചെയ്തതു്. ശ്രീ താണ്ഡനു് 1306-ം ശ്രീ കൃപലാനിയ്ക്കു് 1092 വോട്ടുകളും കിട്ടിയപ്പോൾ ശ്രീ ദേവിനു് 202 വോട്ടുകൾ മാത്രമാണു ലഭിച്ചതു്.

ഇനിയും വിശേഷാവസരങ്ങളിൽ കാൺഗ്രസ്സുകാർ ഗാന്ധിജിയുടെ നാമോച്ചാരണം നടത്തിയേക്കും. പക്ഷേ അദ്ദേഹത്തിന്റെ ആദർശത്തിലും, അദ്ദേഹംതെളിച്ച മാർഗ്ഗത്തിലും നിന്നു കാൺഗ്രസ്സുകാർ എന്നെന്നേക്കുമായി പിന്തിരിഞ്ഞുപൊയ്ക്കഴിഞ്ഞുവെന്നു് ഈ തെരഞ്ഞെടുപ്പു വികതമാക്കുന്നു. ഇതു തികച്ചും സ്വാഗതാർഹമല്ലാത്ത ഒരു സംഭവവികാസമായി എണ്ണേണ്ട ആവശ്യമില്ല. എന്തെന്നാൽ ഗാന്ധിജിയെപ്പറ്റിയുള്ള ആത്മാർത്ഥതയില്ലാത്ത അനുസ്മരണങ്ങളും യഥാർത്ഥപ്രശ്നങ്ങളെ മായ്ക്കുന്നതിനു മാത്രമേ ഉപകരിച്ചിട്ടുള്ളൂ. ഇനിയെങ്കിലും ആദർശത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയമായ വഴിത്തിരിയലുകളുണ്ടാകുമെന്നു് നമുക്കു പ്രത്യാശിക്കാം.

ശ്രീ താണ്ഡന്റെ ജീവചരിത്രം

കഴിഞ്ഞ ഇരുപത്തഞ്ചിലധികം വർഷങ്ങളായി സ്വതന്ത്രപ്രവർത്തകയായ ഐക്യസംസ്ഥാനത്തിലെ രാഷ്ട്രീയരംഗത്തിൽ ശ്രീ താണ്ഡൻ വളരെ പ്രമുഖനായിരുന്നുവെങ്കിലും, 1948-ൽ കാൺഗ്രസ്സ് പ്രസിഡന്റ് പദത്തിനുവേണ്ടി മത്സരിക്കുകയും പരാജയപ്പെടുകയും ചെയ്യുന്നതുവരെ, അഖിലേൻഡ്യാ പ്രശസ്തി അദ്ദേഹത്തിനു ലഭിക്കുകയുണ്ടായില്ല. കാൺഗ്രസ്സ് പ്രസ്ഥാനത്തിലെ അഭിവന്ദ്യനായ ഒരു ദീർഘകാല പ്രവർത്തകനാണു് അദ്ദേഹമെന്നു പരക്കെ അറിവുള്ളതാണു്. എന്നു മാത്രമല്ലാ ഇൻഡ്യയുടെ വിഭജനത്തിനുശേഷം, ആർ. എസ്. എസ്സിന്റെയും ഹിന്ദു മഹാസഭയുടെയും മതേതര രാഷ്ട്രവിരുദ്ധ മനോഭാവത്തിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത ആശയഗതികളെ അദ്ദേഹം താലോലിച്ചുവന്നുവെന്നുള്ളതും പരക്കെ അറിവുള്ളതാണു്. (അതുകൊണ്ടാണു് ആ അദ്ദേഹത്തിന്റെ വിജയം ഒരു സൂചനയും മുന്നറിയിപ്പുമെന്ന നിലയിൽ വളരെ പ്രാധാന്യമുള്ള ഒന്നായി ഗണിക്കപ്പെടുന്നതു്.) പക്ഷേ അദ്ദേഹത്തെപ്പറ്റി വ്യക്തിപരമായി ഐക്യസംസ്ഥാനത്തിനു വെളിയിൽ അധികമൊന്നും അറിയപ്പെടുന്നില്ല "കാൺഗ്രസ്സ് ചരിത്രം" ഞാൻ പരിശോധിച്ചു നോക്കി (പ്രധാനപ്പെട്ടതും അപ്രധാനവുമായ നാടുകണക്കിനു് പേരുകൾ അതിലുൾപ്പെടുത്തിയിട്ടുണ്ടു്.) പക്ഷേ അവിടെയെങ്ങും പുരുഷോത്തമദാസ് താണ്ഡന്റെ പേരു കണ്ടില്ല. അതുപോലെ പല "ഹൂ ഇസ് ഹൂ" (Who is who) പ്രസിദ്ധീകരണങ്ങളിലും

റില്ല; രാത്രിയും പകലും ഉറങ്ങുമ്പോഴും ഉണർന്നിരിക്കുമ്പോഴുമെല്ലാം അവൾ പിരിയാതെ എന്നോടൊന്നിച്ചുണ്ടു്. എന്താണു് എന്റെ തങ്കം ഇപ്പോൾ ഇതു ചോദിക്കാൻ? ഒരിക്കൽ സ്നേഹിച്ചുപോയ ഒന്നിനെ മറക്കുക സാദ്ധ്യമാണോ?"

പദ്മാദേവി അച്ഛന്റെ മുഖത്തു് അത്ഭുതാനന്ദങ്ങളോടെ, ഇമവെട്ടാതെ നോക്കിക്കൊണ്ടു നിന്നുപോയി. ഉല്ലണ്ടാകുലനായി കുലശേഖരൻ ചോദിച്ചു: "എന്റെമകൾക്കു നല്ല സുഖമില്ലെ? നിന്റെ ശരീരം ചുട്ടുപോലെ തോന്നുന്നല്ലൊ. നിന്റെ കണ്ണുകളും വിടർന്നു്, വിരളുംപോലെ നില്ക്കുന്നല്ലൊ. നിനക്കു് അസുഖമൊന്നുമില്ലെന്നു തീർച്ചതന്നെയൊ?"

"അതേ, അച്ഛാ!" പദ്മാദേവി സ്വപ്നസദൃശമായ ഒരു അത്ഭുതമന്ദഹാസത്തോടെ പറഞ്ഞു:—"എന്റെ ശരീരവും ഹൃദയവും ഒന്നുപോലെ പരമസുഖം അനുഭവിക്കയാണു്."

പദ്മാദേവി അച്ഛന്റെ പിടി വിട്ടു് അകത്തേക്കുപോകാൻ ഭാവിച്ചു:—"മകളേ, ആ ശവം ത്രീജട പറഞ്ഞ പേയെല്ലാം നീ മറന്നുകളയൂ."

പദ്മ:—"ഓ! ഞാനതു് അപ്പൊഴേ മറന്നച്ഛാ! ശാപങ്ങളും ചിലപ്പോൾ അനുഗ്രഹവർഷങ്ങളാണെന്നു പറയാറുണ്ടച്ഛാ!"

അവൾ അകത്തേക്കുപോയി. അവളുടെ ചിന്തകൾ അപ്പോൾ ഏകാഗ്രമായിരുന്നു. അവൾക്കു ഗംഗാധരനെ വിസ്മരിക്കാൻ സാദ്ധ്യമായില്ല. എന്താണതിനു ഹേതു? താൻ സ്വപ്നം കാണുകയാണൊ? അവൾ ജാലകത്തിനു സമീപം ചെന്നു്, ചിന്താമഗ്നയായി വിഷാദമഗ്നയായി ഒട്ടേറെ നേരംനിന്നു. ഗംഗാധരനും തന്നെപ്പറ്റി അപ്പോൾ ചിന്തിക്കുന്നുണ്ടാകുമൊ? എന്തോ? ഏതോ ഒരു അദൃശ്യശക്തി തന്റെ ഹൃദയത്തെ ഗംഗാധരന്റെ ഹൃദയവുമായി ഒരു അയഃശൃംഖലകൊണ്ടു ബന്ധിച്ചുതുടങ്ങിയിരിക്കുന്നൊ? അതോ, ബന്ധിച്ചുകഴിഞ്ഞൊ? അവൾക്കു മനസ്സിലായില്ല. അവളുടെ കണ്ണുകൾ നിറഞ്ഞു.

ആ സന്ദർഭത്തിൽ, ഭ്രാന്തൻ ശേഖരനും തീരാത്ത കണ്ണീരിൽ കുളിച്ചു, ദൂരെ പുൽത്തകടിയിൽ, ആ ജാലകത്തെതന്നെ ഉറ്റുനോക്കി, കിടന്നു പശ്ചാത്തപിക്കുന്നുണ്ടായിരുന്നു. അവൻ മടങ്ങിവന്നിരുന്നു.

—

—പ്രതീപ്—

അദ്ദേഹത്തിന്റെ പേരു കാണുവാനില്ല. പക്ഷേ ടൈംസ് അഫ് ഇൻഡ്യയുടെ "ഇൻഡ്യൻ ആൻഡ് പാക്കിസ്ഥാൻ ഇയർ ബുക്കിൽ" രസകരങ്ങളും പൊതുവെ അറിയപ്പെട്ടിട്ടില്ലാത്തതുമായ ജീവചരിത്ര വൃത്താന്തങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉദാഹരണത്തിന് 1921 വരെ അദ്ദേഹം അലഹബാദിൽ പ്രാക്ടീസു ചെയ്തുകൊണ്ടിരുന്ന ഒരു വക്കീലായിരുന്നുവെന്നും പ്രാക്ടീസുപേക്ഷിച്ചു അന്നു നിസ്സഹരണപ്രസ്ഥാനത്തിൽ പങ്കെടുത്തുവെന്നും കാണുന്നു. 1923—ൽ യു പി കാൺഗ്രസ്സുകമ്മിറ്റി പ്രസിഡൻറായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. വ്യവഹാരത്തിൽ നിന്നു വ്യാപാരത്തിലേക്കായി അദ്ദേഹത്തിന്റെ താല്പര്യം. കുറച്ചുകാലം, ലാഹോറിലെ പഞ്ചാബു നാഷണൽ ബാങ്കിന്റെ സിക്രട്ടറിയും ജനറൽ മാനേജരുമായി അദ്ദേഹം ജോലിനോക്കി. ലാഹോറിലായിരിക്കുമ്പോഴാണ് അദ്ദേഹം ലാലാ ലജ്പത്റായിയുടെ പരിചയം സമ്പാദിച്ചതു്. 1929—ൽ സർവൻറ്സ് അഫ് പീപ്പിൾസ് സൊസൈറ്റിയിൽ ചേരുകയും ചെയ്തു. അലഹബാദിൽ തിരിച്ചുവന്നശേഷം അദ്ദേഹം മുനിസിപ്പാലിറ്റിയുടെ ചെയർമാനായി തിരഞ്ഞെടുക്കപ്പെടുകയും, (പണ്ഡിറ്റ് നെഹ്രുവിനെപ്പോലെ) അദ്ദേഹത്തിന്റെ മഹനീയമായ സേവനത്തിന്റെ സ്മാരകമായി പൌരന്മാർ ഒരു പാർക്കിനു് അദ്ദേഹത്തിന്റെ പേരിടുകയും ചെയ്തു. പക്ഷേ 1932—ൽ യു പിയിലെ കർഷകരുടെ നികുതി നിഷേധപ്രസ്ഥാനം അദ്ദേഹമാണു് സംഘടിപ്പിച്ചതെന്നുള്ളതു് വളരെ ചുരുക്കം പേർക്കു മാത്രമേ അറിയുവാൻ പാടുള്ളു. 1937—ൽ യു പി അസംബ്ളിയിലെ സ്പീക്കറായി അദ്ദേഹത്തെ തെരഞ്ഞെടുത്തു. ഹിന്ദിയുടെ ഉൽഘോഷകനായ ഒരു പ്രണേതാവായ അദ്ദേഹം "ഹിന്ദിസാഹിത്യ സമ്മേളനത്തി"ന്റെ സ്ഥാപകരിൽ ഒരാളാണു്.

1947—നു ശേഷം ഏറ്റവും സമ്മതനായ കാൺഗ്രസ്സ് നേതാവു്—ഹിന്ദുമഹാസഭക്കാരെ സംബന്ധിച്ചിടത്തോളം— ശ്രീ താണ്ഡനാണു്. ആർ. എസ്സ്. എസ്സിന്റെ പത്രങ്ങളിൽ അദ്ദേഹത്തിന്റെ പ്രസ്താവനകളും പ്രസംഗങ്ങളും വളരെ പ്രാധാന്യംകൊടുത്തു പരസ്യപ്പെടുത്താറുണ്ടു്. കാൺഗ്രസ്സും ആർ. എസ്സ്. എസ്സും തമ്മിൽ യോജിക്കുന്നതിൽ അദ്ദേഹം വളരെ താല്പര്യം പ്രകടിപ്പിക്കുന്നു. ഈ താല്പര്യംമൂലമാണു് ഗാന്ധിഭക്തനായ പട്ടാഭിയ്ക്കു് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ താണ്ഡനെ പരാജയപ്പെടുത്തുവാൻ സാധിച്ചതെന്നു പറയപ്പെടുന്നു. അതുകൊണ്ടു് ഇപ്പോൾ അദ്ദേഹത്തിനുണ്ടായ വിജയം കാൺഗ്രസ്സ് അണികളിൽ മതേതര മനോഭാവത്തിനുണ്ടായിരിക്കുന്ന അരുചിയെയാണു് സൂചിപ്പിക്കുന്നതെന്നു കരുതപ്പെടുന്നു.

"ബാബുജി" താണ്ഡൻ

താണ്ഡൻജിയുടെ ആദർശങ്ങളും അഭിപ്രായങ്ങളും എത്ര അരോചകങ്ങളായി തോന്നിയാലും വ്യക്തിപരമായി അദ്ദേഹം ബഹുമാനിക്കപ്പെട്ടവരുന്നു. രാഷ്ട്രീയമായ ഏറ്റവും വഷളായ എതിരാളികൾപോലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ മതിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ വ്യക്തിത്വവും, ആദർശവും തമ്മിൽ അത്ഭുതകരമായ പൊരുത്തക്കേടുണ്ടു്. കലുഷിപ്പിക്കാത്ത ഹിന്ദുത്വത്തിന്റെയും വൈദിക സംസ്കാരത്തിന്റെയും പ്രാഥമികപാകനായ താണ്ഡൻജി ഇൻഡ്യയിലെങ്ങുമുള്ള മുസ്ലിമന്മാരെ ഭയവിഹ്വലരാക്കിത്തീർത്തിട്ടുണ്ടു്. ഗാന്ധിയുടെ സഹിഷ്ണുതാവാദത്തിന്റെയും നെഹ്രുവിന്റെ മതേതരാദർശത്തിന്റെയും തീരോധാനമാണു് അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പിൽ അവർ കാണുന്നതു്. എന്നിരുന്നാലും, യു. പി യിലെ വർഗ്ഗീയ ലഹളയ്ക്കിടയ്ക്കു് ധാരാളം മുസ്ലിംകളെ രക്ഷിക്കുന്നതിനു് അദ്ദേഹം ശ്രമിച്ചിട്ടുണ്ടെന്നും മയിലിലടയ്ക്കപ്പെട്ട നിരപരാധികളായ പല മുസ്ലീമിങ്ങളെയും മോചിപ്പിക്കുവാൻ വേണ്ട ഒത്താശകൾ ചെയ്തിട്ടുണ്ടെന്നും എനിക്കു ഗ്രഹിക്കുവാൻ സാധിച്ചു. അദ്ദേഹത്തിനു മുസ്ലീംകളായ ധാരാളം സ്നേഹിതന്മാരുണ്ടു്. അവരുമായി വ്യക്തിപരവും സാമൂഹ്യവുമായി സൌഹാർദ്ദബന്ധം അദ്ദേഹം പുലർത്തിപ്പോരുന്നുണ്ടു്. അദ്ദേഹം ഒരു സോഷ്യലിസ്റ്റല്ല—എന്നാലും സോഷ്യലിസ്റ്റുകളും കമ്മ്യൂണിസ്റ്റുകളുംപോലും അദ്ദേഹത്തെ ബഹുമാനത്തോടും സ്നേഹത്തോടും കൂടി "ബാബുജി" എന്നു അഭിസംബോധനചെയ്യുന്നതു ഞാൻ കേട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ ആത്മാർത്ഥതയും ഉത്തമവിശ്വാസവും ഒരിക്കലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ല.

ഹിന്ദുത്വത്തിന്റെയും ഹിന്ദിയുടെയും പ്രണേ



ദന്തശോധനത്തിനും
ദന്തരോഗനിവാരണത്തിനും
വിശ്വാസ്യവും പ്രസിദ്ധവുമായതു.
വാസുദേവവിലാസം
ആയുർവ്വേദഫാർമസി
കോട്ടയ്ക്കകം തിരുവനന്തപുരം

ശ്വായ രാജരാജർഷി പുരുഷോത്തമദാസ് താണ്ഡനും പിതാവിനെപ്പോലെ സ്നേഹസമ്പന്നനും, ഗുണനിധിയുമായ സാധുവും തമ്മിൽ വിശകലനംചെയ്യാനാവാത്തവിധം പരസ്പരപൂരകത്വവും പ്രസ്പഷ്ടമായി കാണാം.

ഉദാഹരണത്തിനു് വെള്ളംചേർക്കാത്ത, സംസ്കൃതീകരിക്കപ്പെട്ട ഹിന്ദിയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ മക്കടമുഷ്ടിതന്നെ നോക്കുക. അദ്ദേഹത്തെ ഉർദുവിന്റെ ഒരു വലിയ പിന്തുണയായി കരുതിപ്പോരുന്നുണ്ടു്. എന്നാൽ അദ്ദേഹം ഉർദുവിൽമാത്രമല്ല പേർഷ്യൻ ഭാഷയിലും ഒരു പണ്ഡിതനാണു്. ഉർദുവിലുള്ള കവിതകൾ വളരെ ഇഷ്ടപ്പെടുന്നു. ഉർദു കവിതകളെപ്രോത്സാഹിപ്പിച്ചിട്ടുള്ളതിനു തെളിവുണ്ടു്. മാത്രമല്ല വേണമെന്നുണ്ടെങ്കിൽ പല മുസ്ലിംലീഗുകാരെക്കാളും ഭംഗിയായി ഒന്നാംതരം ശൈലിയിൽ കലർപ്പില്ലാത്ത ഉർദു സംസാരിക്കുവാൻ കഴിയുകയുംചെയ്യും.

മഹാത്മായും രാജർഷിയും

മഹാത്മായുടെ ജീവിതലക്ഷ്യത്തെന്നെ, അദ്ദേഹത്തിന്റെ ആദർശങ്ങളോടും സമീപനമാർഗ്ഗത്തോടും താണ്ഡൻജിയ്ക്കുള്ള അഭിപ്രായഭിന്നത പ്രകടമാവുകയുണ്ടായി. മഹാത്മായുടെ ആദർശങ്ങളായ സഹിഷ്ണുതയിലും മനുഷ്യത്വത്തിലും രാജർഷിക്കു് ഒട്ടും വിശ്വാസമില്ലെന്നു് വ്യക്തമായിക്കഴിഞ്ഞിരുന്നതാണു്. 1947 ജൂൺ 22—നുയിലെ "ഹരിജനി"ൽ പ്രസിദ്ധപ്പെടുത്തിയ ഒരു കുറിപ്പിൽ ഇതിനെപ്പറ്റി സൂചിപ്പിച്ചിരുന്നു.

"ഇൻഡ്യാ ഒരു ദേവാസുര സങ്കരത്തിലേർപ്പെട്ടിരിക്കുകയാണെന്നു് ഒരു ലേഖകൻ ഗാന്ധിജിയ്ക്കു് എഴുതുകയുണ്ടായി. നിഷ്കാമമായ ആദ്ധ്യാത്മിക വാദങ്ങൾക്കുള്ള കാലം കഴിഞ്ഞുപോയിയെന്നും വെട്ടിനു വെട്ടെന്ന ആദർശം അംഗീകരിക്കപ്പെടേണ്ട സമയം ആസന്നമായി എന്നും ബുദ്ധിപൂർവകമായ ആ മാർഗ്ഗത്തിൽ വിശ്വസിക്കുന്നവരെ നിരാശപ്പെടുത്താതിരിക്കുകയെങ്കിലും ചെയ്യണമെന്നും ലേഖകൻ എഴുതിയിരിക്കുന്നു. ആത്മരക്ഷയെപ്പറ്റിയുള്ള ബാബുപുരുഷോത്തമദാസ് താണ്ഡന്റെ പ്രസംഗംഎടുത്തുകൊണ്ടു് ഗാന്ധിജിയെ അമ്പരപ്പിക്കുന്നു.വെന്നു പോദ്യകർത്താവു തുടരുന്നു.

"ബാബു പുരുഷോത്തമദാസ് തന്റെ സുഹൃത്തും സഹപ്രവർത്തകനുമാണെന്നു് ഗാന്ധിജി മറുപടി നൽകി. അദ്ദേഹവുമായുള്ള അഭിപ്രായവ്യത്യാസം ഗാന്ധിജിയെ അത്ഭുതസ്തബ്ധനാക്കി"

താണ്ഡൻജിയെ കാൺഗ്രസ്സ് പ്രസിഡൻറായി തിരഞ്ഞെടുത്തതു് ഗാന്ധിജി ജീവിച്ചിരുന്നുവെങ്കിൽ എങ്ങനെ വീക്ഷിക്കുമായിരുന്നു? നോക്കഹാലി സംഭവത്തിന്റെയും അതിന്റെ പശ്ചാത്തലമായ പ്രതീകാരമനോഭാവത്തിന്റെയും പൃഷ്ഠപിടിച്ച അന്തരീക്ഷത്തിൽ ഗാന്ധിജി നടത്തിയ ഒരു പ്രാർത്ഥനാ പ്രസംഗത്തിന്റെ റിപ്പോർട്ട് ഹരിജനത്തിൽ (1946 ഒക്ടോബർ 27) പ്ര

ബർണാർഡ് ഷായും സോഷ്യലിസ്റ്റ് റീയലിസവും



വേണാട്ട് കെ. കരുണാകരൻ

മനോവീര്യംകൊണ്ടും ജീവിതരീതിയിലുള്ള നിഷ്കൃഷ്ടമായ നിയന്ത്രണംകൊണ്ടും വാർദ്ധക്യവുമായി മല്ലിട്ട ജോർജ് ബർണാർഡ്ഷാ ഈ കഴിഞ്ഞ മാസത്തിൽ 95–ാമത്തെ വയസ്സിലേക്ക കാലൂന്നിയിരിക്കുകയാണല്ലോ. കഴിഞ്ഞ എഴുപതുകൊല്ലക്കാലത്തെ സാഹിത്യസേവനംകൊണ്ടു ഈ തലമുറയിലെ ചിന്താഗതിയിൽ ബർണാർഡ്ഷാ എന്തെല്ലാം പരിവർത്തനങ്ങളാണുണ്ടാക്കിയിട്ടുള്ളതെന്നു നിർണ്ണയിക്കുവാൻ ഈ തലമുറക്കാർക്ക് സാദ്ധ്യമല്ല. ഒരു ഐറിഷ്കാരനു നൈസർഗ്ഗികമായുള്ള ഫലിത വാസനയും, മാർക്സിസ്റ്റ്തത്വസംഹിതയുടെ മൗലിക സിദ്ധാന്തങ്ങളിലുള്ള വിശ്വാസവുമാണ് ഷായെ മറ്റുള്ള വിശ്വസാഹിത്യകാരന്മാരിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു നിലയിൽ ഉന്നതനാക്കിത്തീർത്തിട്ടുള്ളത്. എഴുപതുകൊല്ലക്കാലത്തെ തുടർച്ചയായ സാഹിത്യപരവും രാഷ്ട്രീയവുമായ ജീവിതത്തിനു ശേഷം ഇന്നും ബർണാർഡ്ഷാ വാർത്താമൂല്യം ഉള്ള ഒരു മഹാവ്യക്തിയായി തുടരുന്നു. ഷായുടെ സാഹിത്യകൃതിയേക്കാൾ കൂടുതൽ ഷായെപ്പറ്റിയുള്ള സാഹിത്യം ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നു. ജീവിതകാലത്തു തന്നെ ബഹുമതിയും വിഖ്യാതിയുമാർജ്ജിക്കുകയും, നാടകകൃത്തെന്ന നിലയിൽ പ്രഥമസ്ഥാനം കരസ്ഥമാക്കുകയുംചെയ്തിട്ടുള്ള ഒരു വ്യക്തി ഇബ്സെൻ കഴിഞ്ഞാൽ പിന്നീട് വിശ്വസാഹിത്യത്തിൽ ബർണാർഡ്ഷാ മാത്രമാണ്. ഇബ്സെൻ ഒരു കവിയും, നാടകകൃത്തും മാത്രമായിരുന്നു. എന്നാൽ സോഷ്യലിസ്റ്റ് പ്രചാരകൻ, കലാനിരൂപകൻ, നാടകനിരൂപകൻ, ഗദ്യകാരൻ, നാടകകൃത്ത്, തത്വചിന്തകൻ എന്നീ നിലകളിലെല്ലാം ഷാ പ്രശസ്തനായി തീർന്നിട്ടുണ്ട്. സോഷ്യലിസ്റ്റ് അടിസ്ഥാനത്തിലുള്ള ഒരു പൂർണ്ണ സമ്പത്തിക വ്യവസ്ഥിതി, രാഷ്ട്രീയപുനസ്സംവിധാനം, സ്ത്രീപുരുഷബന്ധം, സാമൂഹ്യാചാരങ്ങൾ, ശരീരശാസ്ത്രപരമായ വികസനം, എന്നിവയെല്ലാം പ്രോദനം നൽകുന്ന സാഹിത്യസൃഷ്ടികൊണ്ടാണ് ഷാ വിശ്വവിഖ്യാതനായിതീർന്നിരിക്കുന്നതു്. കല കലയ്ക്കുവേണ്ടിയെന്ന ഉദ്ദേശത്തോടുകൂടി ഷാ ഒരു വാക്യംപോലും എഴുതിയിട്ടില്ല. പതിനെട്ടാം നൂറ്റാണ്ടുമുതൽ ബൂർഷ്വാസാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുത്ത അർത്ഥശൂന്യവും, ആത്മനാശകവുമായ അധഃപതിച്ച ആചാരമര്യാദകളെ തട്ടിത്തകർക്കുന്നതിനും, സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്ക വഴിതെളിക്കുന്നതിനാവശ്യമായ മൗലികതത്വങ്ങളും കർമ്മമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനും, ഉദ്ദേശിച്ചിട്ടുള്ള ലഘുലേഖകളും, ഗ്രന്ഥങ്ങളും, നിരൂപണസാഹിത്യങ്ങളും, നാടകങ്ങളുംആണ് കഴിഞ്ഞ എഴുപതുകൊല്ലക്കാലം അദ്ദേഹം രചിച്ചിട്ടുള്ളത്. ഈ നിലയിൽ നോക്കുമ്പോൾ ഷാ ഇന്നു ഏകനും അതുല്യനുമാണ്.

ഫേബിയൻ സോഷ്യലിസ്റ്റ്

ഇംഗ്ലണ്ടിലെ ഫേബിയൻ സോഷ്യലിസ്റ്റ്റ സൊസൈറ്റിയുടെ പ്രചാരകനായിട്ടാണ് ഷാ രാഷ്ട്രീയരംഗത്തു പ്രത്യക്ഷനായതു്. ഫേബിയന്മാർ സമരം ഒഴിവാക്കാൻ ശ്രമിക്കുന്നവരാണെന്നും, വിപ്ലവത്തെ നേരിടാൻ അവർ സന്നദ്ധരല്ലെന്നും, അതുകൊണ്ട് 'കഴിഞ്ഞുമാറികൾ' എന്ന അർത്ഥമാണ് ഫേബിയൻ എന്ന വാക്കിനുള്ളതെന്നും മറ്റും പറഞ്ഞു പണ്ഡിറ്റ് നെഹ്റുതന്റെ 'ആത്മകഥ'യിൽ ഫേബിയൻ സോഷ്യലിസ്റ്റുകളെ ആക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രധാനമന്ത്രി നെഹ്റു ഇന്നു ഫേബിയൻ സോഷ്യലിസ്റ്റുകളെയും കവച്ചുവയ്ക്കുന്ന 'കഴിഞ്ഞുമാറി' ആയിത്തീർന്നിട്ടുണ്ട്. സോഷ്യലിസവും പണ്ഡിതജിയുമായി ഒരു ബന്ധവുമില്ലെന്നു വിശ്വസിക്കുന്ന അനേകലക്ഷം യുവാക്കൾ ഇന്നു ഇന്ത്യയിലുണ്ട്. എന്നാൽ ബർണാർഡ്ഷാ ഫേബിയൻ സോഷ്യലിസത്തിൽ നിന്നും വളരെ പുരോഗമിച്ചിട്ടുണ്ട്. റഷ്യൻ വിപ്ലവത്തിനു മുൻപാണ് ഷായെ ഒരു ഫേബി

സിദ്ധപ്പെടുത്തിയിരുന്നു. അതിൽ ഇങ്ങനെ കാണുന്നു:—

"കോൺഗ്രസ്സിലെ അംഗങ്ങളിൽ ഭൂരിഭാഗവും ഹിന്ദുക്കളാണെങ്കിലും അതൊരു ഹിന്ദുസംഘടനയില്ലെന്നും കോൺഗ്രസ്സ് എല്ലാസമുദായക്കാരെയും പ്രതിനിധീകരിക്കുന്നുവെന്നും ഗാന്ധിജി ചൂണ്ടിക്കാണിച്ചു. പണ്ഡിറ്റ് നെഹ്റുവിനെ അനുഗമിച്ച് കോൺഗ്രസ്സ് പ്രസിഡൻറ് പദത്തിലേയ്ക്ക് ആരോഹണം ചെയ്തിരിക്കുന്ന ആചാര്യ കൃപലാനിക്ക് കോൺഗ്രസ്സ് പ്രസിഡൻറുപദം ഒരു പട്ടമെത്തയായിരിക്കുകയില്ല. പ്രധാനമന്ത്രി ഒരു മുൾക്കിരീടം ചൂടുകണമെങ്കിൽ, കോൺഗ്രസ്സ് പ്രസിഡൻറ് മുള്ളുകൊണ്ട നിറച്ച ഒരു കിടക്കയിൽ കിടക്കേണ്ടിവരും. സർ സയ്യദ് മുഹമ്മദ് പറഞ്ഞിട്ടുള്ളതു ഹിന്ദുക്കളും മുസ്ലിംകളും രാഷ്ട്രത്തിന്റെ രണ്ടു കണ്ണുകളാണെന്നാണ്. കോൺഗ്രസ്സ് പ്രസിഡൻറിനു ഒന്നിനോടൊന്നു വിവേചനം ചെയ്യുകാണുവാൻ സാദ്ധ്യമല്ല. രണ്ടിനെയും ഒരുപോലെ സേവിയ്ക്കുവാൻ പ്രസിഡൻറ് പ്രതിജ്ഞനാണ്. അതുകൊണ്ട് ഹിംസിക്കാതെ മരിക്കുകയെന്ന കല അഭ്യസിക്കുന്നതിനുവേണ്ടി പൂർവ്വബംഗാളിലേക്ക പോകുവാൻ ഗാന്ധിജി അദ്ദേഹത്തെ ഉപദേശിച്ചു. സ്വന്തം മാതൃകകൊണ്ട് ആ കലയുടെ വിജയം പ്രത്യക്ഷത്തിൽ കാണിച്ചുകൊടുക്കേണ്ടതു് അദ്ദേഹത്തിന്റെ കടമയാണ്. അദ്ദേഹം ഭാര്യയോടൊത്തു അവിടേയ്ക്കു പോകുന്നതു് ഒരു പക്ഷക്കാരെ രക്ഷിക്കുന്നതിനല്ല. ഇൻഡ്യയെ വിഴുങ്ങുവാൻ കൊതിയ്ക്കുന്ന സഹോദരഹിംസയെ നിവാരണം ചെയ്യുവാനാണ്."

ഒരു പക്ഷേ ഇതുപോലെ ഇന്നു താണ്ഡനോടും ഗാന്ധിജി ഉപദേശിക്കുമായിരുന്നു. പൂർവ്വബംഗാളിലെ സംഭവങ്ങൾ മൂലം നിലവിലിരിക്കുന്ന വിദ്വേഷത്തിന്റെ പശ്ചാത്തലത്തിൽ ഇതേ ഉപദേശംതന്നെ നൽകുമായിരുന്നു.

പക്ഷേ രാജർഷിയും അദ്ദേഹത്തെ തിരഞ്ഞെടുത്ത കോൺഗ്രസ്സുകാരും, ഗാന്ധിജിയെയും അദ്ദേഹത്തിന്റെ ആദർശങ്ങളേയും എന്നെന്നേക്കുമായി വിസ്മരിച്ചു കഴിഞ്ഞിരിക്കുന്നു.

താണ്ഡൻജി പ്രസ്താവിച്ചു, അദ്ദേഹം "കോൺഗ്രസ്സിന്റെ പാരമ്പര്യം" നിലനിർത്തുമെന്നു്. പക്ഷേ അദ്ദേഹം ഗാന്ധിജിയുടെ പാരമ്പര്യത്തെപ്പറ്റി പറയാത്തതു് അർത്ഥവത്താണു്!

നാസിക്ക് സമ്മേളനത്തിൽവച്ചു് ഗാന്ധിസത്തിന്റെ പാരമ്പര്യം പരസ്യമായി സത്യസന്ധതയോടെ ഉപേക്ഷിക്കേണ്ടതു കോൺഗ്രസ്സിന്റെ യുക്തിപൂർവകവും ആത്മാർത്ഥവുമായ കടമയാണ്. എന്നിട്ട് പുതിയ കോൺഗ്രസ്സ് പ്രസിഡൻറിന്റെ അഭിപ്രായഗതികൾക്കും വീക്ഷണകോണിനും യോജിച്ച ഒരു പുതിയ ആദർശവും രാഷ്ട്രീയസിദ്ധാന്തങ്ങളും അംഗീകരിക്കേണ്ടതുമാണ്.

— o —

യനായി നാം കാണുന്നു. വിപ്ലവത്തിനുശേഷം ഷാ എഴുതിയിട്ടുള്ള നാടകങ്ങളിൽ ഈ പുരോഗതി വ്യക്തമാണ്. റഷ്യൻസംഭവഗതികളിൽനിന്നുള്ള പാഠം ബർണാർഡു ഷാ പഠിക്കുകയും, തന്റെ സോഷ്യലിസ്റ്റു ആശയഗതികാലോചിതമായി നവീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പണ്ഡിതജിക്ക ഷായിൽനിന്നും ലഭിച്ചിട്ടുള്ളതു് ഒരു ഗദ്യരീതി മാത്രമാണ്. ഗദ്യരചനയിൽ ഷാ എത്രമാത്രം നൈപുണ്യവിനെ ബാധിച്ചിട്ടുണ്ടെന്നു ഇരുവരുടെയും ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളവർക്കു മനസ്സിലാക്കുവാൻ പ്രയാസമില്ല. ധാരാളം ഫേബിയൻ ലഘുലേഖകൾ ഷാ എഴുതിയിട്ടുണ്ട്. അനവധി മൈതാന പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. ഷായുടെ എഴുത്തിലും പ്രസംഗത്തിലും അന്യാദൃശമായ ഒരു ശക്തിവിശേഷം കാണുന്നുണ്ടെന്നു നിരൂപകന്മാർ സമ്മതിക്കുന്നു. പിന്നീട അദ്ദേഹം എഴുതിയിട്ടുള്ള Intelligent Womans' Guide to Socialism, Communism……" എന്ന ഗ്രന്ഥവും നാലഞ്ചു കൊല്ലത്തിനുമുൻപു പ്രസിദ്ധീകരിച്ച "Every bodys' Political what is what" എന്ന മഹാഗ്രന്ഥവും അദ്ദേഹത്തിന്റെ ഓജസ്സും ഒഴുക്കും ഫലിതവും നിറഞ്ഞ ഗദ്യശൈലിക്കും, വളരെ പുരോഗമിച്ച രാഷ്ട്രീയചിന്തയ്ക്കും മതിയായ സാക്ഷ്യം വഹിക്കുന്നുണ്ട്.

നിരൂപണങ്ങൾ

നിരൂപണസാഹിത്യത്തിനും ഷാ മഹത്തായ സംഭാവന നൽകിയിട്ടുണ്ട്. ഒരു കലാനിരൂപകൻ നാടകനിരൂപകൻ എന്നീ നിലകളിൽ ആദ്യകാലത്തു അദ്ദേഹം വളരെ പ്രസിദ്ധനായിത്തീർന്നു. പൈതൃകമായി ലഭിച്ച സംഗീതവാസന അദ്ദേഹത്തെ ഒരു പണ്ഡിതനായ സംഗീത നിരൂപകനുമാക്കി തീർത്തിട്ടുണ്ട്. ഈ 95—ാമത്തെ വയസ്സിലും അദ്ദേഹം പതിവായി പിയാനോ മീട്ടി പാടാറുണ്ട്. ഇതുകൊണ്ടു ബർണാർഡ്ഷാ ജന്മനാതന്നെ ഒരു കലാകാരനാണെന്നു വ്യക്തമാണല്ലൊ. നാടക നിരൂപണമായും, സംഗീതനിരൂപണമായും അദ്ദേഹം അനവധി ലേഖനങ്ങൾ ഈ നൂറാണ്ടിന്റെ ആരംഭകാലത്തും അതിനു മുൻപും എഴുതിയിട്ടുണ്ട്. അവയിൽ മിക്കവയും സമാഹരിച്ചു വാല്യങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്. പാശ്ചാത്യനിരൂപണസാഹിത്യത്തിൽ ഒരു പുതിയ വീക്ഷണകോണം, റീയലിസ്റ്റിന്റെ വീക്ഷണകോണം, ആദ്യമായി അവലംബിച്ചതിൽക്കാലത്തെ നിരൂപണസാഹിത്യത്തെ കാല്പനിക(Romanticism)തത്ത്വത്തിന്റെ പിടിയിൽ നിന്നെടുത്തുവാൻ ശ്രമിച്ചതു ആദ്യമായി ഷാ ആണെന്നു പറയുന്നതിൽ തെറ്റില്ല. യാഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാത്ത, പഴയ ചട്ടക്കൂട്ടുകളിൽ നിന്നുകൊണ്ടുള്ള സാഹിത്യ വിശകലനത്തെയും, കലാവിശകലനത്തെയും അദ്ദേഹം അങ്ങേയറ്റം എതിർത്തിട്ടുണ്ട്. ഷായുടെ നിരൂപണസാഹിത്യത്തിന്റെ ഒരു മാതൃകയായി Quintessence of Ibsenism എന്ന ഗ്രന്ഥത്തെ പരിഗണിക്കാം. മറ്റു പല നിരൂപകന്മാരും ഇബ്സന്റെ കൃതികളെ നിരൂപണം ചെയ്കയും, അവയിലെ സാഹിത്യമൂല്യം നിർണ്ണയിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. എഡ്മണ്ട്ഗോസ്സും, എല്ലിസ് റാബർട്ട്സും, യഥാക്രമം Ibsen, Henrik Ibsen—A critical Study, എന്ന രണ്ടു ഗ്രന്ഥം എഴുതിയിട്ടുണ്ട് ഇതിൽ രണ്ടിലും ഇബ്സന്റെ കാല്പനികകൃതികളെ വാനോളം പുകഴ്ത്തുകയും റീയലിസ്റ്റായിട്ടുള്ള ഗദ്യനാടകങ്ങളെ അത്രത്തോളം വിലമതിക്കാതിരിക്കുകയുമാണു ചെയ്തിട്ടുള്ളതു്. യഥാർത്ഥത്തിൽ ഇബ്സൻ വിശ്വവിഖ്യാതി ആർജ്ജിച്ചതു അദ്ദേഹത്തിന്റെ ഗദ്യനാടകങ്ങളിൽ കൂടിയാണ്. പാശ്ചാത്യനാടകവേദിയിൽനിന്നു കാല്പനികതത്ത ബഹിഷ്ക്കരിച്ചു്, അവിടെ റീയലിസ്റ്റു നാടകങ്ങൾക്കു നിലയും വിലയും ഉണ്ടാക്കിയതു ഇബ്സനാണ്. ഈ യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ടാണ് ഗോസ്സും, റോബർട്ട്സും ഇബ്സന്റെ സാഹിത്യമൂല്യം നിർണ്ണയിക്കാൻ ശ്രമിച്ചിരിക്കുന്നതു്. എന്നാൽ ഷാ ആകട്ടെ തന്റെ Quintessenceൽ നവീനവും പുരോഗമനോന്മുഖവുമായ ഒരു നിരൂപണരീതിയാണവലംബിച്ചതു്. ഇബ്സന്റെ യഥാർത്ഥമൂല്യം നിർണ്ണയിച്ചു വിശദീകരിക്കുവാൻ ബർണാർഡ്ഷായ്ക്കു കഴിഞ്ഞിട്ടുണ്ട്.

ഇബ്സനും, ഷായും

ഇബ്സൻ പാശ്ചാത്യനാടകവേദിയിൽ റീയലിസം അവതരിപ്പിച്ചു എന്നു പറഞ്ഞുവല്ലോ. എന്നാൽ ആ റീയലിസം കാല്പനികതത്തിന്റെ കലർപ്പില്ലാത്തതായിരുന്നില്ല തന്നെയല്ല തന്റെ Enemy of the people എന്ന നാടകത്തിൽ ജനകീയതത്ത്വത്തിനെതിരായ സിദ്ധാന്തംപോലും ഇബ്സൻ അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇബ്സന്റെ പരിമിതികളെ നല്ലപോലെ മനസ്സിലാക്കി അവയെ പരിഹരിച്ചുകൊണ്ടുള്ള ഒരു നാടകരചനാരീതിയാണ് ഷാ അവലംബിച്ചതു്. ഈ രീതികൊണ്ടു ബർണാർഡ്ഷാ ഇന്നു ലോകത്തിലെ ഏറ്റവും മികച്ച നാടകകൃത്താണെന്നുള്ള സ്ഥാനം ആർജ്ജിച്ചിരിക്കുന്നു. ഇബ്സൻ അവതരിപ്പിച്ച റീയലിസ്റ്റു സാങ്കേതികതത്വം, ഗദ്യരീതിയിലുള്ള നാടകരചനയും ഷാ അംഗീകരിച്ചു ഓരോ നാടകവും ഓരോ 'പ്രശ്നനാടക'ങ്ങളായിരിക്കണമെന്നുള്ള ഇബ്സന്റെ നിഷ്കർഷയും ഷാ അംഗീകരിച്ചു പക്ഷേ പ്രശ്നത്തിന്റെ കാര്യത്തിലാണ് ഇബ്സനും ഷായും തമ്മിൽ വളരെ അന്തരമുള്ളതു്. ഒരു ഫേബിയൻ സോഷ്യലിസ്റ്റായ ഷായ്ക്കു സോഷ്യലിസ്റ്റു വീക്ഷണകോണത്തിൽകൂടിയല്ലാതെ പ്രശ്നങ്ങളെ വീക്ഷിക്കുവാൻ സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു സോഷ്യലിസ്റ്റു ആശയങ്ങളെ റീയലിസ്റ്റു രീതിയിൽ പ്രതീകരിച്ചുകൊണ്ടുള്ള 'പ്രശ്നനാടക'ങ്ങളാണു ബർണാർഡ്ഷാ രചിച്ചതു്. അങ്ങനെ നാടകരീതിയുടെ പരിണാമത്തിൽ ബർണാർഡ്ഷാ ഇബ്സനെക്കാൾ അല്പം ഒരടി കൂടി മുന്നോട്ടു കടന്നിരിക്കുന്നു.

ഷായുടെ നാടകങ്ങൾ

ആകെ 46 നാടകങ്ങളാണ് ഷാ ഇതുവരെ രചിച്ചിട്ടുള്ളതു്. ഇതിൽ 10 നാടകങ്ങൾ 19—ാം നൂറാണ്ടിന്റെ പ്രതീയാർദ്ധകാലത്തിലും, ബാക്കി 36 നാടകങ്ങളും 20—ാം നൂറാണ്ടിന്റെ ആരംഭം മുതൽ ഇന്നുവരെയുള്ള കാലത്തിനുള്ളിലുമാണ് രചിക്കപ്പെട്ടതു്. 19—ാം നൂറാണ്ടിൽ രചിച്ചിട്ടുള്ള പത്തു നാടകങ്ങളെ ഷാ തന്നെ അസുഖകരമായവ, സുഖകരമായവ, രസവൈരി (puritans)കഥകളുള്ളവ എന്നിങ്ങനെ മൂന്നായിത്തരംതിരിച്ചിട്ടുണ്ട്.

അസുഖകരമായവ:—

1. Widowers house, 2. philanderer 3 Mrs. warren's profession

സുഖകരമായവ:—

4 Arms and the man, 5. Candida 6. Man of Destiny, 7 you Never can tell

രസവൈരികഥകളുള്ളവ:—

8. Devils Desciple 9. Caesar and Cleopatra 10 captain Brassbounds conversion ഈ പത്തു നാടകങ്ങളോടുകൂടി ബർണാർഡ് ഷായുടെ നാടകരചനയുടെ ഒരുഘട്ടവും, 19—ാം നൂറാണ്ടും അവസാനിക്കുന്നു. റീയലിസ്റ്റിന്റെ രീതിയിൽ 'പ്രശ്നനാടക'ങ്ങളെഴുതുന്നതിനു ബർണാർഡ് ഷായ്ക്കുള്ള കഴിവ് ഇതിനകം യൂറോപ്പുകമാനമുള്ള തന്റെ എതിരാളികളായ കാല്പനികന്മാർപോലും സമ്മതിച്ചു കഴിഞ്ഞിരുന്നു. എന്നാൽ നിലവിലിരിക്കുന്ന ആചാര്യ മര്യാദകളെ വെല്ലുവിളിക്കുന്നവയും, സാമ്പത്തിക—സാമൂഹ്യവ്യവസ്ഥിതിയെ ചോദ്യം ചെയ്യുന്നവയുമായ ഈ നാടകങ്ങളിലെ ആശയാദർശങ്ങളോടു അന്നത്തെ ജനങ്ങൾക്കു കഠിനമായ എതിർപ്പുണ്ടായിരുന്നു നിരീശ്വരവാദിയും സദാചാരബോധമില്ലാത്തവനുമാണ് ഷായെന്നു കാല്പനികന്മാർ പെരുമ്പറയടിച്ചു. താൻ നിരീശ്വരവാദിതന്നെയാണെന്നും, ഇന്നു സദാചാരമെന്നു പറയപ്പെടുന്നതു വെറും അധാർമ്മികതത്ത്വത്തിൽ അധിഷ്ഠിതമായ അനാചാരങ്ങളെയാണെന്നും ഷാ അവർക്കു ധീരമായ മറുപടി കൊടുത്തു. 19—ാം നൂറാണ്ടിൽ ഇതു അസാമാന്യമായ ഒരു ധീരതതന്നെയായിരുന്നു എന്നുള്ള പരമാർത്ഥം വിസ്മരിക്കാവതല്ല. കൂടാതെ ഓരോ നാടകത്തിലും അന്തർഭവിക്കുന്ന തത്ത്വങ്ങളെ വിശദീകരിച്ചുകൊണ്ടു്, മിക്കപ്പോഴും ആ നാടകത്തേക്കാൾ ദീർഘമായ ആമുഖങ്ങളും എഴുതുന്ന പതിവും അദ്ദേഹം ആരംഭിച്ചു.

—കാണുക അടു

ഈ ആമുഖങ്ങളിൽ കൂടി ഹാസ്യരസം തുളുമ്പുന്ന ഭാഷയിൽ പ്രതിയോഗികളെ കടന്നാക്രമിക്കുകയും പ്രശ്നങ്ങൾക്ക് വിശദീകരണം നൽകുകയും ചെയ്തു. 20-ാം നൂറ്റാണ്ടിന്റെ ഉദയമായപ്പോഴേക്കും ബർണാർഡ് ഷാ ഒരു നല്ല തത്വചിന്തകനും വിശ്വവിഖ്യാതനായ നാടകകൃത്തും ആയിതീർന്നു.

1901-ൽ Man and super man എന്ന നാടകം രചിച്ചു തുടങ്ങിയതോടുകൂടി ഷായുടെ ആശയങ്ങളും, ആദർശങ്ങളും ഒരു വ്യക്തരൂപം കൈക്കൊണ്ടു. 1903-ൽ ഈ നാടകം പ്രസിദ്ധീകരിച്ചു. ഷായുടെ നാമം ഇതോടുകൂടി ശാശ്വതീകരിക്കപ്പെട്ട എന്നു തന്നെ പറയാം. തന്റെ ഏറ്റവും പ്രിയതരമായ ജീവശ്ശക്തി (Life force) സിദ്ധാന്തത്തിനും, സൃഷ്ട്യുന്മുഖപരിണാമ (Creative evolution) സിദ്ധാന്തത്തിനും ഷാ വാഗ്രൂപംകൊടുത്തതു ഈ നാടകത്തിലാണ്. ഇതിൽ സൃഷ്ട്യുന്മുഖപരിണാമസിദ്ധാന്തം താൻ പിന്നീട് എഴുതിയ ഒരു നാടകമായ (Back to Methuselah) എന്ന നാടകത്തിൽ കൂടുതലായി വിശദീകരിച്ചിട്ടുണ്ട്. ഈ രണ്ടു സിദ്ധാന്തങ്ങളുടെ ഉപജ്ഞാതാവെന്ന നിലയിൽ തത്വചിന്താലോകത്തിലും ഷാ ഉന്നതമായ ഒരു പദവി ആർജ്ജിച്ചിട്ടുണ്ട്. സൃഷ്ട്യുന്മുഖപരിണാമസിദ്ധാന്തത്തിന്റെ ആവിഷ്കാരമായി ഷാ വികസിപ്പിച്ച ഒരു സിദ്ധാന്തമാണ് Super man theory (അതീതമനുഷ്യ സിദ്ധാന്തം) ഭൗതികവാദത്തിന്റെ മൗലിക സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി മനുഷ്യജീവിതത്തിനു പ്രത്യേക പ്രാധാന്യം നൽകി വികസിപ്പിച്ചിട്ടുള്ള സിദ്ധാന്തങ്ങളാണിവ. മനുഷ്യവർഗ്ഗം ജീവിവർഗ്ഗങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നുണ്ടെങ്കിലും, ജീവിതസംവിധാനത്തിൽ മനുഷ്യൻ പരാജയം അടഞ്ഞിരിക്കുന്നുഎന്നും, ഒരു വർഗ്ഗം എന്ന നിലയിൽ മനുഷ്യൻ ഭൂമുഖത്തുനിന്നും നിഷ്കാർജ്ജനംചെയ്യപ്പെടാതിരിക്കണമെങ്കിൽ ശാസ്ത്രീയമായി സംവിധാനംചെയ്യപ്പെട്ട ഒരു പദ്ധതിയനുസരിച്ച ദീർഘജീവിതത്തിനും, ആരോഗ്യത്തിനുംവേണ്ടി മനുഷ്യൻ ബോധപൂർവം ശ്രമിക്കേണ്ടതാണെന്നും ഷാ വാദിക്കുന്നു. സൃഷ്ട്യുന്മുഖപരിണാമം, ജീവശ്ശക്തി എന്നീ മൗലികാടിസ്ഥാനങ്ങളിൽ മനുഷ്യനെ ഈ വഴിക്കു മുന്നോട്ടു നയിക്കുവാൻ Man and Superman മുതൽ Back to Methusellah വരെയുള്ള നാടകങ്ങളിൽകൂടി ഷാ പ്രയോത്നം നൽകുന്നുണ്ട്.

1-ാം നൂറ്റാണ്ടിലെ നാടകങ്ങൾ

മേൽ പറയപ്പെട്ട അടിസ്ഥാനതത്വത്തിന്റെ വെളിച്ചത്തിൽ സാമൂഹ്യബന്ധം, സാമ്പത്തിക ബന്ധങ്ങൾ, രാഷ്ട്രീയജീവിതം, മതം, വിദ്യാഭ്യാസം, [illegible] പ്രശ്നങ്ങൾ എന്നിവ [illegible] പ്പെടുത്തി [illegible] പ്പതിപ്പ്

ഷാ വിശദീകരിക്കുന്ന 26 നാടകങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇന്നുവരെയുള്ള പ്രഥമാർദ്ധത്തിൽ അദ്ദേഹം രചിച്ചിട്ടുണ്ട്. ഈ നാടകങ്ങളുടെ ക്രമമായ പട്ടിക താഴെ കൊടുക്കുന്നു:—

Man and superman (1901-3) John Bulls other Island, How he lied to her Husband, Major Barbara, Doctor's Dilemma, getting Married, showing up of Blanco Posnet, Misalliance, Dark lady of the sonnets, Fanmy's First Play, Androcles nd the Lion, Overruled, Pygmalion, Heart break House, Great Catherine, O'Flaherty, The Inca of Perusalem, Augustus does his bit, Annajauska. Back to Methuselah, Saint John, The Applecart Jittas atonement, Admirable Bashville, Presscuttings, Glimpse of reality, Passion Poison and Petrification, The Fascinating Foundling, The Music Cure, Too true to be good, Village wooing, On the Rocks, Simpleton of the unexpected Isles, The Six of Calais, The Millionairess, The Black Girl.

ബർണാർഡ് ഷായുടെ എല്ലാ നാടകങ്ങളും കൂട്ടിച്ചേർത്തു കമനീയമായ രണ്ടു വാല്യങ്ങളിലായി Home library club പ്രസിദ്ധീകരിച്ചിട്ടുണ്ട്. "ഗ്രന്ഥകർത്താവിന്റെ മുന്നറിയിപ്പ്" എന്ന ശീർഷകത്തിൽ ഒരു ആമുഖവും ഈ ഗ്രന്ഥത്തിനു ഷാ എഴുതിയിട്ടുണ്ട്. കൂടാതെ എല്ലാ നാടകങ്ങളുടെയും ആമുഖങ്ങളും ശേഖരിച്ച രണ്ടു വാല്യങ്ങളിലായി ഈ ക്ലബ്ബുതന്നെ പ്രസിദ്ധീകരിച്ചിരിക്കുന്നു. "ഗ്രന്ഥകർത്താവിന്റെ മുന്നറിയിപ്പ്"ൽ ഷാ ഇപ്രകാരം പറയുന്നു:—

"എന്റെ ദീർഘമായ ജീവിതകാലത്തു എഴുതിതീർത്തിട്ടുള്ള നാടകങ്ങളെല്ലാം ഒറ്റവായന കൊണ്ടു ഗ്രഹിച്ചുകളയാമെന്നു വിചാരിക്കേണ്ടാ. പതിവായി ഒരുകൊല്ലം രണ്ടാവർത്തി എന്ന കണക്കിനു പത്തുകൊല്ലമെങ്കിലും നിങ്ങൾ അതു വായിക്കണം. അതിനുവേണ്ടിയാണു ഘനമായ രണ്ടു വാല്യങ്ങളായി ഇതു ബൈൻഡുചെയ്തു നിങ്ങൾക്കു തരുന്നതു"

ഷായുടെ ഈ ഉപദേശം വളരെ വാസ്തവമാണെന്നു ഈ നാടകങ്ങൾ ശ്രദ്ധയോടുകൂടി വായിക്കുന്നവർക്കു ബോദ്ധ്യമാകും. ആണ്ടിൽ രണ്ടു പ്രാവശ്യമല്ലെങ്കിലും, കഴിഞ്ഞ അഞ്ചു കൊല്ലങ്ങൾക്കകം ഒരോ നാടകവും മൂന്നാവർത്തിവീതം വായിക്കുവാൻ ഈ ലേഖകൻ ശ്രമിച്ചിട്ടുണ്ട്. ഒരോ ആവർത്തിവായിക്കുമ്പോഴും ഗ്രന്ഥകർത്താവിനെയും, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ചിന്താഗതിയേയും കൂടുതൽ കൂടുതൽ മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. തകരുന്ന വ്യവസ്ഥിതിയുടെ മൗലികമായ തകരാറുകൾ ചൂണ്ടിക്കാണിക്കുകയും ഉയരുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ മൗലികമായ തത്വങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നതിനു ആദ്യന്തം ഷാ ബോധപൂർവ്വം ശ്രമിച്ചിട്ടുണ്ട്. ഓരോ നാടകത്തിന്റെയും ഇതിവൃത്തം, കഥാപാത്രങ്ങൾ, പ്രശ്നചർച്ച എന്നിവയെ പ്രത്യേകം പ്രത്യേകം എടുത്തു ചർച്ചചെയ്യുവാൻ ഇതുപോലെയുള്ള ഒരു ഹ്രസ്വ ലേഖനത്തിൽ സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു ഒരു സ്ഥൂലരൂപം വരയ്ക്കുവാൻ മാത്രമെ ഞാൻ ശ്രമിച്ചിട്ടുള്ളു.

സാമൂഹ്യബന്ധമെന്ന നിലയിൽ ഷായുടെ 'പ്രണയ'ത്തിനു കാല്പനികതത്വത്തിന്റെ കലർപ്പു കുറച്ചൊന്നെയില്ല, അതു ദിവ്യമോ, അപ്രമേയമോ അല്ല. വിവാഹത്തിന്റെ സാമൂഹ്യമൂല്യത്തെപ്പറ്റിയാണ് ഷാ ഉന്നിപ്പറഞ്ഞിരിക്കുന്നതു. ജീവശ്ശക്തിയാൽ പ്രചോദിതമായ മാനുഷിയ ഒരു സാമൂഹ്യബന്ധമെന്ന നിലയിലാണ് ഷാ വിവാഹത്തെ കരുതുന്നതു.

സംസ്കാരം, ശ്രദ്ധ, സംസ്ക്കാര-, നാഗരികത ഇവയെല്ലാം ധനത്തെ ആശ്രയിച്ചാണിരിക്കുന്നതെന്നും, ദാരിദ്ര്യം കുറ്റകരമാണെന്നും ഒരോവ്യക്തിക്കും ജീവിക്കാനുള്ള അവകാശം ഭദ്രമാക്കേണ്ടതാണെന്നും Major barbara എന്ന നാടകത്തിൽ undershaft എന്ന ധനികകഥാപാത്രത്തെക്കൊണ്ടു ഷാ വ്യക്തമാക്കുന്നു. സ്ത്രീകൾക്കു സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണെന്നും പുരുഷനോടൊപ്പം അവസരസമത്വം നൽകേണ്ടതാണെന്നും ഷാ എപ്പോഴും വാദിക്കുന്നു.

രാഷ്ട്രീയതലത്തിൽ സോഷ്യലിസമാണ് ഷായ്ക്കു നൽകാനുള്ള 'സുവിശേഷം'. ഷേക്സ്പീയർ രാജഭരണത്തിൽ വിശ്വസിക്കുന്നതുപോലെ ഷാ സമഷ്ടിഭരണത്തിൽ വിശ്വസിക്കുന്നു. എന്നാൽ ഇബ്സെനെപ്പോലെ ഷായും, പാർലമെന്റും പ്രായപൂർത്തി വോട്ടവകാശവും പ്രബലന്മാരായ ന്യൂനപക്ഷങ്ങൾക്കു ഭരണാധികാരം പിടിച്ചെടുക്കാനുള്ള യന്ത്രങ്ങളാണെന്നു വിശ്വസിക്കുന്നു. സാമ്പത്തികമായ അവസരസമത്വം കൂടാതെയുള്ള ഡെമോക്രസി ഒരു സാമൂഹ്യവഞ്ചനയാണെന്നു Apple Cart, On the Rocks, എന്നീ നാടകങ്ങൾവഴി ഷാ സ്ഥാപിക്കുന്നുണ്ട്. സോഷ്യലിസത്തിന്റെ പുരോഗതിയോടുകൂടി വ്യക്തികളുടെ ശരീരശാസ്ത്രപരമായ വികസനവും പുരോഗമിക്കണമെന്നു ഷായ്ക്കു നിർബന്ധമുണ്ട്. ഇന്നത്തെ പശ്ചിമയൂറോപ്യൻ ഡെമോക്രസി "ആയുധമേന്തിയ ഭോഷത്വം" ആണെന്നു Arms and the Man എന്ന നാടകത്തിൽ ഷാ ഒരു കഥാപാത്രത്തെക്കൊണ്ടു പറയിച്ചിട്ടുണ്ട്.

സംഘടിതമതങ്ങളെയെല്ലാം ഷാ പരസ്യമാ

യി എതിർക്കുന്നുണ്ട്. പൌരോഹിത്യത്തെ ഷാ വെറുക്കുന്നു ദൈവത്തിന്റെ ശിഷ്യനായ വൈദികനേക്കാൾ ഒരു പരീക്ഷണഘട്ടത്തെ മനുഷ്യത്വത്തോടുകൂടി നേരിടുന്നതു ചിശാചിന്റെ ശിഷ്യനായ ഒരു യുവാവാണെന്നു Devil's' Desciple എന്ന നാടകത്തിൽ പ്രധാന കഥാപാത്രങ്ങളുടെ പെരുമാറ്റംകൊണ്ടു ഷാ വിശദീകരിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണകഥയിൽ അദ്ദേഹത്തിനു വിശ്വാസമില്ല. ഒരു സാമൂഹ്യവിപ്ലവകാരി എന്ന നിലയിൽ ക്രിസ്തുവിനെ ഷാ ബഹുമാനിക്കുന്നു മതേതരമായ സൃഷ്ടിനൂതനപരിണാമവും, ജീവശക്തിയുമാണു ഷായുടെ വിശ്വാസപ്രമാണങ്ങളെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. "ഒരു ദൈവം ഉണ്ടെങ്കിൽത്തന്നെ സോഷ്യലിസത്തിൽ കൂടിയെ ദൈവസാക്ഷാത്കാരം സാധ്യമാകൂ" എന്നു Black Girl എന്ന നാടകത്തിൽ ഷാ വാദിക്കുന്നു.

ഇങ്ങനെ ഷായുടെ സാഹിത്യശ്രമങ്ങളിൽ ആദ്യന്തം സോഷ്യലിസത്തിന്റെ സന്ദേശമാണു മികച്ചുനിൽക്കുന്നതു്. റഷ്യൻ വിപ്ലവത്തിനു കാൽശതാബ്ദത്തിനു മുൻപുതന്നെ ഇംഗ്ലീഷ് ഭാഷയിലൂടെ പ്രചാരമുള്ള എല്ലാ രാജ്യങ്ങളിലും സോഷ്യലിസത്തിന്റെ സന്ദേശം പരത്താൻ ഷാ ശ്രമം ആരംഭിച്ചു കഴിഞ്ഞിരുന്നു. എന്നാൽ റഷ്യൻ വിപ്ലവാനന്തരം മാക്സ്സിംഗോർക്കി സോഷ്യലിസ്റ്റ് റിയലിസത്തിനു ഒരു പുതിയ തിരിവും വ്യാഖ്യാനവും നൽകി. ഈ തിരിവു് ഷാ അംഗീകരിച്ചിട്ടുണ്ടെന്നു വിപ്ലവാനന്തരം ഷാ എഴുതിയിട്ടുള്ള നാടകങ്ങളിൽ നിന്നു വ്യക്തമാണു്. എങ്കിലും, സാരാംശത്തിൽ ഷാ ഇന്നും ഫേബിയൻ തന്നെയാണു്. ഇബ്സന്റെ വെറും റിയലിസത്തിൽ നിന്നു ഷാ സോഷ്യലിസ്റ്റും റിയലിസത്തിലേക്കു ഉയർന്നു. എന്നാൽ മാക്സിം ഗോർക്കിയുടെ റിയലിസത്തിലുള്ളതു വിപ്ലവാത്മകതപം ഷായിൽ കണ്ടില്ലെന്നു വരാം എങ്കിലും യൂറോപ്പിലെ സോഷ്യലിസ്റ്റ് റിയലിസപ്രസ്ഥാനത്തിന്റെ പുരോഗതിക്കു ഷാ നൽകിയിട്ടുള്ള സംഭാവന മഹത്തരമാണു്. ഷായുടെ കൃതികൾ ഇംഗ്ലീഷ് ഭാഷയിലായതുകൊണ്ടു അതിനു സാർവ്വലൌകികമായ പ്രചാരവേലനടത്തുവാൻ സാധിച്ചിട്ടുണ്ടെന്നുള്ളതും വിസ്മരിക്കാവതല്ല. ആദ്യന്തം ഫലിതരസം തുളുമ്പുന്ന അന്യാദൃശവും തുളച്ചു കയറുന്നതുമായ ഒരു പ്രത്യേക ഭാഷാശൈലിയാണു ഷായ്ക്കുള്ളതു്. ഈ ശൈലിയും, അതോടൊപ്പം ഷോവിയൻ പരിതാഗതിയും ഒരു പരിവർത്തനശക്തി നൽകിക്കൊണ്ടു ഇന്നും പുരോഗമിക്കുന്നു.

Visit!
Bharat Studios,
Trivandrum.

സിനിമാലോകം

[വി. പി. സതി]

ആഗസ്റ്റ് പതിനഞ്ചാംതീയതി വൈകുന്നേരം. ബാംബെയിൽ മറൈൻ ഡ്രൈവിൽ ഒരു വലിയ ജനക്കൂട്ടം കണ്ടു എന്റെ ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു. ആളുപായമോ, വഴിയിലഹളയോ എന്താണെന്നു അറിയാതെ ഞാൻ അമ്പരന്നു. അന്വേഷിച്ചു വന്നപ്പോൾ സിനിമാതാരമായ ശ്രുമിനെ കാണുവാൻ ചുറ്റിക്കൂടിയ ജനക്കൂട്ടമാണു് അതെന്നു, എനിക്കു് അറിയുവാൻ സാധിച്ചു.

ഇംഗ്ലണ്ടിൽ പ്രധാനമന്ത്രിയെ കാണുന്നതിൽ കൂടുതൽ ഉത്സാഹം ഹോളിവുഡ്ഡിൽ നിന്നുള്ള ഒരു സിനിമാതാരത്തെ കാണുന്നതിനാണു്. ഇൻഡ്യാക്കാർ അതു അധ:പതിച്ചിട്ടില്ലെങ്കിലും, സിനിമാതാരങ്ങളെ കണ്ടു നയനസാഫല്യം വരുത്തുവാൻ തിങ്ങിക്കൂടുന്ന ജനങ്ങളും ചില്ലറയൊന്നുമല്ല ഒഴിവു ദിവസങ്ങളിൽ വൈകിട്ടു മറൈൻ ഡ്രൈവിലുള്ള നർഗീസിന്റെ വീട്ടിനു മുമ്പിൽ പത്തിരുന്നൂറു ആളുകളെങ്കിലും കൂടി നിൽക്കാതിരിക്കുകയില്ല. പുരുക്കത്തിൽ രഹസ്യമായി നർഗീസിനു് വെളിയിലെവിടെയെങ്കിലും പോകണമെന്നുവച്ചാൽ സാധ്യമല്ലെന്നുള്ളതാണു് പരമാർത്ഥം.

"ഷീഷ് മഹാൽ"

സുപ്രസിദ്ധ ഡയറക്ടറായ ഷൊറാബ്ജി മോഡിയുടെ ഏറ്റവും പുതിയ ചിത്രമാണു് "ഷീഷ് മഹാൽ" അതിനു ലഭിച്ച സ്വാഗതം അഭിനന്ദനാർഹമാണു്.


ജന്മിത്വവും മുതലാളിത്തവും തമ്മിലുള്ള മത്സരമാണു് ഇതിലെ ഇതിവൃത്തം. ഈ ഇതിവൃത്തം അല്പം പഴകിപ്പോയി എന്നുള്ളതിൽ സംശയമില്ല ഇപ്പോൾ മുതലാളിയും, ജന്മിയും കൈകോർത്തു പിടിച്ചുകൊണ്ടു് സോഷ്യലിസത്തിനെതിരായി സംഘംകൂടുന്നതാണു് യഥാർത്ഥത്തിൽ കണ്ടുവരുന്നതു്. എന്തായാലും ജന്മിത്വത്തിന്റെ അർത്ഥശൂന്യമായ കുലീനതാഭിനയം ഇന്നും എവിടെയും കാണാവുന്നതാണല്ലോ. കടത്തിൽ മുങ്ങിക്കൊണ്ടിരുന്നിട്ടും രക്തത്തിന്റെ കുലീനതയെപ്പറ്റി സപ്രമഞ്ചം കാണുന്ന ഒരു കാലവൈകൃതത്തിന്റെ കഥയാണു് ഇതു്. താക്കൂർ ജസ്പാൽസിങ്ങും അയാളുടെ കുടുംബവും—പണവുംപാരിയുടെ ഔദാര്യംകൊണ്ടാണു് പ്രൌഢിയും പ്രതാപവും പുലർത്തിപ്പോരുന്നതു്. ഒടുവിൽ കുടുംബസ്വത്തായ "ഷീഷ് മഹാൽ" പോലും കടക്കാർ കൊണ്ടുപോകും. ഉർഗ്ഗാപ്രസാദ് എന്ന ഒരു മുതലാളിയാണു് ആ ബംഗ്ലാവു് വിലയ്ക്കു വാങ്ങുന്നതു്. സ്വന്തം കീശകൂടി ഉപയോഗിച്ചു പണമുണ്ടാക്കിയ ഒരു തൊഴിലാളിയാണു് ഉർഗ്ഗാപ്രസാദ്. ജന്മിയുടെ മകളും, മുതലാളിയുടെ മകനും പ്രണയബദ്ധരാകുന്നതും പ്രണയവിഘ്നങ്ങളും വിജയവും എല്ലാം ചേർന്നുള്ള ഒരു പ്രേമകഥയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്, "ഇന്നത്തെ തൊഴിലാളി നാളത്തെ ബഹുമാന്യനായ പൌരനാണെന്ന" ചിന്തിപ്പിക്കുവാൻ ആശയമാണു് ഈ ചിത്രത്തിൽ കൂടി പ്രതിപാദിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതു്.

താക്കൂറിന്റെ ഭാഗം വളരെ തന്മയത്വമായി അഭിനയിച്ചിരിക്കുന്നതു് ഷൊറാബ്ജി മോഡി തന്നെയാണു. നസീം, പുഷ്പാഹാൻസ്, അമർനാഥ് ഗുപ്ത, ജവഹർകാർ

[ശേഷം 10-ംപേജിൽ]



ഗീതാ



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം പോട്യത്രപത്രിൽ പത്രാധിപർക്കു എഴുതുക. കവറിനു മുകളിൽ "പോട്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ പോട്യത്തിനു അഞ്ചുരൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

പി. സി. ബഗനൻ, തുമ്പമൺ

ശ്രീബ്രഹ്മാനന്ദസ്വാമി ശിവയോഗികളുടെ ആനന്ദമതത്തെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണു്?

ഒരു യോഗിനിഅമ്മയുടെ പേരുവച്ചു ചില ലഘുലേഖകൾ എനിക്കു തുടരെ കിട്ടുന്നുണ്ടു്. ആ മതം എന്തായാലും ക്ഷേത്രമതത്തിനെതിരായ ആ ലഘുലേഖകൾ വായിക്കാൻ കൗതുകമുണ്ടു്.

കെ. യു. മഹേശ്വരൻ, ഉള്ളൂർ

കമ്മ്യൂണിസത്തിനും സോഷ്യലിസത്തിനും പുരോഗമനസാഹിത്യംകൊണ്ടു വല്ല നേട്ടവുമുണ്ടോ?

ഈ ഇസങ്ങൾ പ്രതിപാദിക്കുന്ന സാഹിത്യസൃഷ്ടികളാണു് പുരോഗമനസാഹിത്യഗ്രന്ഥങ്ങൾ.

കെ. കെ. വിദ്യാധരൻ, കുറവിലങ്ങാടു്.

ഡി. എം. പൊറ്റക്കാടിന്റെ ഓണനിലാവിൽ എന്ന ചെറുകഥയിൽ വരച്ചിരിക്കുന്ന സമൂഹപശ്ചാത്തലം ഈ രാജ്യത്തു എവിടത്തെ താണെന്നംഗീകരിക്കണമെന്നാണു് നിങ്ങൾ— സോഷ്യലിസ്റ്റുറീയലിസ്റ്റുകളുടെ വാദം.

അതു റീയലിസ്റ്റിക്കല്ലെന്നു പറഞ്ഞാൽ കക്ഷിപിടിത്തമാണെന്നു കോലാഹലമാകും. മിയാൻതാംഗ് എന്ന ഒരു പ്രസിദ്ധ ചൈനീസ് ചെറുകഥാകൃത്തു് എഴുതിയിട്ടുള്ള "കഷ്ടകാലിക" എന്ന കഥയ്ക്കു എഡ്ഗാർസ്നോ നൽകിയ തർജ്ജമയെ അനുകരിച്ചാണു് പൊറ്റക്കാടിന്റെ കഥ. ഗറില്ലായുദ്ധമെന്നു പറഞ്ഞാൽ എന്താണെന്നു പൊറ്റക്കാടിനു യാതൊരു നിശ്ചയവുമില്ലെന്നും ആ കഥ വ്യക്തമാക്കുന്നുണ്ടു്.

പൊറ്റക്കാട്ടിന്റെ 'ആരാധിക'യോ തകഴിയുടെ "രാജിക്കുശേഷ"മോ പുരോഗമനപരമായിട്ടുള്ളതു്?

പൊറ്റക്കാട്ടിന്റെ ആരാധിക കറയറ്റ പെസിമിസമാണു്. പാർട്ടിയിൽനിന്നു രാജിവച്ചാൽ കൊന്നുകളയുമെന്നു പറഞ്ഞാൽ ഭയപ്പെട്ട പാർട്ടിയിൽ നിന്നുകൊള്ളുമെന്ന സന്ദേശമാണതിനകത്തുള്ളതെന്നു നിശ്ചയമില്ല. തകഴിയുടെ കഥ കുറേകൂടി അർത്ഥവത്താണു്. ഒരുത്തൻ ഒരു പാർട്ടിയിൽ നിന്നു രാജിവച്ചു എന്നു കരുതിക്കാരണത്താൽ നശിക്കണമെന്നില്ല. പാർട്ടിയിൽ നിന്നു രാജിവച്ചില്ല എന്ന കാരണത്താൽ ധീരനാകണമെന്നുമില്ല.

വിദ്യാധരൻ, ആലപ്പുഴ.

നിങ്ങൾ ഒരു തികഞ്ഞ ഭീരുവാണു്. പതിനായിരം മാപ്പുകളുമെഴുതി പോലീസു ഇൻസ്പെക്ടറെ കാണുമ്പോൾ അരക്കച്ചകെട്ടുന്ന ചില 'വിപ്ലവകാരികൾ' എഴുതി അയക്കുന്ന ചൊറികുത്തു വിപ്ലവ ചോദ്യങ്ങൾ നിങ്ങൾ പ്രസിദ്ധീകരിക്കുന്നതു ഒരു ദുർബലബോധവും ഭീരുത്വവുംകൊണ്ടാണു്. എന്റെ അഭിപ്രായം ശരിയല്ലേ?

അതു പ്രസിദ്ധീകരിച്ചാലുടൻ പിടലിവെയാടിഞ്ഞെ ഞാൻ നിലത്തു വീഴുമെന്ന ഭാവത്തിലാണു് ആ കൃഷ്ണോട്ടകം വാള വീശുന്നതു്. ആ "പരാക്രമം" കാണുന്ന നേരമ്പോക്കിനു അവ പ്രസിദ്ധീകരിക്കുന്നേയുള്ളൂ.

കെ. എ. ദേവി, പത്രാധിപ, "സാഹിതി"

കൗമുദി വിശേഷാൽ പ്രതിയിൽ സമ്മാനാർഹമായ കഥയിൽ ഒരു തുള്ളിക്കു ഒരു കുടംപോലെ ചൊരിയുന്ന മഴയത്തു നനഞ്ഞൊലിച്ചു വന്നു നിന്നിട്ടു അകത്തു മറഞ്ഞ ആളിന്റെ നനഞ്ഞ കൽച്ചുവട്ടുകളോ ഈറൻ ഒലിപ്പാട്ടുകളോ ഏ. എസ്. പി ആകാൻ ചാൻസായി കരുതി പിന്തുടരുന്ന പോലീസ് ഇൻസ്പെക്ടർ കണ്ടില്ലെന്നു വരുന്നതു കഥയ്ക്കാരു വൈകല്യമല്ലേ?

ആണെന്നു പറയാം. പക്ഷേ ആ ഇൻസ്പെക്ടർ കൂടുതൽ ശ്രദ്ധിക്കുന്നതു് അവളുടെ ശരീരത്തിന്റെ വടിവുകളാണു്.

25-ാംലക്കം കൗമുദിയുടെ മുഖചിത്രമായ 'ഉഷ' വിശേഷാൽപ്രതിയിൽ കാണുന്ന ശ്രീമതി കെ. ചന്ദ്രികയുടെ ഒരു പരിഷ്കരിച്ച പതിപ്പല്ലേ?

ആ ചിത്രത്തിന്റെ പ്രസിദ്ധീകരണത്തിൽ ഒരു പ്രമാദം പറ്റിയിട്ടുണ്ടു്, ഞാൻ പോകുന്ന ധൃതിയിൽ ഒരു പടത്തിനു എഴുതിയതു മറ്റൊരു പടത്തിനു ചേർത്തുപോയി. പ്രസ്തുത ചിത്രം ഒരു ഹിന്ദി സിനിമാതാരത്തിന്റേതാണു്.

ഈ. കെ. കുമാർ ബി. എസ് സി, കോന്നി

താങ്കളുടെ വിശേഷാൽ പ്രതിയിൽ ഒരു ലേഖനത്തിൽ ക്രോംപെറ മദ്രാസിൽ നിന്നു 30 മൈൽ അകലെയാണെന്നുകണ്ടു. ക്രോംപെറ മദ്രാസിൽ നിന്നു 15 മൈൽ അകലെയാണു്. ഇങ്ങനെയുള്ള പച്ചപ്പൊളികളം തട്ടിവിട്ട വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്നതു് പത്രധർമ്മത്തിനു ഉചിതമാണോ?

നിങ്ങൾ പറയുന്നതാണു് ശരി. തെറ്റുപറ്റുക മനുഷ്യസഹജമാണു്. അപ്പോൾ "ക്രോംപെറ്റ" എന്ന കഥയിൽ ഈ ഒരു തെറ്റുമാത്രമേയുള്ളോ?

പി. സുകുമാരപിള്ള, മേവികളം.

നെയ്യാറിൻകര നിയോജകമണ്ഡലത്തിലെ മരാമത്തുജോലികളം നിർത്തിവച്ചതായും അവിടെ ക്രട്ടിയിട്ടിരുന്ന മെറ്റൽ നെടുമങ്ങാട്ടേക്കു മാറ്റാൻ ഉത്തരവിട്ടതായും ലേഖകൻ റിപ്പോർട്ടു ചെയ്യുന്നു. അവിടെയും തോൽക്കുകയാണെങ്കിൽ എങ്ങോട്ടുമാറും?

'സ്റ്റീം റോളർ' ഓട്ടന്നിടത്താണു് മെറ്റൽ വേണ്ടതു്. രണ്ടു സ്ഥലത്തു കോൺഗ്രസ് സ്റ്റീം റോളർ ഓടിച്ചു. പെരുംപാറയെന്നു കരുതപ്പെട്ടിരുന്ന കോൺഗ്രസ്, പാറച്ചില്ലികളംപോലെ തകർന്നു പരന്നു. ഇനിയും ഇത്തരം കുറേ കല്ലുകളുമായി കോൺഗ്രസ് 'സ്റ്റീം റോളർ' എല്ലാസ്ഥലത്തുമെത്തും.

വി. കെ. രാധാകൃഷ്ണദാസ്, കുവപ്പടി

കുമുദി പാരായണം ചെയ്തതുമൂലം അതിന്റെ പത്രാധിപരെപ്പറ്റി പല വിവരങ്ങളും ലഭിച്ചു. പൊക്കം, വണ്ണം, നിറം, സംസ്കാരം, ബുദ്ധി, കലാസിദ്ധി എന്നിങ്ങനെ പലതും. ക്രട്ടത്തിൽ അദ്ദേഹത്തിനു തല നരച്ചുവരെപ്പറ്റി പൊതുവെ പുച്ഛമാണെന്നു ഞാൻ ക്രട്ടി ചേർത്താൽ വല്ല വാസ്തവവുമുണ്ടായിരിക്കുമോ?

നേരേ മറിച്ചു തല നരച്ചവരെ ആ ഒരൊറ്റക്കാരണത്താൽ അദ്ദേഹം സാധാരണഗതിയിൽ ബഹുമാനിക്കാറുണ്ടു്.

എസ്. രാജൻ, യൂണിവേഴ്സിറ്റികാരളജ്

ബുദ്ധി എന്നാൽ എന്തു്?

ചോദ്യം ചോദിച്ചാൽ കിട്ടാത്ത ഒരു സമ്പാദ്യം.

ജി. രാജപ്പൻ നാടാർ, കറ്റച്ചക്കോണം

കുമുദി വിശേഷാൽ പ്രതിയിലെ പംക്തികളിൽവച്ചു ഏറ്റവും ഇഷ്ടപ്പെട്ടതു കുമുദിലിഹ ആണെന്നാണു് എന്റെ വീട്ടിലുള്ളവർ പറയുന്നതു്. ഇതിൽ താങ്കളുടെ അഭിപ്രായമെന്താണു്.

ഉഷേ! ശ്രദ്ധിക്കൂ!

ഏ ഗോപാലകൃഷ്ണൻ, ആലപ്പുഴ

കുമുദി വിശേഷാൽ പ്രതിയിൽ ഏറ്റവും കൂടുതൽ പ്രതിഫലം നൽകിയ ചെറുകഥ ഏതു്? കവിത ഏതു്? ലേഖനമേതു്?

ചെറുകഥ:—കെ. ഏ. അബ്ബാസ്
ലേഖനം:—ഡാ. മൽക്കരാജ് ആനന്ദ്
കവിത:—ശ്രീ. എൻ. വി. കുറുപ്പ്

ബാക്കിയുള്ള വിശേഷാൽപ്രതികളെ അപേക്ഷിച്ചു കുമുദി ഓണം വിശേഷാൽപ്രതി ഒരു പരാജയമാണെന്നാണു് എന്റെ അഭിപ്രായം സഖാവിന്റേയോ?

നിങ്ങളുടേ അഭിപ്രായമല്ല നിങ്ങൾ പറയുന്നതെന്നു എനിക്കു നിശ്ചയമുണ്ടു്. അങ്ങനെ എല്ലാപ്പത്തിൽ എന്നെ ദ്രുണിചിടിപ്പിക്കാമെന്നും കരുതരുതു്.

പി. വിൻസന്റ്, ആലപ്പുഴ.

പ്രസന്നയിൽ അഭിനയിക്കുന്ന കൊട്ടാരക്കര ശ്രീധരൻനായർ, തോമസ് ഇവരിൽ ആരാണു മെച്ചമായിട്ടുള്ളതു്?

തോമസ്. സിനിമായ്ക്കു പറ്റിയ രൂപമല്ലെങ്കിലും തോമസിന്റെ അഭിനയത്തിൽ സ്വാഭാവികതയുണ്ടു്. കൊട്ടാരക്കര ശ്രീധരൻ നായർ അതിനകത്തു ആട്ടംകളിയാണു് നടത്തുന്നതു്. ഇംഗ്ലീഷ് ചിത്രങ്ങളിൽ ചില അഭിനയക്കാരെ കളിയാക്കുന്ന രംഗം പോലിരിക്കുന്നു ശ്രീധരൻ നായരുടെ ചില രംഗങ്ങൾ.

വിക്രമൻ നായർ നിങ്ങളുടെ 'ഹീറോ' ആണല്ലോ. എങ്ങനെയിരിക്കുന്നു 'ചന്ദ്രിക'യിൽ?

നന്നായിട്ടില്ല. വിക്രമൻ നായർ എന്റെ ഹീറോയും മാറുമല്ല. പക്ഷെ അനുഗ്രഹീതനായ ഒരു കലാകാരനാണെന്നു എനിക്കഭിപ്രായമുണ്ടു്. അതു 'തൊറ്റൊരന്നാ' പാടി വിക്രമൻ നായർ ഇല്ലായ്മ ചെയ്യുകയാണു്.

ചന്ദ്രികയിൽ വിക്രമൻ നായരോ തിക്കുറിശ്ശിയോ നന്നായിട്ടുള്ളതു്

തിക്കുറിശ്ശി.

ചന്ദ്രികയിൽ ഏറ്റവും ഭംഗിയായി അഭിനയിക്കുന്നതാരാണു്?

ഭാരതി.

നിങ്ങളുടെ സിനിമ ചന്ദ്രികയെക്കാൾ നന്നാകുമോ മോശമാകുമോ?

കുറച്ചുകൂടി കഴിയട്ടെ. ഇതു ചിത്രത്തിന്റെ നടക്കിരുന്നെഴുന്നു മറുപടിയാണു് എനിക്കു ആത്മവിശ്വാസമുണ്ടായാലുടൻ ധൈര്യമായി ഞാൻ പറയാം.

എസ്. ഹരിദാസ്, മുട്ടത്തറ.

മനുഷ്യന്റെ ക്ഷമ ക്രട്ടുതൽ വികസിക്കുന്നതു് ഏതവസ്ഥയിൽ ആണു്?

എന്നെ താണെങ്കിൽ ചോദ്യോത്തരങ്ങൾക്കുള്ള ചോദ്യങ്ങൾ വായിക്കുമ്പോൾ. വായനക്കാരുടേതാണെങ്കിൽ അവയ്ക്കുള്ള മറുപടി വായിക്കുമ്പോൾ.

ആർ. ശ്രീകണ്ഠൻ നായർ, [illegible]

ചോദ്യങ്ങൾക്കു ഉത്തരമെഴുതുന്ന ശ്രീ ബാലകൃഷ്ണനെപ്പറ്റി പത്രാധിപരുടെ അഭിപ്രായമെന്താണു്?

ഈ ചോദ്യം ബാലകൃഷ്ണന്റെ കൈയ്യിലാണു് കിട്ടിയതു്. ബാലകൃഷ്ണൻ അറിയാതെ പത്രാധിപർക്കു ചോദ്യം കാണുവാൻ സാധ്യമല്ല.

റ്റി. കെ. രവീന്ദ്രൻ, ആര്യാടു്

മുതലാളിയായ ഞാൻ തൊഴിലാളികളുടെ രക്തം ഊറ്റിക്കുടിച്ചാണു് ജീവിതം കഴിക്കുന്നതു്. കമ്മ്യൂണിസം ഇൻഡ്യയിൽ വ്യാപിച്ചാൽ എനിക്കുള്ള സ്ഥാനം ഏതാണു്?

അന്നു വരുന്നവർ തീരുമാനിച്ചുകൊള്ളും. അതു പോകട്ടെ. കമ്മ്യൂണിസം വരുന്നതുവരെ ഈ ഊറ്റം നിർബാധം തുടരാമെന്നാണോ ഭാവം?

എം. ആർ. ഔസേപ്പു്, തൃശ്ശിവപേരൂർ.

ക്രിസ്തുവിനെപ്പറ്റി വളരെ നല്ല അഭിപ്രായം പറഞ്ഞ താങ്കൾ അതേവാരികയിൽ തന്നെ ആ മഹാൻ സ്ഥാപിച്ചതായ ക്രിസ്തുമതത്തെ വളരെ നീചമായ രീതിയിൽ ആക്ഷേപിച്ചിട്ടുണ്ടു്. ഇതിനുള്ള പ്രത്യേക കാരണങ്ങൾ എന്തെല്ലാമാണു്?

ഞാൻ മാത്രമല്ല. ക്രിസ്തുമതാനുയായികൾ തന്നെ ഇന്നു ക്രിസ്തുമതത്തിന്റെ പേരിൽ നടക്കുന്ന "ചർച്ചിസ"ത്തെ എതിർക്കുന്നുണ്ടു്. ടാൾസ്റ്റോയിയുടെ ഒരു വാചകം ഉദ്ധരിക്കാം "അവർ കുരിശിനെ ചുംബിച്ചപ്പോൾ ആ കുരിശിനു പുറകിൽ പള്ളിക്കകത്തു അപ്പോൾ നടന്നുകൊണ്ടിരുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളെയും ചെറുത്തു ധീരനായ ഒരു പടയാളിയെ ക്രൂശിതനാക്കിയ കൊലമരത്തിന്റെ ചിഹ്നത്തെയാണു് തങ്ങൾ ചുംബിക്കുന്നതു എന്നവർ അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ ഓർത്തിരുന്നില്ല."

വി. സുകുമാരൻ, ക്ലാപ്പന

സൌന്ദര്യവതികളായ സ്ത്രീകൾ ഉള്ള വീടുകളിൽ പോലീസു ഉദ്യോഗസ്ഥന്മാരായി കമ്മ്യൂണിസ്റ്റുകളെ അന്വേഷിക്കുന്നതെന്തു്?

ആ പ്രദേശത്തു നിങ്ങളെപ്പോലുള്ളവർ ഇങ്ങനെ ഒളിച്ചിരുന്നു ചോദ്യമെഴുതുന്നതിൽ മാത്രം സംതൃപ്തരായിക്കഴിയുന്നതുകൊണ്ടു്.

സി. പി. ഗോപിനാഥൻ നായർ മൂവാറ്റുപുഴ

ജീവിതാശകൾ നശിച്ച ആത്മഹത്യയ്ക്കു ഒരുങ്ങുന്ന ഒരുവനെ അധികാരികൾ കണ്ടാൽ അറസ്റ്റുചെയ്യുന്നതു ശരിയാണോ?

അവൻ ആത്മഹത്യയ്ക്കു തുനിയുന്നതും ശരിയല്ല. ജീവിയ്ക്കുവാനും മരിക്കുവാനും അവസരം നൽകാത്ത ഒരു വ്യവസ്ഥിതിക്കെതിരായ പോരാട്ടത്തിൽ അവൻ പങ്കാളിയാകണം. നഷ്ടപ്പെട്ട ജീവിതാശ ഒരു പുതിയ അർത്ഥത്തിൽ അവനു വീണ്ടെടുക്കാൻ സാധിക്കും.

കെ. പി വാസുദേവൻ നായർ, കിടങ്ങൂർ

ഒരു സോഷ്യലിസ്റ്റ പ്രവർത്തകനായശേഷം നിങ്ങൾ ഏതെങ്കിലും ക്ഷേത്രത്തിൽ ചെന്നു ആരാധന നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്തെങ്കിലും ഫലം കിട്ടുമെന്നാശിച്ചാണോ?

ഇന്നുവരെ ഒരു ക്ഷേത്രത്തിന്റെ മുന്നിലും ഞാൻ കൈ കൂപ്പിയിട്ടില്ല. ഒരു പൈസ ഒരു ക്ഷേത്രത്തിലും പള്ളിയിലും ദേവാലയത്തിലും കാണിക്കയിട്ടിട്ടുമില്ല.

പി. വസുമതിഅമ്മ, കായംകുളം.

അരി ആഹാരത്തിന്റെ കുറവുനിമിത്തം കലവൂർ മിഡിൽസ്കൂളിൽ രണ്ടോ നാലോ വിദ്യാർത്ഥികൾ മോഹാലസ്യപ്പെട്ടു വീണു എന്നും ക്ഷീണ്യധാന്യങ്ങൾ കിട്ടായ്കയാൽ തിരുവണ്ണാമലയിലും സമീപസ്ഥലങ്ങളിലുമുള്ള ആളുകൾ പിണ്ണാക്കും പുളിഅരിയും ആഹാരമാക്കിയിരിക്കുന്നതായും പത്രറിപ്പോർട്ടുകൾകൊണ്ടു കാണുന്നു. ഈ പരിതഃസ്ഥിതിയിൽ കരിഞ്ചന്തയെ അഭയം പ്രാപിക്കുന്നതു കുറ്റകരമാകുമോ?

കരിഞ്ചന്തയെ അഭയംപ്രാപിക്കുകയല്ല. കരിഞ്ചന്തക്കാരുടെ സങ്കേതങ്ങളിലേക്കു കൂട്ടംകൂട്ടമായി മാർച്ചുചെയ്യണം. കരിഞ്ചന്തയെ അഭയം പ്രാപിക്കുന്നവർ കരിഞ്ചന്തക്കാരേക്കാളും തന്നെ കുറ്റവാളികളാണു്.

തോട്ടയ്ക്കാട്ടു ഭാസി, തിരുവല്ല

എ. എസ്. പി. ഒരു മാർക്സിയൻ പാർട്ടിയാണോ?

അല്ലെന്നാണു എന്റെ വിശ്വാസം.

കൊട്ടാരം എസ്. ജെ. ക്രൂസ്, ക്ലാപ്പന

നിങ്ങൾ ഒരസാധാരണ ബുദ്ധിമാനാണെന്നു ഞാനും പറയുന്നല്ലോ. പിന്നെയെന്താണു് ബീ. എ പാസ്സാകാൻ നിങ്ങൾക്കു കഴിയാത്തതു്?

ബീ. എ. പാസ്സാകുക ബുദ്ധിശക്തിയുടെ ലക്ഷണമാണെന്നു നിങ്ങളോടാരു പറഞ്ഞു? ആ പരീക്ഷ ഞാനും പാസ്സായിട്ടുണ്ടു്. പക്ഷെ ബുദ്ധിയെക്കാൾ കൂടുതൽ വായിച്ചതു ഓർമ്മിക്കാനുള്ള ശക്തികൊണ്ടാണു ഞാൻ ജയിച്ചതു്.

എം. ആർ. രാജൻ, വടക്കുപുറവൂർ.

നിങ്ങൾ നിങ്ങളുടെ പിതാവിന്റെ ഗവർമ്മെന്റിനെ തകിടം മറിക്കാൻ സമരം സംഘടിപ്പിച്ചു എന്നു വിചാരിക്കുക. നിങ്ങളെ പിടിക്കുവാൻ പിതാവിന്റെ പട്ടാളം വീട്ടിനുചുറ്റും വളഞ്ഞുചുറ്റുമ്പോൾ നിങ്ങളുടെ മാതാവിന്റെ വികാരം എന്തായിരിക്കും?

അങ്ങനെയൊരു സംഭവം അച്ഛൻ മന്ത്രിയായിരുന്ന കാല

കൗമുദിലീഗ്.



കഴിഞ്ഞ ആഴ്ചയിലെ കൗമുദി ലീഗ് വായിച്ചോ. ചേച്ചി എഴുതിയിരുന്നതെല്ലാം മനസ്സിലായെന്നു തന്നെ വിശ്വസിക്കുന്നു. ഈ ആഴ്ച കുറച്ചുപേർക്കു മറുപടി എഴുതുന്നുള്ളൂ. കാരണം എന്തെന്നു നിങ്ങൾക്കറിയാം. അടുത്ത ആഴ്ച ഏതെങ്കിലും ഒരു ചെറുകഥയോ കവിതയോ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ആരുടേതാണെന്നു ഇപ്പോൾ എന്തായാലും പറയുന്നില്ലതന്നെ ഈ ആഴ്ച കുറച്ചു അധികംപേരെ അംഗമാക്കാൻ പോകുകയാണ്. അതു അധികം അപേക്ഷകരുണ്ട്. അയച്ച കാർഡുകൾ കിട്ടിയില്ലെങ്കിൽ ഉടൻ വിവരം അറിയിക്കണം. പുതിയ കാർഡു തീർച്ചയായും ചേച്ചി അയച്ചുതരാം. ഇനി എഴുത്തെഴുതുമ്പോൾ നിങ്ങളുടെ നമ്പർ തീർച്ചയായും എഴുതണേ എങ്കിൽ ചേച്ചിയുടെ ജോലി കുറച്ചു കുറയുമായിരുന്നു. അതുകൊണ്ടു ഭയപ്പെടുത്തിയ ആ കാര്യം മറക്കല്ലേ.

ചില പഴയ സുഹൃത്തുക്കളെപ്പറ്റി ഈ അടുത്ത കാലത്തു ഒന്നുംതന്നെ അറിയുന്നില്ല. എന്തു പറ്റി ചേച്ചിയെ മറന്നോ? അതോ പിണക്കമാണോ? ചിലർ എഴുതി എഴുതി കഴഞ്ഞുന്നാണു തോന്നുന്നതു് ഏതായാലും ഇനി ചേച്ചി ആരെയും പിണക്കുകയില്ല. തീർച്ചതന്നെ. ഉഷചേച്ചിയെ എല്ലാവരും വിശ്വസിക്കുക.

പഠിത്തം എങ്ങനെയിരിക്കുന്നു? ചിലർക്കു പരീക്ഷസമയമായിരിക്കും. ചിലർ പരീക്ഷാഫലം കാത്തിരിക്കുകയായിരിക്കും. നിങ്ങൾ പരീക്ഷയിൽ തോറ്റാലും ജയിച്ചാലും ഒരുപോലെ ആദ്യം വിഷമിക്കുന്നതു ചേച്ചിയെയായിരിക്കും. ഒരു ഉഷചേച്ചി കൗമുദി ലീഗ് തുടങ്ങിയിരിക്കുന്നു. പിള്ളേരെ പഠിക്കാൻ കൂടി സമ്മതിക്കേല. എങ്ങനെ പഠിച്ചിരുന്നു പിള്ളേരാ. അവക്കിനിതന്നെ എഴുതിയേക്കാം.'' അമ്മയെക്കൊണ്ടു ഇതൊന്നും പറയിക്കാൻ ഇടകൊടുക്കരുതെ. അതു നിങ്ങൾ വിചാരിച്ചാലെ സാധിക്കൂ. ചേച്ചിക്കുവേണ്ടിയെങ്കിലും ഉൽസാഹിക്കണേ. എല്ലാവർക്കും സുഖംതന്നെന്നു വിശ്വസിക്കുന്നു. നമസ്കാരം!

സ്വന്തം

ഉഷചേച്ചി

ചേച്ചിയുടെ മറുപടി

ഒന്നു വായിച്ചുനോക്കൂ. ആർക്കെല്ലാമാണ് ഈ ആഴ്ച ചേച്ചി മറുപടി എഴുതിയിരിക്കുന്നതെന്നു്.

എം. എസ്. ശ്രീനിവാസൻ, പേട്ട. എന്താ കൂട്ടുകാരന്റെ മേൽവിലാസത്തിനു കാത്തിരുന്നു മുഷിഞ്ഞോ? കൂട്ടുകാരനെ തന്നാൽ എഴുത്തെഴുതാൻ അറിയാമോ? അറിഞ്ഞുകൂടെങ്കിൽ അമ്മയോടു ചോദിച്ചാൽ മതി. ഇതാണു് കൂട്ടുകാരന്റെ മേൽവിലാസം. എസ്. ബാലകൃഷ്ണൻ റേറ്റ്. സി. 104. ലക്ഷ്മീവിലാസം, ശാസ്തമംഗലം തിരുവനന്തപുരം പുതിയ കൂട്ടുകാരനും കളിയിലാണ് അധികം ഇഷ്ടം. ഇന്നുതന്നെ കൂട്ടുകാരനെഴുതണം.

എൻ. എൻ. അശോകൻ, കുമ്പളങ്ങി. മുമ്പയച്ച എഴുത്തു കിട്ടാതിരുന്നില്ലാ. ചേച്ചി എന്നും വിചാരിക്കും അശോകനു മറുപടി എഴുതിയില്ലല്ലോ എന്നു്. ചോദ്യങ്ങൾക്കെല്ലാം മറുപടി ഇതുവരെ കിട്ടിയില്ലേ? കൂട്ടുകാരന്റെ മേൽവിലാസം ഇതാ നോക്കൂ. കെ. സുധാകരൻനായർ, പങ്കജസദനം പെങ്ങാനൂർ, നേമം A. O.

തുണ്ടായി. ഞാൻ അകത്താകുകയും ചെയ്തു. അമ്മയ്ക്കു എങ്ങനെ തോന്നിയെന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

എൻ. കൗസല്യ, മയ്യനാട്.

താങ്കളുടെ ഏറ്റവും നല്ല ഉത്തരം താങ്കളുടെ ഏറ്റവും നല്ല ചോദ്യത്തിനാണോ?

നിങ്ങൾ തീരുമാനിച്ചുകൊള്ളൂ.

ആർ. ഗോപിനാഥ്, കുഞ്ഞിയാപുരം.

ഹിന്ദുക്കൾക്കു ഒരു ഹിന്ദു മഹാമണ്ഡലം സൃഷ്ടിക്കാമെങ്കിൽ ക്രൈസ്തവർക്കു ഒരു അന്തരീക്ഷവാദം സൃഷ്ടിച്ചുകൂടെ? ഈ അന്തരീക്ഷപ്രസംഗത്തെപ്പറ്റി താങ്കൾ എന്തുപറയുന്നു.

അവർ ആ സത്യത്തിന്റെ നേരെ കണ്ണടയ്ക്കും. ഒരു ജനവിഭാഗം അന്ധതയുടെ കുഞ്ഞാടുകളായതുകൊണ്ടു മറ്റുള്ളവരും കുഞ്ഞാടുകളാകണമെന്നാണ് മണ്ഡലക്കാരുടെ വാദം. മണ്ഡലക്കാരും അന്തരീക്ഷക്കാരുമായി ഒരു വ്യത്യാസവുമില്ല.

വൈ. സുഖറിയാ, വാടി.

കിടങ്ങാംപറമ്പു മൈതാനത്തുവച്ചു മാർക്സിയൻ സിദ്ധാന്തം പുനഃപരിശോധന ചെയ്യണമെന്നു വാദിച്ച ബുദ്ധിമാനായ ടി. കെ. യെ മാർക്സിസം പഠിപ്പിക്കാൻ കാട്ടൂർമിൽ തൊഴിലാളിയായ എനിക്കു ഒരവസരമുണ്ടാക്കിത്തരുമോ? കാര്യം നടന്നില്ലെങ്കിലും 144–ാംവകുപ്പു വന്നു പുറത്തുകയറാതിരുന്നാൽ മതി.

അഞ്ചുരൂപാ അയയ്ക്കുന്നു. തിരുവനന്തപുരത്തുപോയി ടി. കെ.–യെ കാണുക. പ്രിയപ്പെട്ട പ്രധാനമന്ത്രി! ഈ തൊഴിലാളിയുടെ ശബ്ദം കേൾക്കുക.

വി. എം. കരുണാകരൻനായർ, പേട്ട.

ചോദ്യങ്ങൾ കാർഡിലയക്കാമോ?

അയക്കാം.

കെ. കൗസല്യ, കോട്ടയം.

മി. ബാലൻതന്നെ സമ്മതിച്ചിട്ടുള്ള കുടുംബരോഗമാണോ ഓണം വിശേഷാൽപ്രതിയുടെ മുഖചിത്രം നിശ്ചയിക്കുന്നതിനു പ്രേരണ നൽകിയതു്.

അല്ല. കുടുംബരോഗവുമായി ആ ചിത്രത്തിനു ബന്ധമില്ല.

സമ്മാനം

ഈ ആഴ്ചയിലെ ഒന്നാംസമ്മാനം പ്രധാനമന്ത്രിയെ കണ്ടാൻ പോകുന്ന യാത്രച്ചിലവിനു കാട്ടൂർമിൽതൊഴിലാളിയായ ശ്രീ. വൈ. സഖറിയ, കൈക്കളങ്ങരയ്ക്കു നൽകുന്നു.

എഴുത്തെഴുതാൻ മറക്കരുത്. ചേച്ചിക്ക് സുഖംതന്നെ. അനുജനോ?

കെ. കൃഷ്ണമ്മ, തിരുവനന്തപുരം. മറുപടി എഴുതാൻ വളരെ താമസിച്ചുപോയല്ലേ കൂട്ടുകാരിയുടെ മേൽവിലാസം തന്നാൽ എഴുത്തെഴുതുമോ? എന്നാൽ ഈ മേൽവിലാസത്തിലെഴുതുക. കെ. സന്തോഷസൗഭാഗ്യ സന്താനവല്ലി, തിട്ടയിൽ, പുത്തൻക്ഷേത്രത്തിനു സമീപം, അഞ്ചുതെങ്ങ്. പേരുകേട്ട പേടിച്ചു എഴുതാതിരിക്കരുത്.

എൻ. പ്രഭാകരൻ, ചിറയിൻകീഴ്, അനുജന്റെ എഴുത്തു കിട്ടിയിട്ട് കാലങ്ങളും കുറച്ചുകഴിഞ്ഞു. മറുപടിയെഴുതാൻ വളരെ താമസിച്ചുപോയെന്നു ചേച്ചിക്കുതന്നെ അറിയാം ചേച്ചിയുടെ ശരിയായ പേരു ഇതുവരെയും എന്തെന്നു അറിഞ്ഞുകൂടാ. കഷ്ടമായിപ്പോയി. പേന ശരിക്കു എഴുതുന്നുണ്ടോ? അനുജനോടു അംഗമായി ചോദിക്കാൻ ചേച്ചി പറഞ്ഞതായി അറിയിക്കണം. കൂട്ടുകാരനു ഈ മേൽവിലാസത്തിൽ വേണം എഴുതാൻ. എൻ. സത്യദാസൻ, ഫോർത്ത് ഫാറം എ. ഡിവിഷൻ, എസ്. എൻ. വി. ഇംഗ്ലീഷ് ഹൈസ്ക്കൂൾ. നെടുങ്ങണ്ട.

ഡി. ഓമന, തിരുവനന്തപുരം. ചേച്ചിയുടെ മറുപടി ആദ്യമായിട്ടാണ് കിട്ടുന്നതല്ലേ? കൂട്ടുകാരികളുടെ എഴുത്തു വരാറുണ്ടോ? എഴുത്തെഴുതാതിരിക്കരുത്. സാറാബീവിയേയും ഇന്ദിരയേയും ചേച്ചി ചോദിച്ചതായി അടുത്ത എഴുത്തിൽ എഴുതാൻ മറക്കരുത്. എഴുത്തിൽനിന്നും വീട്ടിൽ വലിയ ശല്യക്കാരിയാണെന്നു തോന്നുന്നല്ലോ?

കെ. എൻ. രാജപ്പൻ, കിടങ്ങറ. അനുജൻ ഇതുവരെയും എഴുതാതെ ചേച്ചിക്കെഴുതുമെന്നു ഒട്ടും വിചാരിച്ചിരുന്നില്ല. ചേച്ചി മുഖം നോക്കിയാണ് മറുപടി എഴുതുന്നതെന്നു ആരാണ് പറഞ്ഞതു? ചേച്ചി മറുപടി എഴുതാൻ ഇരുന്നാൽ തീരുന്നതുവരെ ആരുടേയും മുഖം കാണാറില്ലെന്നു അവരെ അറിയിക്കണം. ചേച്ചിയ്ക്കു നിങ്ങളും എല്ലാവരും ഒരുപോലെയാണ്. ചേച്ചിയ്ക്കു ഇതു ജോലിയുടെ വിഷമം അറിയാവു ഏതായാലും അനുജനെ കുറച്ചൊട്ടുത്തുന്നില്ല. ചേച്ചിയ്ക്കറിയാം എഴുത്തു 'സ്വന്ത'മല്ലെന്നു ഈ കൂട്ടുകാരനെഴുതണെ. ജി. ഉദയകുമാർ പുന്നമൂട് ബംഗ്ലാവു്, കുന്നുകുഴി തിരുവനന്തപുരം. കവർ വാങ്ങാൻ പക്കം തരാൻമടിക്കുന്നെങ്കിൽ ചേച്ചിയെ അറിയിക്കണേ. ചേച്ചി സഹായിച്ചുതരാം.

സി. കെ. രവി. ഇരിഞ്ഞാലക്കുടെ പെന്നായും ആട്ടിൻകുട്ടിയും ചേച്ചി സൂക്ഷിച്ചിട്ടുണ്ട്. പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. ചേച്ചിയുടെ പേനയ്ക്കു ഭേദമായോ? എങ്കിൽ ഈ ചേച്ചിയ്ക്കെഴുതാൻ പറയണം. കൂട്ടുകാരനെ വേണ്ടേ? ഈ കൂട്ടുകാരനെഴുതു. വലിയ 'കുസൃതി'യാണ്. എം. എസ്. മണി, C/o മി കെ. സുകുമാരൻ, കേരളകൗമുദി, പേട്ട, തിരുവനന്തപുരം. നളിനിയെ ചോദിച്ചതായി പറയണം.

എം. ആർ. ദാസ്, തിരുവല്ല. എഴുത്തുകാരിക്കെല്ലാംകൂടി ഈ ഒരു മറുപടി എഴുതുന്നു. ക്ഷമിക്കണം. കൂട്ടുകാരന്റെഎഴുത്തു കിട്ടിയോ? ആ രണ്ടാംക്ലാസുകാരിയായ കൊച്ചുമിടുക്കി വിജയത്തിനെ ചേച്ചി ചോദിച്ചതായി പറയണം. ഇതുവരേയും അംഗമായി ചേർന്നില്ലെങ്കിൽ ഉടൻതന്നെ കൂപ്പൺ സ്വന്തമായി പൂരിപ്പിച്ചയയ്ക്കാൻ പറയണം. പരീക്ഷാഫലങ്ങളും അറിഞ്ഞതിൽ വളരെ സ

★ ദേശാഭിമാനി ★

പ്രതിമാസപത്രിക 1 26 തുലാ മാസം 5-ാം തു- പുറപ്പെടുന്നു

'ദേശാഭിമാനി' ക്രൗൺ ¼ വലിപ്പത്തിൽപുസ്തകരൂപത്തിൽ ഒരു പ്രതിമാസപത്രികയായി 1126 തുലാ മാസം 5-ാംതീയതി പ്രസിദ്ധീകരണം ആരംഭിക്കുന്നു. തുടർന്ന് എല്ലാമലയാളമാസം 5-ാംതീയതി തോറും പ്രസിദ്ധപ്പെടുത്തുന്നതുമാണ്

ചെറുകഥകൾ, കവിതകൾ, ലേഖനങ്ങൾ, നിരൂപണങ്ങൾ, സിനിമാലോകം, വനിതാപംക്തി, ബാലപംക്തി തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു സാഹിത്യസമാഹാരം തന്നെയായിരിക്കും ദേശാഭിമാനിയുടെ ഓരോ ലക്കവും.

അനുഗൃഹീത സാഹിത്യകാരന്മാരുടെ തൂലികാചലനം ആസ്വദിച്ചാനന്ദിക്കാൻ സാഹിത്യപ്രേമികൾക്ക് 'ദേശാഭിമാനി' അവസരം നൽകുന്നു.

ഒട്ടനവധി ബഹുവർണ്ണകളും, ആകർഷകമായ പുറംകവറും 'ദേശാഭിമാനി'യുടെ ആകർഷണീയതയ്ക്കു മോടികൂട്ടുന്നുമുണ്ട്.

സാഹിത്യപ്രേമികൾക്ക് ഒഴിച്ചുകൂടാൻപാടില്ലാത്ത 'ഗ്രന്ഥാവലി' തന്നെയാണ് ദേശാഭിമാനിയെന്നു ഓരോ ലക്കവും അനുഭവപ്പെടുത്തുന്നതാണ്.

ഒറ്റപ്രതി വില 4 അണമാത്രം

വാർഷിക വരിസംഖ്യ

തിരുവിതാംകൂർ കൊച്ചി രൂ 3—0—0
ഇൻഡ്യ-സിലോൺ രൂ 3—8—0
ഇൻഡ്യയ്ക്കു പുറമേ രൂ. 4—8—0

മാനേജർ, ദേശാഭിമാനി (മാസിക)
അശോക പ്രസ്സ് - കൊല്ലം

എല്ലാസ്ഥലത്തും ഏജൻറുമാരെ ആവശ്യമുണ്ട്

കൂടുതൽ വിവരത്തിനെഴുതുക:—

ഉയരുന്ന ശബ്ദങ്ങൾ

—ഡി. തോമസ്—

വിസ്തൃതമാമപ്പാടത്തി—
ന്നക്കരെ,യച്ചെറുമാടത്തിൽ,
'കതിർ'നവന്നടെ പെറുമിയൊടെന്തോ,
'കത'പറയുന്നു കേൾക്കേണ്ടേ?

"മാലേ, നീയൊരുകതകേട്ടോ?
നാളെപ്പണിയില്ലിവിടെങ്ങും!
വേലക്കാരൊരു സങ്കം കൂടി
ക്കാര്യമുറച്ചതറിഞ്ഞില്ലേ?"

"നാളെപ്പണിയുന്നില്ലെന്നോ?
വേലക്കാരുവരില്ലെന്നോ?
തമ്പ്രാനെങ്ങാൻ 'കലി'വന്നെന്നാൽ
തല്ലിത്തോലുപൊളിക്കില്ലേ?"

"തമ്പ്രാൻനമ്മെത്തല്ലാറുണ്ടോ?
പണിയുന്നില്ലേൽ തല്ലാറുണ്ടോ?
കൊള്ളാം;തമ്പ്രാൻ തല്ലാൻ വന്നാൽ
നമ്മള മന്തരാളില്ലേ?"

"അഞ്ഞൂറെണ്ണം വന്നാലും
തമ്പ്രാൻ, തമ്പ്രാൻ തന്നല്ലേ?
'കോരൻ' 'പള്ള'പറഞ്ഞതിനന്നൊരു—
ചൂരലുകൊണ്ടു ചതച്ചില്ലേ!"

"വേലക്കാരടികൊള്ളുന്ന—
കാലംപോയതറിഞ്ഞില്ലേ?
പണിചെയ്യുന്നൊരു നമ്മേത്തല്ലാൻ
പണവാന്മാക്കു കരുത്തായോ?"

"ഇല്ലേ, വേണ്ട,തുപോകട്ടീ—
പ്പൊല്ലാപ്പൊന്തിനുകൂട്ടുന്നു?
പണിചെയ്യാതെയിരുന്നതുകൊണ്ടൊരു
ഗുണവും വരുവാനില്ലല്ലോ?"

"കതിരുകാലംകൊയ്യും 'തേവി' യ്യും,
കറമെതിയ്യും 'വള്ളോനും',
പാടത്തെപ്പട്ടവെയിലിൽ പണിയും
'പാലൻപെരുമനു', 'മഴകി'യ്യും
വേലയെടുത്താലരിവാങ്ങാൻ
കൂലിതരാതെ പൊരിച്ചാലും
വിളവുകുറഞ്ഞാലളവുകുറഞ്ഞാൽ
തമ്പ്രാൻ നമ്മുടെ തലകൊയ്യും!
പട്ടപെളിയിൽ പണിചെയ്താലും,
വെയിലിൽ കട്ടതകത്താലും,
പിന്നേ, പിന്നേം ഇങ്ങനെയായാൽ
പണിയാതവരൊടെതിർക്കേണം"

"കൂലി തരാതെയിരുന്നാലും,
വേലയെടുത്തു മരിച്ചാലും,
ഉടമകളോടെതിരിടുവാനെന്താ—
ണടിമക്കുട്ടർക്കവകാശം?"

"അടിമകളല്ലിപ്പണിയാളർ;
നാടിനുടമകളവർതന്നെ
കള്ളന്മാരാ മുതലാളന്മാർ
കൊള്ളയടിച്ച പണിക്കാരെ!
അതുകൊണ്ടിനിയും ജീവിക്കുവാ
അവരൊടു നമ്മളെതിർക്കേണം,
അധ്വാനിക്കും നമ്മളണന്നിനി—
യുദ്ധംചെയ്തു ജയിയ്ക്കേണം."

"നമ്മളയുദ്ധം ചെയ്യാനോ?
തമ്പ്രാന്മാരൊടെതിർക്കാനോ?
പട്ടാളത്തിൻ വണ്ടികൾവന്നാൽ,
പൂട്ടുകരിച്ചു പൊടിക്കില്ലേ?"

"നാട്ടാരവരോടേറെന്നാൽ
പട്ടാളം തോറോടിട്ടും
'കൊറിയ'നാട്ടിൽപ്പണിചെയ്യുന്നവർ
പൊരുതുജയിപ്പതറിഞ്ഞില്ലേ?
വെടിയും പുകയും വന്നിട്ടും,
ബോമ്പുകൾ തുരുതുരെവീണിട്ടും
പൈനാക്കാരീകൊള്ളക്കാരേ,
ച്ചീതറിച്ചവിടെ ജയംനേടി!"

"പണിചെയ്യും നാം പാവങ്ങൾ
ചുണയൊടൊന്നിച്ചെതിരിട്ടീ—
നമ്മുടെ നാട്ടിലുമതുപോൽ പടപൊരു—
തിന്നൊരുവ'ജയം'നേടേണ്ടേ?"

അതുകേട്ടമിതാനന്ദത്താൽ
പുളകമണിഞ്ഞ നെല്പാടം;
നെല്ലിൻ പച്ചിലകതിരുകൾ കാറ്റിൽ
കിലുകിലെ ഹർഷമതിക്കുകയായ്!

സന്തോഷിക്കുന്നു. ക്ലാസ്സിൽ രണ്ടാമതായി ജയിച്ചതിനു സമ്മാനം വേണ്ടേ?

എൻ. സുകുമാരൻ, മങ്ങാട്ട്. "കരിഞ്ചന്ത"കണ്ടുവോ? അയച്ചുതന്ന ഹാസ്യചിത്രം പ്രസിദ്ധീകരിക്കാൻ സാധിക്കുമോ എന്തോ. വളരെ വലുതായിപ്പോയില്ലേ. ചിത്രമെഴുത്തിൽ വിദഗ്ധനാണല്ലോ?

ആർ. അരവിന്ദാക്ഷൻ, ആവണീശ്വരം. സുഖക്കേടെല്ലാം ഭേദമായോ? അംഗത്വം നഷ്ടപ്പെട്ടമെന്നു ഭയപ്പെടുത്തു അനുജൻ വിശ്വസിച്ചോ? ഭയപ്പെടുത്തി, "ഉഷപ്പെടുത്തി" എന്നു പറഞ്ഞതായിരിക്കണം. അനുജന്റെ പല്ലെല്ലാംപോയതു ഉള്ളതാണോ? അപ്പൂപ്പനമ്മാരെ ലീഗിൽനിന്നും പുറത്താക്കട്ടോ? പുതിയ പല്ലവരുമ്പോൾ വേച്ചിയെ അറിയിക്കുണേ. പല്ലുവന്നിട്ടു വേണോ അയച്ചാൽ മതി.

കെ. ഐഷ, പേട്ട. മറുപടി എഴുതാൻ താമസിച്ചതിൽ ക്ഷമിക്കണം. കൂട്ടുകാരിയുടെ എഴുത്തുവരാറുണ്ടോ; ഇനി എഴുതുകാരിയെ വേണമെന്നറിയിച്ചാൽ മേൽവിലാസം തരാം. വലിയ ലഹളക്കാരിയാണെന്നു തോന്നുന്നു. വാസ്തവമാണോ? കൊച്ചേച്ചി ഇന്ദിരയെ ചോദിച്ചതായി പറയണം.

ഈ ആഴ്ചയിലെ അംഗങ്ങൾ

731 കെ. റാഫി. വർഗ്ഗീസ്, ആലപ്പുഴ. 732 എ. ഐ. ജോസഫ്, പൂത്തോട്ട. 733 എ. ഐ. സാറാമ്മ, പൂത്തോട്ട. 734 എ ഐ. കുര്യാക്കോ. 735 എൻ. നാരായണപ്പൻനായർ, നെയ്യാറിൻകര. 736 എ. അബ്ദുൽസത്താർ, നെടുങ്ങണ്ട. 737 കെ. ആർ. കുട്ടൻ, ആറാറിങ്ങൽ. 738 എം. ജി. ബാലകൃഷ്ണൻനായർ, പെരുന്ന. 739 ഡി. നാരായണൻപോറ്റി, കുണ്ടറ. 740 കെ. വി. സുധാകരൻ, കുമ്പഴ. 741 വി. രാജശേഖർ, കുളത്തൂർ. 742 ജി. സദാശിവൻനായർ, പിരപ്പൻകോട്. 743 കെ വാസന്തി, പുന്നപ്ര. 744 ജെ സുനന്ദ, തിരുവല്ല. 745 എൻ. ശാന്തമ്മ, പെരുന്ന. 746 ജി. ഗോപാലൻനായർ, ശാസ്താംഗലം. 747 എ, ജയപാലൻ, കൊല്ലം. 748 വി. ഭഗവൽസിംഗ്, മങ്ങാട്. 749 ബൻസിഗർ എഡ്വേർഡ്, മങ്ങാട്. 750 കെ. ഹേമചന്ദ്രൻ, വെള്ളയമ്പലം. 751 കെ. വി. ശോഭന, ചവറ. 752 പി എൻ വിജയൻ, തിരുവനന്തപുരം 753 കെ ഗുണസിദ്ധരൻ ഉള്ളൂർ. 754 എ. സുശീലൻ, കോടനാട്. 755. എൻ രവീന്ദ്രൻനായർ, തിടനാട്. 756 എൻ. ലളിതാദേവി, നെടുങ്ങപ്ര. 757 സി. വി. രമേശബാബു, മുഹമ്മ. 758 കെ എൻ. തമ്പാൻ, മുഹമ്മൻ. 759 കെ. പുഷ്കരൻ, നെടുമങ്ങാട്. 760 എൻ. സുനന്ദൻ, ഉള്ളൂർ. 761 എം ഷംസുദ്ദീൻ, നെടുമങ്ങാട്. 762 ജി. നാരായണൻനായർ, കുന്നുകുഴി. 763 പി. മാലതീദേവി, കുന്നുകുഴി. 764 കെ. ശാന്തമ്മ, പൂത്തോട്ട. 765 വി പത്മനാഭൻ, കടയ്ക്കാവൂർ. 766 എൻ പുരുഷോത്തമൻപിള്ള, പിരപ്പൻകോട്. 767 ജി. മുകുന്ദൻ പട്ടണക്കാട്. 768 പി രാമകൃഷ്ണൻനായർ, തിരുവല്ല. 769 വി നടരാജൻ, കോട്ടയം. 770 എൽ. വിജയകുമാരി, പേട്ട. 771 കെ. ഇന്ദിരാദേവി, ചങ്ങനാശേരി. 772 കെ. എസ്. പരമേശ്വരൻ, പാറശ്ശാല. 773 എസ്. മധുസൂദനൻ, ചേർത്തല. 774 പി. വി. തങ്കപ്പൻ, മലയാറ്റൂർ. 775 കെ. തങ്കപ്പൻ, പോന്തമംഗലം. 776 എൻ. സോമൻ, മുണ്ടയ്ക്കൽ. 777 ഡി ശ്രീനിവാസൻ, കൊല്ലം. 778 എസ്. ഹേമ, ആലപ്പുഴ. 779. എസ്. ബി. ശശിധരൻ, കുളപ്പുന. 780 പി. സുധാകരൻ, കുമാരപുരം.

ഇനിയും വളരെ അധികംപേരെ അംഗമായിചേർക്കാനുണ്ട്. അവർ അടുത്തയാഴ്ചവരെ ക്ഷമിച്ചിരിക്കുമെന്നു വേച്ചി വിശ്വസിക്കുന്നു.

എന്നു്,

സ്വന്തം വേച്ചി ഉഷ

ചിറ്റു മുതലാളിമാർ



അന്നും ആ പീടികയുടെ മുമ്പിൽ ആറേഴുപേർ കൂടിനിന്നിരുന്നു. എനിക്കതിൽ പുതുമ തോന്നിയില്ല. ആ പീടിക തുറന്നിട്ട് ഒന്നരണ്ടാഴ്ചയായി. അന്നുമുതൽ പ്രഭാതസായാഹ്നവേളയിലുള്ള ആ ജനക്കൂട്ടം ഒരു നിത്യസംഭവം പോലെയായിത്തീർന്നു കഴിഞ്ഞിട്ടുണ്ട്.

ഒരു ചെറിയ മുറുക്കാൻകട. നാലഞ്ചുകുട്ടി ബാർസോപ്പും, കുറച്ചു തീപ്പെട്ടികളും, ഒരു മുറുക്കാൻ പെട്ടിയും, കളർ കലക്കിയ എട്ടപത്തു കുപ്പികളും— അവിടത്തെ സാമാനങ്ങളുടെ പട്ടികയാണു്. പിന്നെ ചുവരിൽ തൂക്കിയിട്ടിരുന്ന ചില്ലിട്ട കൂട്ടിൽ മൂന്നുനാലു് സുഗന്ധതൈലക്കുപ്പികളും. എല്ലാംകൂടി ഒരു നാല്പതുരൂപായ്ക്കു് വരും ആ സമ്പത്തൊക്കെ—എന്നാലും അയാളൊരു മുതലാളിയാണു്. ആ പേരിൽ താനറിയപ്പെടുന്നതിൽ അയാൾക്കു് അതിരറ്റ അഭിമാനമാണു്; അന്തരാ ആനന്ദിക്കുന്നുമുണ്ടു്. ഒരു വായൽ അരക്കൈയ്യൻ ഉടുപ്പും, അരണവാലുപോലുള്ള മേൽമീശയും, നാടകക്കാരുടെ മട്ടിൽ പിറകോട്ടു ചുരുട്ടിക്കോതിവച്ച തലമുടിയും-ഇതൊക്കെയാണയാളുടെ പ്രത്യേകതകളും. അയാൾ ഒരു വാചാലനും ക്രൂടിയാണു് അതിന്റെ തെളിവാണു് ആ പീടികയുടെ മുമ്പിലുള്ള ചെറിയ ആൾക്കൂട്ടം.

അന്നു് കൊറിയൻ യുദ്ധമായിരുന്നു എന്നു് തോന്നുന്നു സംസാരവിഷയം "ഇതൊക്കെ ആദ്യത്തെ ചാട്ടമല്ലേ! തനിയേ അടങ്ങുമെന്നേ എത്രകണ്ടതാ നമ്മളൊക്കെ!" ട്രൂമാനേക്കാളും ശ്രദ്ധാപൂർവ്വി വിശ്വാസമണയാൾക്കെന്നു തോന്നും. പിന്നെ ഒരു തിരിഞ്ഞു നോട്ടമാണു്, "ആ ജപ്പാനും, ജർമ്മനുമൊക്കെ ആദ്യം എങ്ങിനെ കേറിവന്നതാ, പൊടി പൊടിച്ചില്ലേ?. എന്നിട്ടും ഒടുക്കം... ങും ....അതും നമ്മൾ കണ്ടു." തികച്ചും

—ഗിരിറാം

നാടകീയമായ രീതിയിലാണയാൾ ഉപസംഹരിക്കുന്നതു്.


നിങ്ങൾ ഒരുപക്ഷേ അതിശയിക്കുകയായിരിക്കും എന്തിനാണീ പാവം, ആഴിയുടെയും ഉഴിയുടെയും ഇപ്പുറത്തിരുന്നു് ട്രൂമാനു് വേണ്ടി ഈ ക്രൂലിയില്ലാത്ത വേലചെയ്യുന്നതെന്നു്?

വെറുതേയല്ല, അയാളും ഒരു മുതലാളിയാണു്. നിങ്ങൾ കാണുന്നില്ലേ, ആ കടയുടെ മൂലയിൽ ചെറിയ വീഞ്ഞപ്പെട്ടിയുടെ മേൽ കുനിഞ്ഞിരുന്നു് ബീഡി തെറുക്കുന്ന ആ പയ്യനെ അയാളുടെ തൊഴിലാളിയാണവൻ! അയാൾക്കുമറിയാം കുറെ രാജ്യതന്ത്രമൊക്കെ. ട്രൂമാൻ തുലഞ്ഞാൽ—കമ്യൂണിസം കയറും. പിന്നെ തനിക്കും, 'ആ ബാർസോപ്പിനും, കളർ കലക്കിയ കുപ്പികൾക്കും മണമുള്ള തൈലത്തിനും പിന്നെയെന്താണു് ഗതി. അതൊക്കെ അയാൾ നേരത്തെ മനസ്സിലാക്കിയിരുന്നു.

'കമ്യൂണിസം'— ആ വാക്കൊന്നു് കേട്ടാൽ മതി, ബീഡിയുമായുള്ള നിരന്തര വേഴ്ചയാൽ ചുക്കിച്ചുരുങ്ങി കരിയട്ടപോലെയായിത്തീർന്ന ആ അധരയുഗ്മം ഒന്നുകൂടി വലിഞ്ഞു് നീണ്ടു് മീനുസമാകുന്നതു കാണാം. പെട്ടെന്നുണ്ടാകുന്ന ആ വിസ്തൃതിയേറ്റത്തിൽ ആ നേരിയ മീശ കുറച്ചുനേരത്തേയ്ക്കു് അദൃശ്യമായിത്തീരുന്നു. "ശെടാ, ഇവനൊക്കെ വേറൊരു ജോലിയുമില്ലല്ലോ. എല്ലാം ഒന്നാക്കണംപോലും...." അയാൾക്കുമറിയാം കമ്യൂണിസമെന്താണെന്നു്!

ഒട്ടനവധി സുന്ദരസ്വപ്നങ്ങളുമായാണു് അയാൾ രണ്ടാഴ്ചയ്ക്കു് മുമ്പു് ആ കടതുറന്നതു്. കാലത്തെ കുളിച്ചു് കുറിയുമിട്ടു് കട തുറക്കും. ഏട്ടോ, പത്തോ ചക്രത്തിനു് ഈ 'ലക്ചറി'നിടയിൽ വല്ലതും വിറ്റാലുമായി, ഇല്ലെങ്കിലുമായി. സന്ധ്യയാകുമ്പോൾ കടയുമടച്ചു് മോഹനപ്രതീക്ഷകളും, ചുരുട്ടികക്ഷത്തിലിടുക്കി തിരിച്ചു് വീട്ടിൽ കൊണ്ടുചെന്നു് വയ്ക്കും. ഒരു ഭാര്യയും നാലുകുട്ടികളുമുണ്ടയാൾക്കു്. ഈ പത്തു് ചക്രം

പ്രാഭാതത്തിലെ കിനാവ്



(ഹരീന്ദ്രനാഥ ചതോപാദ്ധ്യായ)

വിവർത്തകൻ: ഡി. ശ്രീമാൻ നമ്പൂതിരി

വിളറിത്തളർന്നോരെ-
ത്താരകളെല്ലാം മങ്ങീ;
വിരവിൽ തിങ്ങീ നീല
കാലുരശ്മികളെങ്ങും
വസന്തകാലത്തിന്റെ
നീലനിർമ്മലമായ
സുരഭികാലും മമ
മാനസം കളിപ്പിപ്പൂ.
മധുരോദാരം പാടി
പ്പക്ഷികളണയുന്നു

(കേക)

മടിചേർന്നുറങ്ങുന്ന
പാരിനെസ്സമാശ്ലാളാൽ
മൃത്യുപോൽ താളാത്മക
മാകുന്നു നിശീഥിനീം
യപ്രകാരം ജന്മം പോൽ
വാസരപ്രാരംഭവും!
എന്തയോ വിഭാതങ്ങൾ
രാവിന്റെ രസവിധും-


ശില്പവിധിയിൽനിന്നു
തേജസ്സായ് മാറീടുന്നു;
എന്തയേറെയുജ്ജ്വലി
ച്ചതുപോൽ വാടീടുന്നു;
ചിത്രമീയിരവിനെ
ശ്ലോകതല്പമാക്കുന്നു!
എങ്കിലും മഹാത്ഭുതം!
രണ്ടിനുമവസാനം
ഭംഗിതൻ നീലോല്പല
കാന്തിതൻ പരിണാമം!

വിറവതിൽ നിന്നുള്ള ലാഭത്തിൽ നിന്നുവേണം ആ കുടുംബം അന്നു് കഴിയുവാൻ—എന്നാലും അയാളൊരു മുതലാളിയാണു്. അങ്ങിനെ അയാളെ ക്രൂക്രൂടെ വിളിക്കുന്നവക്കു് അയാം എത്ര ബീഡികളാണു് 'ലൂസ്' ചെയ്തിട്ടുള്ളതു്.

ഇങ്ങിനെയെത്രയെത്ര മുതലാളിമാരാണു്, ആ കവലയിൽ തൊട്ടു തൊട്ടു കിടക്കുന്ന കടകളിൽ പ്രകാശിച്ചു് പൊലിഞ്ഞതെന്നു് മാളികയിൽ താമസിക്കുന്ന ആ മുസ്ലീം മുതലാളി നിങ്ങൾക്കു് പറഞ്ഞു തരും ആ കടകളെല്ലാം 'അള്ളായുടെ അനുഗ്രഹ'ത്താൽ അയാൾക്കു് ലഭിച്ചതാണു്. ആനന്ദമറിയാപ്രതീക്ഷകളോടും, ഒട്ടുങ്ങാത്ത ആശകളോടുമാണു് ആദ്യമാസത്തെ വാടകയും മുൻക്രൂർ കൊടുത്തു് താക്കോൽ വാങ്ങിക്കൊണ്ടവർ പോകുന്നതു്. പത്തു മുപ്പതു രൂപായുടെ സാധനങ്ങളും --അങ്ങിനെ പത്തിരുപതു് ദിവസങ്ങളും കഴിയും. കടയും കുറേശ്ശയായി ഒഴിഞ്ഞൊഴിഞ്ഞു വരുന്നതു കാണാം. അന്നന്നു് വിറകു് വരുന്നതു് നിത്യച്ചിലവിനു് തന്നെ തികയുകയില്ല പിന്നെയല്ലേ പുതിയ സാമാനങ്ങളും വാങ്ങിവയ്ക്കുവാൻ. അങ്ങിനെ ദിവസങ്ങളും കുറെക്രൂടിക്കഴിയും. ഒരു പ്രഭാതത്തിൽ കടയുടെ നിരവു് എട്ടത്തിരിക്കില്ല. ഏഴെട്ടു് ദിവസത്തേയ്ക്കു് ആ ചെറുജനക്രൂട്ടവും, പത്രം വായനയും, കമ്പനിസൈരവും ഒക്കെ സ്മരണയുടെ കോണുകളിൽ മാത്രം വിലയം കൊള്ളും. മറെറാരു പ്രഭാതം. വീണ്ടുമതാ! പിച്ചിപ്പൂവിൻറെയും, ചന്ദനത്തിരിയുടേയും സംകലിതസുഗന്ധം. കടതുറന്നിരിക്കുകയാണു്. പക്ഷേ ആ ചെറിയ നാല്ക്കാലിയുടെ മുകളിലുള്ള രൂപം മാത്രം മാറിയിരിക്കും. വേഷവും, ഭാവവും പഴയതു തന്നെ. മറെറാരു ഹതഭാഗ്യന്റെ ചിരകാല സ്വപ്നങ്ങളും മണ്ണടിയാൻ പോകുന്നതിന്റെ പ്രാരംഭചിഹ്നങ്ങളാണു് നാം കാണുന്നതു്.

നമ്മുടെ പഴയ മുതലാളിയെ നിങ്ങൾക്കു് ഒന്നുക്രൂടിക്കണ്ടാൽ കൊള്ളാം--അല്ലേ? ..... മറെറാരു പ്രഭാതം. പൂവ്വിക്കു് ചുവന്നു തുടങ്ങിയതേയുള്ളൂ. പ്രാതക്കാലത്തെ ശൈത്യമേറിയ കാറുമേറുന്നു, കളിനു് വിറച്ചു്, അർദ്ധനഗ്നനായി മൺവെട്ടിയുമേന്തി നിൽക്കുന്നതാരാണെന്നു് സൂക്ഷിച്ചുനോക്കു! നിങ്ങൾ കാലത്തെ വേലയ്ക്കു് ആളിനെ വിളിക്കാൻ ഇറങ്ങിയതാണില്ലേ! നിങ്ങൾ എവിടേയോ വച്ചയാളെ കണ്ടിട്ടുണ്ടു്. അല്ല; പലപ്പോഴും കണ്ടിട്ടുണ്ടു്; നിന്നു് സംസാരിച്ചിട്ടുമുണ്ടു്. പക്ഷേ --പക്ഷേ ആ വായൽ അരക്കൈയ്യൻ ഉടുപ്പും, അരണവാലൻ മീശയും ചുരുട്ടിക്കോതിയ മുടിയും—അതൊക്കെയെവിടേ? നിങ്ങൾ സംശയിക്കേണ്ട. അന്നു് പീടികപ്പെട്ടിമേലിരുന്നു് ട്രൗസറിന്റെ അനന്തരവനാകാൻ കൊതിപൂണ്ട

(ശേഷം 2-ാം പേജിൽ)



മിത്രങ്ങളുടെ കൂടെ

(ഏ. കെ. ബാലകൃഷ്ണപിള്ള)

ഉച്ചവെയിൽ താഴ്ന്നുവരുന്നു. മണി മൂന്നുകഴിഞ്ഞിരിക്കും.

കഴിഞ്ഞകൊല്ലത്തെ അതേ ബോർഡുതന്നെ ഗേറ്റിങ്കൽ കാണപ്പെട്ടു,—'ഡാ. മൊഹമ്മദ് എം. ബി. ബി. എസ്.' ആ അക്ഷരങ്ങളം അല്പം തേഞ്ഞിട്ടുണ്ട്.

ഞാൻ ഗേറ്റുകടന്നു് അദ്ദേഹത്തിന്റെ മുറാത്തായി. എന്റെ ഷർട്ട്. വിയർപ്പിൽ നനഞ്ഞു് ശരീരത്തോട് ഒട്ടിപ്പിടിച്ച കിടന്നു. ബസ്സ്റ്റാൻഡിൽനിന്നു അദ്ദേഹത്തിന്റെ വീട്ടിലേക്ക് ഒരു മൈലേ ദൂരമെള്ളു. പക്ഷേ, പൂഴപിടിച്ച പൊള്ളിക്കിടക്കുന്ന ആ പൊരിമണലിലൂടെയുള്ള നടപ്പ് അല്പം അസഹ്യമായിരുന്നു.

അദ്ദേഹത്തിന്റെ പറമ്പിലേക്കു കയറിയപ്പോൾ എനിക്കൊരു കുളിർമയും സുഖവും തോന്നി. അവിടം മുഴുവൻ നിറഞ്ഞ പന്തലിച്ചു നിന്നിരുന്ന മരച്ചീനിച്ചെടികളുടെ ഇലച്ചീളുകളെ ഇളക്കിക്കൊണ്ടു്, ഇളംകാറ്റ് എന്നെ തലോടി. ഏകദേശം അരഏക്കർ സ്ഥലത്തിന്റെ നടുക്കു്, അല്പം മുറ്റം ഒഴികെ ചുറ്റും നിറയെ കപ്പച്ചെടികളുമായ് നിന്നിരുന്ന അദ്ദേഹത്തിന്റെ കൊച്ചു വീട്ടിൽ ശാന്തതയുടെ സുന്ദരമായ ഒരു പരിവേഷം ഞാൻ കണ്ടു.

വീട്ടിന്റെ കിഴക്കുവശത്തു് മുറ്റത്തോട് ചേർന്നു നിൽക്കുന്ന കപ്പയുടെ ഇടയിൽനിന്നും അദ്ദേഹത്തിന്റെ ശബ്ദം ഞാൻ കേട്ടു. ഞാൻ അടുത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ കപ്പയുടെ മൂട്ടിൽനിന്നും എഴുന്നേൽക്കുക ആയിരുന്നു. വലതുകയ്യിൽ നീളത്തു പിടിച്ചകടയും ഇടതുകയ്യിൽ തൂക്കിപ്പിടിച്ചിരിക്കുന്ന സഞ്ചിയുമായ് എന്റെ വരവുകണ്ടു് അയിഷാ ചിരിച്ചുകൊണ്ടു് എനിക്കു സ്വാഗതം അരുളി.

ഡാ മൊഹമ്മദ് കപ്പയുടെ കളപറിക്കുകയാണു്. ഫാഹ്ഷർട്ടിന്റെ ശ്രുതിയിലുള്ള ഒരു വെള്ളഷനിയനും, നീക്കം ഇട്ടു്, ഇളക്കിയിട്ട മണ്ണിൽനിന്നും പല്ലുവാരി കൂട്ടുമ്പോൾ, മരച്ചീനിയുടെ ഇലച്ചീളുകൾക്കു താഴെ അദ്ദേഹം തണുപ്പ് അനുഭവിക്കുന്നുണ്ടെന്നു് എനിക്കു തോന്നി. അദ്ദേഹത്തിന്റെ അടുത്തു് ഒരു കൈത്തുമ്പാകിടന്നു. തുമ്പാക്കയ്യുടെ അറ്റത്തു് അയിഷയുടെ കൈ പിടിച്ചിരുന്നു.

എന്റെ കാലൊച്ചകേട്ടു് അദ്ദേഹം തിരിഞ്ഞുനോക്കി. മണ്ണു പുരണ്ട കൈനീട്ടി എനിക്കൊരു സലാം തന്നു.

ഒരു വർഷത്തിനു ശേഷമാണു് ഞാൻ അദ്ദേഹത്തെ കണ്ടുന്നതു്. അല്പം പൊക്കം കുറഞ്ഞ അദ്ദേഹത്തിന്റെ, തടിച്ച ദേഹത്തിനു് കരാകർഷകതപോരുണ്ടു്. നാലഞ്ചു ദിവസം ഷേവുചെയ്യാതെയിൽ താടിയിൽ കുറ്റിരോമങ്ങൾ നിന്നു, ആ തടിച്ച മുക്കും പൊടിയ കണ്ണുകളും അദ്ദേഹത്തിന്റെ ഇളം കറുപ്പു നിറമുള്ള മുഖത്തിന്റെ, സൌന്ദര്യം ആണു്. ഹൃദയത്തിന്റെ ആഴവും വിശാലതയും ആ മുഖത്തു പ്രതിഫലിക്കുന്നുണ്ടു്.

നാടോടുക്കു് അറിയപ്പെടുന്ന ആ മുപ്പത്തഞ്ചോ വയസ്സുകാരൻ ഡാക്ടർ, ഭാര്യയൊത്തു കള പറിക്കുന്നു്, ഒരുകാഴ്ചതന്നെ ആയിരുന്നു.

കളയും പുല്ലും പറിച്ചുകൊണ്ടു തന്നെ അദ്ദേഹം ഭാര്യയോടു പറഞ്ഞു:—

"അയിഷാ, ആ കടയും സഞ്ചിയും വാങ്ങി, അകത്തുകൊണ്ടു പൊന്നുവയ്ക്കു."

അവർക്കൊരു മുപ്പതുവയസ്സു പ്രായമുണ്ടാകും അദ്ദേഹത്തേക്കാൾ അവർക്കു പൊക്കമുണ്ടു്. ഒതുങ്ങിയ ദേഹമെങ്കിലും, അതിനു് ആരോഗ്യത്തിന്റെ ദൃഢതയും കൊഴുപ്പും ഉണ്ടു്. അവർ ഇളം നീലനിറത്തിലുള്ള ഒരു സാരി ഉടുത്തിരുന്നു. പരുപരുത്ത വീലകുറഞ്ഞ സാരി. സാരിയിൽ അവിടവിടെയായി മണ്ണും പൊടിയും പുരണ്ട പാടുകാണാം. അയിഷ എന്റെ കയ്യിൽ നിന്നും കടയും സഞ്ചിയും വാങ്ങിക്കൊണ്ടുപോയി.

അവർ കുലീനത്വവും കുടുംബമഹത്വവുമുള്ള ഒരു കുടുംബത്തിൽനിന്നും വന്നിട്ടുള്ളതാണു്. ഭാര്യയെപ്പറ്റി സംസാരിക്കുമ്പോൾ കഴിഞ്ഞ തവണ ഡാക്ടർ എന്നോടു പറഞ്ഞു:—"കാളേജിൽവച്ചു് ഞാൻ അവളെ പ്രേമിച്ചതാണു്. കാളേജ് വിട്ടതിനുമുമ്പു് കല്യാണവും കഴിച്ചു. ഈ കൊച്ചു സുന്ദരിയിൽനിന്നും ഞാൻ സ്നേഹം മാത്രമല്ല കുറുതിയതു് എന്റെ എല്ലാം തന്നുള്ളിലും അവൾ പങ്കാളിയായിരിക്കണമെന്നു് എനിക്കു നിർബ്ബന്ധമുണ്ടായിരുന്നു. പെട്ടെന്നു പാവപ്പെട്ടവരുടെ ദിനവൃത്തികളുമായ് ഒത്തിണങ്ങി."

പത്തുകൊല്ലത്തെ ദാമ്പത്യ ജീവിതംകൊണ്ടു് ഭർത്താവിൽനിന്നും വിലപ്പെട്ട അനവധി പാഠങ്ങൾ അവർ പഠിച്ചുകഴിഞ്ഞു. സ്വച്ഛതയും സമാധാനവും അവരുടെ മുഖത്തു കളിയാടി. അവ അയിഷയുടെ ആകർഷകത്വത്തിനു മേനി കൂട്ടി.

ഞാൻ ഡാക്ടറോടുപറഞ്ഞു:—

"ഞാൻ വിചാരിച്ചു ഇപ്പോൾ ഉറങ്ങുക ആയിരിക്കുമെന്നു്."

അദ്ദേഹം പെട്ടെന്നു് ചിരിച്ചു.

"ഞാൻ ഉച്ചയ്ക്കു് ഉറങ്ങിയിട്ടു് വളരെ കാലമായി"

അയിഷ മടങ്ങിവന്നു. ഒരു പെരിയ വള്ളിക്കൊട്ടയുമായ് അവർ, ഭർത്താവു കൂട്ടിയിട്ടിരിക്കുന്ന പുല്ലെല്ലാം വാരുവാൻ തുടങ്ങി.

ഞാനും അദ്ദേഹത്തിന്റെ കൂടെ കള പറിക്കാനിരുന്നു. ഡാക്ടർ ചോദിച്ചു:—

"നിങ്ങൾക്കു കപ്പയിഷ്ടമാണോ?"

"എന്തായാലും കിട്ടുമ്പോൾ ഇഷ്ടമായ് കഴിക്കാറുണ്ടു്"

"എന്നാൽ ഇന്നു രാത്രി നിങ്ങൾക്കു് കപ്പയും മീനും ഉണ്ടു്" അദ്ദേഹത്തിന്റെ ഭാര്യ ചിരിച്ചു അദ്ദേഹം തുടർന്നു:—

"ഞങ്ങൾക്കു കപ്പയും മീനും വളരെ ഇഷ്ടമാണു്. ഇന്നാട്ടിൽ ഇതു് അധികം കൃഷിചെയ്യാറില്ല. ഞങ്ങൾ പറമ്പുഴവൻ നട്ടിട്ടുണ്ടു്"

അദ്ദേഹം കെട്ടിടത്തിന്റെ വടക്കുഭാഗത്തേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു് സന്തോഷത്തോടെ പറഞ്ഞു:—

"ദാ, അവിടെയുള്ള കിഴങ്ങെല്ലാം ഞങ്ങൾ പറിച്ചു തുടങ്ങി. നേരത്തെ നട്ടതാണു്",

രണ്ടു രോഗികൾ വന്നു. നേരത്തെ ചികിത്സയിൽ ഇരിക്കുന്നവരാണു് അദ്ദേഹം കയ്യിലെ വാച്ചുനോക്കിക്കൊണ്ടു പറഞ്ഞു:—

"അയിഷാ അവർക്കു വാതിൽ തുറന്നുകൊടുക്കു ഞാൻ എഴുന്നേൽക്കുകയാണു്. മണി മൂന്നരയായി."

അദ്ദേഹം താമസിച്ചിരുന്നകെട്ടിടത്തിൽനിന്നു ഏകദേശം അൻപതുമീറ്റർ തെക്കോട്ടു മാറിയാണു് ഡിസ്പെൻസറി.

ഞങ്ങൾ അദ്ദേഹത്തിന്റെ കൊച്ചു വീട്ടിലേക്കു കയറി. നാലുമുറികളും ഒരടുക്കളയുമാണു്. അതിന്റെ ഉള്ളടക്കം. കയ്യും കാലും മുഖവും കഴുകി കളഞ്ഞു്, മിസ്സിസ്സ് ഡാക്ടർ ഞങ്ങളെ ചായകുടിക്കുവാൻ വിളിച്ചു. രണ്ടു പ്ലേറ്റിനു കത്തു് കീറി കഷണമാക്കിയ റൊട്ടിയും പഴവും, ഒരു പൊടിയ ജഗ്ഗിൽ ചായയും, മേശപ്പു

റത്തു വച്ചിരുന്നു. ഞങ്ങൾ റൊട്ടി തിന്നാൻ തുടങ്ങിയപ്പോൾ അയിഷ പറഞ്ഞു:—

"നല്ല ഗോതമ്പല്ല. അതുകൊണ്ടു സ്വാദു കുറയും."

ഡാക്ടർ പറഞ്ഞു:—

"നിന്റെ കഴമ്പു കറിക്കൊണ്ടു വാ. ഞങ്ങൾ മുക്കി തിന്നുകൊള്ളാം." ഡാക്ടർ എന്നെ നോക്കി തുടർന്നു:—"ഇവൾ കഴമ്പു കറിക്കു സ്പെഷ്യലിസ്റ്റാണു്."

പെട്ടെന്നു് നേഴ്സിന്റെ തല ജന്നലിങ്കൽ കണ്ടു. ഡാക്ടർ വിളിച്ചുപറഞ്ഞു:—

തങ്കമ്മ ഇത്തിരിപ്പോന്നു, ഞങ്ങൾ ഇപ്പോഴാണു് ടിക്കു് ഇരുന്നതു്." മെലിഞ്ഞു പൊക്കംകൂടിയ ഒരു യുവതിയാണു് തങ്കമ്മ. അയിഷാ നാലേട്ടാസും രണ്ടു പ്ലേറുകളിൽ റൊട്ടിയും പഴവും മുയും വന്നു. നേരത്തേകഴമ്പു് കറികൊണ്ടു വന്നുകഴിഞ്ഞിരുന്നു. തങ്കമ്മയും അയിഷായും ഞങ്ങളുടെ എതിർവശത്തായ് ഇരുന്നു. തങ്കമ്മ വരുന്നതുകണ്ടാണു്, അയിഷാ നേരത്തെ ഞങ്ങളുടെകൂടെ ചായകുടിക്കാൻ ഇരിയ്ക്കാഞ്ഞതെന്നു് ഞാൻ മനസ്സിലാക്കി. ഡാക്ടർ എന്നോടു ചോദിച്ചു:—

"കഴിഞ്ഞ തവണ നിങ്ങൾ വരുമ്പോൾ തങ്കമ്മ ഇവിടെ ഉണ്ടായിരുന്നോ?"

"ഇല്ല,"

അദ്ദേഹം എന്നെ അവർക്കു പരിചയപ്പെടുത്തി

ഗേറ്റിങ്കൽ ഒരു കാളവണ്ടി വന്നു നിന്നതു് ഡാക്ടർ ശ്രദ്ധിച്ചു പ്ലേറിൽ റൊട്ടിയുടെ പുറത്തു കൈവച്ചുകൊണ്ടു് അദ്ദേഹം കാളവണ്ടിയിലേക്കു തന്നെ നോക്കിക്കൊണ്ടിരുന്നു.

രണ്ടു പുരുഷന്മാർ ഒരു സ്ത്രീയേയും താങ്ങി എടുത്തുകൊണ്ടു് ഡിസ്പൻസറിയിലേക്കു വരുന്നതുകണ്ടു. കൂടെ ഏങ്ങലടിച്ചുകൊണ്ടു് കരഞ്ഞ ഒരു കൊച്ചു പെൺകുട്ടിയും.

ഡാക്ടർ ചാടിഎണീറ്റു് തിണ്ണയിൽ ഇറങ്ങി ഡിസ്പ്പൻസറിയിലേക്കു നടന്നു. കൂടെ നേഴ്സും പോയി. രണ്ടുപേരുടേയും പ്ലേറുകളിൽ റൊട്ടിയും പഴവും പകുതിയും ഇരുന്നു. ഡാക്ടർ ചായകുടിക്കുകയേ, ചെയ്തിരുന്നില്ല. അയിഷയും എഴുന്നേറ്റു ഞാൻ എഴുന്നേല്പാൻ തയ്യാറായി—അയിഷ പറഞ്ഞു:—

"നിങ്ങൾ ചെയ്യുപ്പെയ്യ് ചായ കുടിച്ചിട്ടു് എഴുന്നേറ്റാൽ മതി. ഞാൻ വിവരം എന്തെന്നു നോക്കിയിട്ടു വരാം ഞങ്ങൾക്കിതു് എപ്പോഴുമുള്ള സംഭവമാണു്"

തന്നെയായിരുന്നു ചായകുടിക്കുവാൻ എനിക്കു വല്ലായ്മ തോന്നി. ഞാൻ പ്ലേറിൽ നിന്നും കയ്യെടുത്തു് കസേരയിൽ ഇരുന്നു.

രണ്ടു മിനിറ്റിനകം അയിഷ മടങ്ങി വന്നു. "സാരമില്ല. ആ സ്ത്രീക്കു് ഒരു ബോധക്കേടു മാത്രമാണു്"

അവർ ഒരു ജഗ്ഗിൽ ചായയും ഒരു ഗ്ലാസുമായി ഡിസ്പൻസറിയിലേക്കു വീണ്ടും പോയി മടങ്ങിവന്നു് വീണ്ടും ചായകുടിക്കാനിരുന്നു. അവർ പോലിച്ചു:—

"ഇതുവരെ ഒന്നും കഴിച്ചില്ലേ!"

ഞാൻ ഒന്നു ചിരിക്കുകമാത്രം ചെയ്തു.

റൊട്ടിക്ഷണം കടിച്ചുകൊണ്ടു് അയിഷ പറഞ്ഞു:—

"ചലസൈകയ്യുങ്ങളും സുഖങ്ങളും ഞങ്ങൾക്കു മാറി വച്ചേ തീരൂ"

"അദ്ദേഹത്തിന്റെ ജോലിയുടെ പ്രത്യേകതയും മാഹാത്മ്യവും അതാണു്",

അദ്ദേഹം അതറിയുന്നുണ്ടു്. ശരിയായ ഒരു ഡാക്ടർക്കു ലോകം കൊടുക്കുന്ന മഹത്വത്തിനും അപ്പുറമായി അദ്ദേഹം മീമായ ചുമതലകൾ കാണുന്നു. ഒരു രോഗിയുടെ രോഗം മാറുക എന്നുള്ള സാധാരണ സംഗതിയിൽ നിന്നും ഉപരിയായ് ആ രോഗം എന്തുകൊണ്ടുണ്ടായി എന്നും സാധുക്കളായ അവരെ എങ്ങിനെയാണു പിടികൂടിയതെന്നും അദ്ദേഹത്തിന്റെ മനസ്സു പീഡിതമാകുന്നു"

"എനിയ്ക്കും അതു മനസ്സിലാക്കാൻ കഴിഞ്ഞു"

"പലപ്പോഴും അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും ഇവിടെയുണ്ടെന്നു് അദ്ദേഹം അറിയാറില്ല. അദ്ദേഹം മനുഷ്യനാണെന്നും സമയത്തിനു് ആഹാരം കഴിക്കണമെന്നും ഓർക്കാറില്ല, രോഗികളുടെ അടുത്തു നിന്നും വന്നാൽ അദ്ദേഹം മുറത്തു് കസേരയും ഇട്ടു് രാത്രിയിൽ ഇരുന്നു് ആലോചനയാണു്. മുറിയ്ക്കകത്തും അദ്ദേഹം അതുതന്നെയാണു് ചെയ്യുന്നതു്. രാത്രിയിൽ മുറത്തു് ഉലാത്തിയും, നിലാവുണ്ടെങ്കിൽ കപ്പച്ചെടികൾക്കിടയിലും ഇടയിയിൽ നടന്നുകൊണ്ടു് ഗഹനമായ് ചിന്തിക്കും. അർദ്ധരാത്രിയിൽ കിടക്കയിൽനിന്നു് എഴുന്നേറ്റു, വിളക്കും കത്തിച്ചു് വച്ചു് മുറി മുഴുവൻ നടക്കും കടലോരത്തും കയർ ഫാക്ടറികളിലും പോയിട്ടു് എന്റെയടുത്തു വന്നു് ദീർഘനേരം സംസാരിക്കും.

'പട്ടിണിയും രോഗവും'.....പട്ടിണിയും രോഗവും, അവ അങ്ങിനെ വളർന്നു വരുന്നു! എന്നിൽനിന്നും എന്തോ പ്രതീക്ഷിക്കുന്നതുപോലെ എന്റെ മുഖത്തേക്കു നോക്കിയിരിക്കും."

അയിഷയുടെ ശബ്ദം വിഷാദ നിമഗ്നമായി "ചിലപ്പോൾ അദ്ദേഹം പറയും 'എനിക്കൊരു മനസ്സമാധാനവും കിട്ടുന്നില്ല."

അദ്ദേഹത്തെപ്പറ്റിയുള്ള ബഹുമാനത്തോടെ ഞാൻ പറഞ്ഞു:—

മനുഷ്യവർഗ്ഗത്തെ അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടു്. അവരെപ്പറ്റി തീഷ്ണമായി ചിന്തിക്കുവാൻ കഴിച്ചിട്ടുള്ള ഒരുവനാണെന്നും അദ്ദേഹം അറിഞ്ഞിട്ടുണ്ടു്."

അല്പനേരം അവർ മൂകമായ് ഇരുന്നു. എന്റെ കണ്ണുകളിലേക്കു ദൃഷ്ടിപതിപ്പിച്ചുകൊണ്ടു പറഞ്ഞു:—

"ഞാൻ അതിൽ അഭിമാനംകൊള്ളുന്നു. ഞാൻ സന്തോഷിക്കുകയും ചെയ്യുന്നു. പക്ഷെ, അദ്ദേഹം വേണ്ടതുപോലെ ഉറങ്ങാതിരിക്കുകയും ആഹാരം കഴിക്കാതിരിക്കുകയും ചെയ്യുന്നതു് എനിക്കു സങ്കടമാണു്."

അവർ എഴുന്നേറ്റുനിന്നു. അവരുടെ വ്യക്തിത്വത്തിന്റെ ജീവൻ സ്നേഹമാണു്. അദ്ദേഹത്തെപ്പോലെയുള്ള ഒരു ഭർത്താവിനു് ആവശ്യം വേണ്ട സ്നേഹം

അവർ പ്ലേറുകളെല്ലാം മേശപ്പുറത്തു നിന്നും അടുക്കി മുറ്റത്തേക്കു നോക്കിക്കൊണ്ടു പറഞ്ഞു:....

"കുഞ്ഞങ്ങൾ വരുന്നുണ്ടു്"

ഞാൻ വാതുക്കൽ ഇറങ്ങിനിന്നു.

അക്ബറും ലേഖയും പള്ളിക്കൂടംവിട്ടു വരുകയാണു്. അക്ബറിനു് ഒൻപതു വയസ്സും, ലേഖക്കു് എഴുവയസ്സും ഉണ്ടാകും.

അവർ എന്നെ കാണുമ്പോൾ എന്തായിരിക്കും ചെയ്യുക? അവരെ കണ്ടപ്പോൾ തന്നെ എന്റെ ഹൃദയത്തിൽ ഒരുമനതാപമുള്ള 'കിക്കിളി'യുണ്ടായി. സന്തോഷം നൽകുന്ന സുരണകൾ ഉണ്ടായി.

ലേഖ എന്നെ കണ്ടു്, രണ്ടു വശങ്ങളിലേയ്ക്കും തലകലുക്കി ചിരിച്ചു. അവൾ മുഖത്തിനുനേരെ സഞ്ചിയെത്തി. അവൾ ചിരിച്ചുകൊണ്ടു തെക്കേവാതലിലൂടെ അകത്തു കടന്നു. അക്ബർ എന്റെ അടുത്തേക്കു തന്നെ വന്നു. അവൾ പുറകുവശത്തു കൂടെ ഞാൻ നിൽക്കുന്ന ഉരുണമറിയിൽ കടന്നു. അമ്മ മക്കൾക്കു് ചായയും റൊട്ടിയുമായ് വന്നു.

ലേഖ, അമ്മയുടെ സാരിയിൽ പിടിച്ചുനിന്നു് എന്നെ നോക്കി ചിരിക്കുകയാണു് ആ ചിരിയിൽ അവൾ എന്നോടു കാണിച്ചിട്ടുള്ള കുസൃതികളുടെ എല്ലാം, സുരണയുണ്ടു്. സന്തോഷനിർഭരങ്ങളായ സംവേദങ്ങളുടെ സുരണയുണ്ടു്. ഞാൻ അവളുടെ കയ്ക്കുപിടിച്ചു് തീൻ മേശയുടെ കസേരയിൽ ഇരുത്തി, ഞാനും അമ്മയും മേശയോടുചാരി അവളുടെ രണ്ടുവശങ്ങളിലും നിന്നു. മേശയോടു് ചേർത്തു് താടിവച്ചുകൊണ്ടു് അവൾ എന്നെ നോക്കി. ആ വെളുത്ത മുഖത്തിൽ അഴകുള്ള കണ്ണുകൾ!

ഒരു വർഷംകൊണ്ടു് അവൾ കുറച്ചു വളർന്നിട്ടുണ്ടു്. ആ കവിളുകൾ വികസിച്ചു. കൺപീലികൾ നീണ്ടു. ആ മെലിഞ്ഞ ഉടലിനു് അല്പം നീളംകൂടി.

അമ്മ പറഞ്ഞു:—

"ഞാൻ ഡിസ്പൻസറിയിലേക്കു പോവുകയാണു്. അദ്ദേഹത്തിന്റെയടുത്തു് എന്തെങ്കിലും എടുക്കാനും പറയാനും എപ്പോഴും ഞാൻ ഉണ്ടാകണം."

അവർ പോയികഴിഞ്ഞപ്പോൾ എന്റെ ചിന്ത കുട്ടികളെപ്പറ്റി മാത്രമായി. അവർ അടുത്തടുത്തിരുന്നു ചായ കഴിക്കുകയാണു്. അക്ബർ അവന്റെ പാത്രത്തിൽ നിന്നും ഞാൻ ഒരു കഷണം റൊട്ടി തിന്നണമെന്നുപറഞ്ഞു. ഉടനെ ലേഖ പറഞ്ഞു:—

"എന്നാൽ എന്റെ ഒരു പഴവും തിന്നണം" അവളുടെ ചിരിയുന്ന മുഖം കാണുമ്പോൾ

— കഥയിൽ തുടരുന്നു —

ഞാൻ എങ്ങിനെയാണു്, ആ കുടുംബത്തിന്റെ കഥ ഓർക്കാതിരിക്കുക!—

കഴിഞ്ഞ വർഷം വന്നിരുന്നപ്പോഴാണു്. ഞാൻ ഒരു ദീർഘമായ യാത്രക്കു പുറപ്പെട്ടിരിക്കുകയായിരുന്നു. ഞാൻ ആ വഴി എവിടെപ്പോയാലും അവിടെ ഇറങ്ങുന്നതെന്നും അദ്ദേഹത്തെ കാണുന്നതെന്നും ഡാക്ടർക്കു നിർബന്ധമുണ്ടു്. കൂടെക്കൂടെ അദ്ദേഹത്തിന്റെ കത്തുകൾ എന്നെ ഉണർത്തും. അവയിൽ അദ്ദേഹത്തിനു് ലോകത്തിനേയും ജീവിതത്തെപ്പറ്റിയും വളരെയധികം പറയാനുണ്ടാകും. സ്നേഹത്തിൻറേയോ അതിനേക്കാൾ ഉപരിയായ മറ്റെന്തോ പ്രവാഹത്തിൻറേയോ കിന്നരിയേറിയ സന്ദേശങ്ങൾപോലെ ആ കത്തുകൾ എന്റെ പ്രിയമുഴുവൻ കവരും. അവ അദ്ദേഹത്തിന്റെ അടുത്തേക്കു എന്നെ ശക്തിയോടെ കൊണ്ടുപോകും. ആ കത്തുകളിൽ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പത്നിയുടെയോ കുട്ടികളുടേയോ സുന്ദരങ്ങളായ കുറിപ്പുകൾ ഉണ്ടാകും അദ്ദേഹത്തിന്റെ കത്തു് എനിക്കു് ചന്ദ്രനും ചന്ദ്രികയും ആണെങ്കിൽ, ആ കുറിപ്പുകൾ വെള്ളിനക്ഷത്രങ്ങളായിരിക്കും. അങ്ങനെ ഞാൻ നിരവധി പ്രാവശ്യം അദ്ദേഹത്തിന്റെ അടുത്തെത്തി.

ആ ഉണ്മ മറിയിൽ വച്ചതന്നെയാണു് കഴിഞ്ഞതവണ ആ സംഭവം ഉണ്ടായതു്. ഞാനും ലേഖയും അക്ബറും അമ്മയും ഉണ്ടായിരുന്നു. അദ്ദേഹം ഡിസ്പെൻസറിയിലായിരുന്നു. വൈകുന്നേരം ചായ കുടിയും കഴിഞ്ഞു് ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. ലേഖ അകത്തുപോയി എന്റെ കടയും എടുത്തുകൊണ്ടുവന്നു. കൺതോൽ ചരടായിരുന്നതുകൊണ്ടു് തുണിയിലെ നിറം മങ്ങുക തുടങ്ങിയിരുന്നു. വിളർത്തമായ് തോന്നിയിരുന്നു. ഒന്നരക്കൊല്ലത്തെ പഴക്കമുള്ളതുകൊണ്ടു് പുറത്തിലെ തുണി മറിച്ചുതുന്നുകൊണ്ടുള്ള തുന്നലിന്റെ വൃത്തം ഒരു പൊടിപ്പടത്തോളം വലുതായിരുന്നു.

അവൾ കട എന്റെ നേരെ നീട്ടിക്കൊണ്ടുചോദിച്ചു:—

"ഇതു് ചേട്ടനു് എവിടുന്നു കിട്ടിയതാ"

ഞാൻ പറഞ്ഞു:—

"ഞാൻ രൂപാ കൊടുത്തുവാങ്ങിച്ചതാ"

അക്ബർ അവളോടു് ചോദിച്ചു:—

"ഈ പഴങ്കടയും പിടിച്ചുകൊണ്ടു നടക്കാൻ നാണമില്ലല്ലൊ."

ലേഖ പറഞ്ഞു:—

"ഇതു് ഞാൻ ജനിക്കുന്നതിനു മുമ്പോ മറ്റോ വാങ്ങിച്ചതാ."

ഞങ്ങളെല്ലാം പൊട്ടിച്ചിരിച്ചു.

അവൾ കട നിവർത്തു അതിന്റെ ഒരു കമ്പി അന്നു രാവിലെ ഒടിഞ്ഞിരുന്നു. കട നിവർത്തപ്പോൾ ഒടിഞ്ഞ കമ്പി കീടനാം പോടി. ലേഖ അതു കൂടുതൽ കലുക്കി ആട്ടി. അവൾ തുള്ളിച്ചാടി ഒന്നു ചിരിച്ചു. എന്നിട്ടു് അവൾ അമ്മയോടു പറഞ്ഞു:—

"ഈ പേട്ടന്റെ പെട്ടിയിൽ നൂറുരൂപാ ഇരിപ്പുണ്ടു്. അതുകൊണ്ടു് ഒരു കട വാങ്ങിക്കാൻ മേല"

അമ്മ ചോദിച്ചു:—

"നീ എങ്ങിനെ രൂപാ കണ്ടു."

അവൾ പറഞ്ഞു:—

"രൂപാ ആയിട്ടല്ല, ചെക്കു്, പച്ചനിറത്തിലുള്ള ഒരു കടലാസു്. അതിനു നൂറുരൂപായാണു്. പേട്ടൻ രാവിലെ പറഞ്ഞു"

അന്നു രാവിലെ ഞാൻ പെട്ടി തുറന്നപ്പോൾ അവൾ അകംമുഴുവൻ കണ്ടു. അതിലെ പുസ്തകങ്ങളും മറ്റും അവൾ തന്നെയാണു് പിന്നീടു് അടുക്കി വച്ചതു്. ഒരു നോട്ടുബുക്കിനകത്തിരുന്ന ആ ചെക്കു് എടുത്തു അവൾ സന്തോഷത്തോടെ കുറച്ചുനേരം നോക്കി. ആ ചെക്കിന്റെ കഥയും വിലയും പോടിച്ചു. ഒരു ബുക്കു ഡിപ്പോയിൽ നിന്നും എനിക്കു തന്നതാണെന്നുള്ളതു്, അവളോടു പറഞ്ഞു. നൂറുരൂപയാണു് അതിന്റെ വില എന്നു പറഞ്ഞപ്പോൾ അവൾ എന്താണു് അതിശയത്തോടെ നോക്കിനിന്നു. ആ നിൽപു കണ്ടാൽ താനും, നൂറുരൂപായുടെ ചെക്കു കയ്യിലുള്ള ഞാൻ വളരെ വലിയ ധനികനാണെന്നു്.

ഞാൻ അവളെ അറിയിച്ചു "ലേഖേ, അതിന്റെ കമ്പി രസികനാണു്. അതാണു ഞാൻ കളയാത്തതു."

"രസികൻ കമ്പിയാണു്, ഛേ, ഒടിഞ്ഞ കിടന്നു് ആടുന്നതു്? ഇതിന്റെ കമ്പിയും കൊള്ളുകില്ല തുണിയും കൊള്ളുകില്ല."

അക്ബർ പറഞ്ഞു:—

"ഇതിന്റെ കമ്പികൊണ്ടു് നമുക്കു്, നമ്മുടെ പുസ്തകത്തിലെ ശ്രീരാമന്റെ അമ്പും വില്ലും ഉണ്ടാക്കാം."

ലേഖ പറഞ്ഞു:—

"ഇതിന്റെ തുണി കീറി നമ്മുടെ പട്ടിക്കുഞ്ഞിനെ കിടത്തണം"

അമ്മയും പറഞ്ഞു:—

"നമുക്കു് കീടനു കൊടുക്കാം മക്കളേ. പാവം കീടൻ, ഒരു കട വേണമെന്നു പറഞ്ഞു."

കീടൻ അവിടെ കൂടെ കൂടെ കറങ്ങിക്കൊണ്ടിരിക്കുന്ന സാധു ശുനകനാണു്. അമ്മയുടെ പ്രസ്താവത്തോടെ എന്റെ കടയെപ്പറ്റിയുള്ള എല്ലാ വാദങ്ങളും വേണ്ടെന്നുവച്ചു.

അക്ബർ പിന്നേയും പറഞ്ഞു:—

"ചേട്ടൻ വേറെ നല്ലകടവാങ്ങിക്കണമെങ്കിൽ ഇതു് തീയിൽത്തന്നെ ഇടണം"

അടുത്ത ദിവസം വെളുപ്പിനെ ഞാൻ യാത്രതിരിച്ചു. ലേഖ കട തന്നില്ല. അതു തീയിലോ വെള്ളത്തിലോ പൊയിട്ടില്ലെന്നതു ചിന്തിക്കാതെ പെട്ടിയും എടുപ്പിച്ചു് ഞാൻ പുറപ്പെട്ടു. ലേഖ 'കുടുകുടെ' നിന്നു ചിരിച്ചു.

എത്തേണ്ടടത്തു് എത്തി, ഹോട്ടലിൽ ചെന്നു് പെട്ടി തുറന്നപ്പോൾ അതിനകത്തു് ഒരു പൊടിയ 'ലേഡീസു് അംബ്രല' [ഇരിക്കുന്നു. വാങ്ങിച്ചിട്ടധികമാകാത്ത ഒരു പുതിയ കട. അതു ലേഖയുടേതായിരുന്നു. അതുകൊണ്ടു് അവൾ പള്ളിക്കൂടത്തിൽ പോകുന്നതു ഞാൻ കണ്ടിട്ടുണ്ടു്. വെളുപ്പിനെ ഞാൻ പെട്ടി പൂട്ടുന്നതിനു് മുമ്പു് അവൾ അതിനകത്തു വച്ചതാണു്—അങ്ങിനെ അവളുടെ കടയുടെ കഥ ഓർത്തു ഞാൻ ആ കുഞ്ഞുമുഖത്തു നോക്കിയിരുന്നു.

ചായ കുടിച്ചു കഴിഞ്ഞു് രണ്ടുപേരും എന്റെ അടുത്തുവന്നു. രണ്ടു കയ്യിലുമായ് അവരെ പിടിച്ചുകൊണ്ടു് എന്റെ സഞ്ചിയിരിക്കുന്ന മുറിയിലേക്കു കൊണ്ടുപോയി. സഞ്ചിയിൽനിന്നും ഒരു പൊടിയ പൊതിക്കെട്ടു ഞാൻ എടുത്തു ലേഖയോടു ചോദിച്ചു:—

"എനിയ്ക്കു റിബ്ബൺ ഉണ്ടോ?"

"ഹ്ഉം. മഞ്ഞറിബ്ബൺ. നിനക്കതല്ലേ, ഇഷ്ടം?"

അവൾ തലകുലുക്കി—

കെട്ടിനകത്തു നിന്നും ആദ്യം വെളിയിൽ വന്നതു് രണ്ടു പൊടിയ റോളു് റിബ്ബൺ വളകളാണു്. അക്ബർ ചോദിച്ചു:—

"ചേട്ടാ, ഇതു നിറയെ റിബ്ബണും വളകളുമേ ഒള്ളൂ?"

"അല്ല, നിനക്കുമുണ്ടു്. പോക്കറ്റിലുണ്ടു്" ലേഖ പറഞ്ഞു:—

"എനിയ്ക്കു് ഈ വെളുത്ത വള വലിയ ഇഷ്ടമാണു്"

അക്ബർ അലമാരിതുറന്നു് അതിനകത്തു സൂക്ഷിച്ചു വച്ചിരുന്ന ഒരു പഴയ ടെന്നീസും എടുത്തുകൊണ്ടുവന്നു

"നമുക്കു പന്തുകളിക്കാം."

ലേഖ പറഞ്ഞു:—

"ചേട്ടനു് പന്തുകളിക്കാൻ അറിഞ്ഞുകൂടെങ്കിൽ ഞങ്ങളെ പഠിപ്പിക്കാം"

"ശരി, എന്നാൽ നമുക്കു പൊയ്യളയാം."

ലേഖ അക്ബറിനോടു തുടർന്നു:—

"ചേട്ടനും ഞാനും."

"പേട്ടൻ ഗോളി. ഞാനും ലേഖയും ഫോർവാർഡു്." ലേഖയുമായു് ഒരൊത്തുതീർപ്പിനു് അക്ബർ ആവശ്യപ്പെട്ടു. "പേട്ടൻ നമ്മുടെ രണ്ടുപേരുടേയും മാറിമാറി ഗോളി ആയിരിക്കും."

ഞങ്ങൾ മുറ്റത്തേയ്ക്കുപോയി. ടെന്നീസ്സിട്ടു കളിതുടങ്ങി. അവൾ അക്ബറിനോടു പറഞ്ഞടിച്ചു് ഏറുമുട്ടി, അവളുടെ തലയിലും പുറത്തും അവൻ പന്തടിച്ചു അവൾ ചിരിച്ചുമറിഞ്ഞുകൊണ്ടു് അക്ബറിനെതിരായ് മുന്നേറി. കാൽ മണിക്കൂർ വീതം കഴിയുമ്പോൾ എന്നെ അവർ പരസ്പരം ഗോളിയായി സ്ഥലംമാറ്റി.

പന്തുകളി തീരുന്നതിനുമുമ്പു് ഞാൻ ഡിസ്പെൻസറിയിലേക്കു പോയി. സന്ധ്യ മയങ്ങാറായി. തിണ്ണയിൽ ഡാ മൊഹമ്മദ് ഇരുന്നിരുന്നു. അദ്ദേഹത്തിന്റെ മേശയ്ക്കു് പുറം വളരെയധികം രോഗികളുമായ്. അവർ അധികവും സ്ത്രീകളായിരുന്നു. വിളറിയ മുഖത്തോടും താഴ്ന്ന കണ്ണുകളോടുംകൂടിയ കുഞ്ഞുങ്ങളും അമ്മമാരും. അവർ കൂടുതലും കടൽ പണിക്കാരും കയർ പണിക്കാരും ആയിരുന്നു.

എത്ര ശ്രദ്ധയോടെയാണു് അദ്ദേഹം അവരുടെ

മെൻസോളിൻ

മുറതെറ്റിയുള്ള ആർത്തവം, ആർത്തവരക്തതടസ്സം, അതിസ്രവണം. അതിവേദന, അസ്ഥിസ്രാവം, പൂയമേഹം (പഴുപ്പുപോക്ക്), വയറുകത്തൽ, നടുവുവേദന, തലക്കറക്കം, കൈകാൽപുകച്ചിൽ, എന്നിങ്ങനെയുള്ള രോഗങ്ങളിൽപെട്ടഴലുന്ന സ്ത്രീജനങ്ങൾ ഞങ്ങളുടെ മെൻസോളിൻ സേവിക്കുക. ഗർഭാശയസംബന്ധമായും, തജ്ജന്യങ്ങളായും ഉള്ള എല്ലാ രോഗങ്ങളേയും ശമിപ്പിക്കുന്നു. ഗർഭാശയത്തെ ശുദ്ധവും ബലിഷ്ഠവുമാക്കിത്തീർക്കുന്നു. ആകർഷകമായ ആരോഗ്യവും സൗന്ദര്യവും ലഭ്യമാകുന്നു.

പ്രസവരക്ഷയ്ക്കു ഉത്തമം.

കുപ്പി 1-ക്ക് 4 രൂ. 8 ണ. പാക്കിംഗ് & പോസ്റ്റേജ് പുറമേ.

എസ്സ്. കെ. വി. ഫാർമസി,

പാലസ്സ് റോഡ് – ആലപ്പുഴ

വിവരങ്ങൾ കേൾക്കുന്നു? ഭക്തിയും വണക്കവും സ്ഫുരിക്കുന്ന കണ്ണുകളോടെ, ക്ലായ്ക്കുള്ളിൽ വൃത്തികെട്ട ആ മനുഷ്യജീവികളുടെ മുഖത്തേക്കു ഉറ്റുനോക്കി, യാതൊരു പ്രൈവറ്റ് ഡാക്ടർക്കും, ഞാൻ ഇതുപോലെ രോഗികളെ കണ്ടിട്ടില്ല. ഭാര്യ അദ്ദേഹത്തിന്റെ അടുത്തു് ഒരു സ്റ്റൂളിൽ ഇരുന്നു അവർ രോഗികൾക്കു് ടിക്കറ്റ് എഴുതുകയും അവരോടു് എന്തൊക്കെ ചോദിക്കുകയും പറയുകയും ചെയ്യുന്നുണ്ടു്. തങ്കമ്മ മറിയുകുത്തു് ജനലിന്റെയടുത്തുനിന്നു് വേഗതയിൽ മരുന്നെടുത്തുകൊടുത്തു കൊണ്ടിരുന്നു.

ഞാൻ മടങ്ങിച്ചെന്നപ്പോൾ, ലേഖയും അക്ബറും കളികഴിഞ്ഞു തിണ്ണയിൽവന്നു. വെള്ളം വച്ചിരുന്ന ഒരു തൊട്ടിക്കകത്തേക്കു് ലേഖയുടെ ഫ്രോക്കും അവന്റെ ഷർട്ടും നിക്കറും ഉരിയിട്ടു. അരയോടു് ചേർന്കിടക്കുന്ന ചെറിയ അണ്ടർവെയർമാത്രം ധരിച്ചുകൊണ്ടു്, ലേഖ കുനിഞ്ഞുനിന്നു്, തൊട്ടി കിണറുകരയിലേക്കു കൊണ്ടുപോകാൻ കമ്പിയിൽപിടിച്ചു് സഹോദരനെ സഹായിക്കുകയാണു്. ലേഖ ഉടുപ്പുകൾക്കു സോപ്പിട്ടു. അവളുടെ ഫ്രോക്കു് ഉൾപ്പെടെ എല്ലാം അക്ബറാണു് അടിച്ചു നനച്ചതു്. അക്ബർ എന്നോടു പറഞ്ഞു:—

"നമുക്കു കളിക്കാം."

ഞാനും ഷർട്ടൂരിയിട്ടു് അവരുടെ കൂടെകൂടി.

സന്ധ്യ ഇരുണ്ടു. കുഞ്ഞുങ്ങൾ പഠിക്കുകയാണു്. അവരുടെ അമ്മവന്നു. ഡിസ്പെൻസറിയിൽ നിന്നു്. ഞാനും കുഞ്ഞുങ്ങളുടെ പുസ്തകം നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അയിഷ ചോദിച്ചു:—

"മി. പേട്ടൻ ഇതുവരെ എന്തുചെയ്യുക ആയിരുന്നു."

— ലേഖ കസേരയിൽ നിന്നും ചാടിഎണീറ്റു "ഉമ്മാ, ഞങ്ങളെ കൂടെ പേട്ടൻ പത്തുകളിച്ചു പേട്ടൻ, ഞങ്ങടെ ഗോളി ആയിരുന്നു" അവർ മകളുടെ പെള്ളയ്ക്കു വാത്സല്യത്തോടെ തട്ടിക്കൊണ്ടു് പറഞ്ഞിട്ടുപോയി:—

"ങ്ങരി അടുപ്പിൽ എവിടം വരെ ആയി എന്നു നോക്കട്ടെ"

ഞാൻ ചോദിച്ചു:—

"ഡാക്ടരിപ്പോൾ വരുകില്ലേ?"

"ഇനിയും രോഗികൾ അവിടെ നിൽക്കുന്നു"

ഡാക്ടർ വന്നപ്പോൾ എട്ടുമണിയായി. അദ്ദേഹം ഉടനെ കുളിക്കാൻപോയി. ലേഖ എഴുന്നേറ്റ് എന്നോടു പറഞ്ഞു:—"നമുക്കു് ഉമ്മായുടെ അടുത്തു പോകാം." അവൾ എന്റെ കയ്യിൽ ഞാന്നു പിടിച്ചു നടന്നു. ഞങ്ങൾ അടുക്കളയിൽ എത്തിയപ്പോൾ അക്ബറും കൂടെയുണ്ടു്. പൊക്കമേറിയ അടുപ്പിൽ നിന്നും അയിഷ അരിവാക്കുകയായിരുന്നു. ഞാൻ ചോദിച്ചു:—"സിസ്റ്റർ, അടുക്കളപ്പണിയെല്ലാം പഠിച്ചോ?"

അവർ ചിരിച്ചു അയിഷ മകളോടു തിരിഞ്ഞു:— "ലേഖ, ആ പ്ലേറുകളെല്ലാം ഒന്നുകൂടി കഴുകു. അക്ബർ മേശപ്പുറം തുടച്ചു് വൃത്തിയാക്കു" കഞ്ഞിവെള്ളം പാത്രത്തിലേക്കു പത്തുകുട്ടിലെ കടത്തിൽ കൊണ്ടുചെന്നൊഴിച്ചിട്ടു് അയിഷ വന്നു അവർ പറഞ്ഞു:—

"ഇന്നു് അദ്ദേഹം വളരെ സന്തോഷമായിരിക്കുന്നു." ആ സന്തോഷത്തോടെ അവരുടെ മുഖം പ്രസന്നമായി.

അടുപ്പിൽ കുറച്ചുനേരം കുനിഞ്ഞു നിന്നതുകൊണ്ടു്, നടുവിന്റെ ക്ഷീണം തീർക്കാൻ, പൊക്കമേറിയ ദേഹം ഒന്നുവർ നിവർത്തു. അവരുടെ ആകാരത്തിനു് ഒരു ഘനവും തന്റേടവും ഉണ്ടു്.

"ഇന്നു രാത്രി അദ്ദേഹം വളരെ നേരം സംസാരിക്കും. അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്നതു മുഴുവൻ." കറികൾ കൂടാക്കുമ്പോഴും, പാത്രങ്ങൾ മാറ്റി വയ്ക്കുമ്പോഴുമൊക്കെ അയിഷ സംസാരിച്ചുകൊണ്ടിരുന്നു. അധികവും പറഞ്ഞതു് അദ്ദേഹത്തെപ്പറ്റി ആയിരുന്നു.

അമ്മയും മകളുംകൂടിയാണു് ഞങ്ങൾക്കു് ഊണു വിളമ്പിയതു്. അമ്മയോടൊത്തു് എല്ലാം വളരെ ശ്രദ്ധിക്കാനുള്ള തിടുക്കത്തോടെ പെയ്യാൻ ആ കൊച്ചുപെണ്ണിനു വലിയ ഉത്സാഹമാണു്. ചോറു് പകർന്നുകൊണ്ടു് അദ്ദേഹം പറഞ്ഞു:—

"ആയിഷ തന്നെയാണു് ഇപ്പോൾ അടുക്കള പണിയും, എടുക്കുന്നതു്. ഞങ്ങൾക്കു് ഒരു ജോലിക്കാരനെ നിറുത്താൻ ഇപ്പോൾ സൗകര്യമില്ല."

അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം എനിക്കു മനസ്സിലായി. ഞാൻ പറഞ്ഞു:—

"ഇതുപോലെ രോഗികൾ മറ്റൊരിടത്തും ഞാൻ കണ്ടിട്ടില്ല."

"എന്റെ നേട്ടം അതാണു്, അതുപോലെ രോഗികളെ എന്നും ഞാൻ ചികിത്സിക്കുന്നുവെന്നുള്ളതു്. എന്റെ മരുന്നിനും അവരുടെ രോഗത്തിനും കണക്കു പറയാൻ എനിക്കു സാദ്ധ്യമല്ല. അവരുടെ, രോഗം കാണുന്നതിനുമുമ്പു് ഹൃദയം ഞാൻ കാണുന്നുണ്ടു്. എന്റെ ആദായം കൊണ്ടു് എനിക്കെന്റെ രോഗികൾക്കു മരുന്നുവാങ്ങാൻ സാധ്യമല്ലാതായിരിക്കുന്നു."

ഞങ്ങൾ ഊണുകഴിഞ്ഞു്, അയിഷയും ലേഖയും ഉണ്ണാനിരുന്നു. അവർ ഉണ്ടു തീരുന്നതുവരെ ഞങ്ങളും അടുത്തിരുന്നു. ഇടയ്ക്കിടയ്ക്കു്, അദ്ദേഹം എഴുന്നേറ്റ് പതിക്കു് പോറും കറിയും വിളമ്പിക്കൊടുത്തു. അതു കൗതുകകരമായ ഒരു കാഴ്ചയായിരുന്നു.

അദ്ദേഹത്തിന്റെ വിശാലമായ മുറിയിൽ ഞങ്ങൾ ഇരുന്നു. നിശ്ശബ്ദവും, ചിന്താതരളിതവും ആയ അന്തരീക്ഷത്തിൽ. ആ മേശപ്പുറത്തു് ചില മെഡിയ്ക്കൽ മാസികകളും അഞ്ചാറുനോവലുകളും കിടന്നിരുന്നു. അടുത്തമുറിയിൽ ഇരുന്നു് ലേഖയും അക്ബറും വായിച്ചു. അദ്ദേഹം പറഞ്ഞു:—

"അവർ എന്തുപാവങ്ങളാണെന്നറിയാമോ?— ദിവസം പത്തുംപന്ത്രണ്ടും ചക്രം കൂലിയിൽ പോലും ജീവിക്കുന്നവരുണ്ടു്. അതുകൊണ്ടു് എപ്പോഴും അവർ സുഖക്കേടുകാരാണു്. ആഹാരത്തിനു വകയില്ലാത്തവർ എങ്ങിനെയാണു് മരുന്നിനു കൊടുക്കുക? അവർ കയറിലും കടലോരത്തും അതുദ്ധ്വാനം ചെയ്തുകഴിയുകയും ചെയ്യുന്നു. ഒന്നേകാലും ഒന്നരയും രൂപാ വീലയുള്ള

ഒരു മാസം മുമ്പു_അസ്ഥിശേഷൻ. ഇന്നു അരോഗദൃഢഗാത്രൻ!

ക്ഷയരോഗം അയാളുടെ മാർദ്ദവമുള്ള ശരീരധാതുക്കളെ കാൻ നശിപ്പിച്ചു. രോഗരാക്ഷസരാജാവു് അസ്ഥിക്കൂടമാത്രം ചെന്നായ്ക്കളെപ്പോലെ തിരിഞ്ഞുതള്ളി അവശേഷിച്ച അസ്ഥികങ്കാളത്തിൽ തൊലിപൊതിഞ്ഞ ഒരു മനുഷ്യക്കോലംമാത്രമായിരുന്നു. ഒരു മാസം മുമ്പു് ആ ക്ഷയരോഗി. ചുമച്ചു ശ്വാസംമുട്ടിയും, ഏങ്ങിവലിച്ചും വലയുന്ന നിലയിലാണു് ആദ്യമായി ആ രോഗി



വി. ഗംഗാധരൻവൈദ്യൻ
വൈദ്യകലാനിധി

കരിംകുരങ്ങു രസായനം ഉപയോഗിച്ചുതുടങ്ങിയതു്.

അനന്തരദിനം അയാൾക്കു് ആശ്വാസവും ആശയും ഉളവായി. ചുമ തീരെ മാറി. വലിവു് വരാതായി. അസ്ഥികൂടംകണക്കു തൊലിക്കും നട്ടവിൽ മാംസപേശികളും വീണ്ടുവളർന്നു. വേനൽക്കാലത്തെ കയ്ത്തോടുകൾപോലെ വറ്റിവരണ്ടിരുന്ന രക്തധമനികളിൽ ശുദ്ധരക്തം പ്രവഹിച്ചു. ഓജസ്സു വർദ്ധിച്ചു. യുവത്വം വീണ്ടും കിട്ടി. ഒരു മാസംകൊണ്ടു് ആയാൾ അരോഗദൃഢഗാത്രനായി, ആരോഗ്യദേവതയുടെ ആശ്ലേഷസുഖം അനുഭവിച്ചു.

വാതരോഗത്തിനും, പ്രസവരക്ഷയ്ക്കും ശരീരത്തിനു് സംഭവിക്കുന്ന കേടുപാടുകൾക്കും അത്യുത്തമം. റാത്തൽ 1-നു് 5 ക. മാത്രം. പേക്കിങ്ങ് ചാർജ്ജ് വേറെ.

. N. B. ശാസ്ത്രീയമായി തയാർചെയ്ത പരിശുദ്ധവും ഫലപ്രദവുമായ എല്ലാ ആയുർവേദൗഷധങ്ങൾക്കും ഞങ്ങൾക്കെഴുതുവിൻ!

കാറ്റലോഗ് സൌജന്യം

സ്വതന്ത്രഫാർമസി, വക്കല P. O. TRAVANCORE

മരുന്നിനു്, നാലും ആറും അണയാണു് എനിക്കു കിട്ടുന്നതു്. യഥൊന്നും തന്നെ എനിക്കു വാങ്ങുവാൻ നിവൃത്തിയില്ലാത്തവിധത്തിലുള്ള, തീരെ കഷ്ടപ്പെടുന്ന ആളുകളും ധാരാളമുണ്ടു്. അവരുടെ വർദ്ധമാനമായ കണക്കു നോക്കുമ്പോൾ കുന്നരയും രണ്ടും രൂപാ വിലവരുന്ന ധനികരായരോഗികൾ പത്തുശതമാനം ഉണ്ടാവുകയില്ല.

അദ്ദേഹം അക്ഷരങ്ങളുടുക്കു തുറന്നു് വരവു ചിലവുകളുടെ കണക്കു് എന്നെ കാണിച്ചു. അദ്ദേഹം തുടർന്നു:—

"അവർ എത്ര ശുദ്ധരും കഷ്ടപ്പെടുന്നവരും ആണെന്നറിയണമെങ്കിൽ അവരുടെ വീടുകളിൽ ചെല്ലണം. ജീവിതത്തെപ്പറ്റി ഒരു രൂപവും ഇല്ലാതെ അവർ ഉഴലുന്നു. പണമില്ലാത്തപ്പോൾ പട്ടിണി കിടന്നു് കുടിലുകളിൽ ചുരുണ്ടു കൂടും. മരുന്നും വൈദ്യനും കിട്ടാത്തപ്പോൾ കുടിലിൽ കിടന്നു മരിക്കുന്നു. അവർ എന്റെ അടുത്തേയ്ക്കു വരുന്നതു് എന്തു് ആശയോടായിരിയ്ക്കും! ആ ശ്വാസത്തോടായിരിക്കും!—

എന്റെ തൊട്ടടുത്ത കസേരയിൽ ഇരുന്ന അയിഷ പറഞ്ഞു:—

"ഇന്നാട്ടിലെ അധികം രോഗികളും ഞങ്ങളുടെ അടുത്തുതടിച്ചുകൂടുന്നതുകൊണ്ടു് മറ്റു ഡോക്ടർമാർക്കു ഞങ്ങളോടു കടുത്ത വിരോധമാണു്"

അദ്ദേഹം ശക്തിയോടെ എന്നോടു പറഞ്ഞു:—

"വിരോധം!—എനിക്കവരോടു് വെറുപ്പും, ചിലപ്പോൾ സഹതാപവുമുണ്ടു്. രോഗങ്ങളിക്കുന്ന ജനങ്ങൾ എന്നോടു എന്റെ കുടുംബത്തോടും സ്നേഹിക്കുന്നുണ്ടു്. അവർ വേലക്കാരാണു്. ഇപ്പോൾ പട്ടിണിക്കാരാണു്. ഞങ്ങളുടെ എല്ലാ കഴിവുകൊണ്ടും സമ്പത്തുകൊണ്ടും അവരെ സഹായിക്കും. അവർക്കുവേണ്ടി ജീവിക്കും. ഞങ്ങൾക്കു് അവരെ സ്നേഹിച്ചാൽ മതി"

അദ്ദേഹം ചിന്താകുലനായി ഇരുന്നു. ഏതാനും നിമിഷങ്ങൾക്കു ശേഷമുള്ള നിശ്ശബ്ദതക്കു ശേഷം ഞാൻ പറഞ്ഞു:—

ഈ പ്രശ്നത്തിന്റെ നാരായവേരു് മറ്റൊന്നാണു്. അവർക്കു് നല്ലകുലിയും ആരോഗ്യകരമായ വാസസ്ഥലങ്ങളും ഉണ്ടാകണം. അല്ലാതെ ഈ രോഗങ്ങളിൽ നിന്നും ഒരിതങ്ങളിൽ നിന്നും ആരും രക്ഷപ്പെടുവാൻ പോകുന്നില്ല."

അദ്ദേഹം കസേരയിൽ നിന്നു എഴുന്നേറ്റു. വായു കയ്യുകൊണ്ടു് തടിതടവിക്കൊണ്ടു് ചിന്താമഗ്നനായി മുറിയിൽ ഉലാത്തി, അയിഷയുടെ അദ്ദേഹത്തിന്റെ ദൃഷ്ടികളിലേക്കു് നോക്കിക്കൊണ്ടിരുന്നു.

ഡാ. മൊഹമ്മദു് പറഞ്ഞു:—

"നിങ്ങൾ പറയുന്നതെന്തെന്നു് ഞാൻ അറിയുന്നു. അവരുടെ കുടിലുകളിൽ കയറിഇറങ്ങി വരുന്നതാരോദിവസവും, ഞാൻ അതിനെപ്പറ്റിചിന്തിയ്ക്കുന്നുണ്ടു്. എന്റെ ഡാക്ടർജീവിതം ആരംഭിച്ച കാലത്തുതന്നെ ഞാൻ അതു കണ്ടുപിടിച്ചു. ആ മാർഗ്ഗത്തിലൂടെയല്ലാതെ എന്റെ ശ്രമം ഫലവത്താകുവാൻ പോകുന്നില്ല."

ഞങ്ങൾ സംസാരം നിർത്തിയപ്പോൾ രാത്രി ഒരു മണിയായി. കുഞ്ഞുങ്ങൾ കിടന്നിരുന്ന അടുത്ത മുറിയിൽ എനിക്കു കിടക്ക വിരിച്ചിരുന്നു. ഞാൻ ഉറങ്ങാൻ പോകുമ്പോഴും അദ്ദേഹം ആ കസേരയിൽതന്നെയിരുന്നു. ഉറങ്ങാൻള്ള യാതൊരു ഒരുക്കവും കൂടാതെ അദ്ദേഹത്തിന്റെ അടുത്തു് പത്നിയും ഇരുന്നു. അദ്ദേഹത്തിനു പ്രിയപ്പെട്ടവളും വിലപ്പെട്ടവളും ആയ അയിഷാ!—ഭർത്താവിന്റെ ഹൃദയം നോവുമ്പോൾ സ്നേഹത്തിന്റെ കരങ്ങൾ നീട്ടി അവർ തടവുന്നു!!—

ലേഖയും അക്ബറുംകൂടി വെള്ളപ്പിനു് എന്നെ കുലുക്കി ഉണർത്തി. ലേഖ പറഞ്ഞു:—

"വാപ്പായും ഉമ്മായും എഴുന്നേറ്റു"

ഞാൻ പോകുവാൻ പുറപ്പാടായി—

അദ്ദേഹം ചോദിച്ചു:—

"പെട്ടി എവിടെ?"

"ബസ്സ്റ്റാൻഡിൽവച്ചിട്ടുണ്ടു്."

അദ്ദേഹം പറഞ്ഞു:—

"നിങ്ങൾ ഈ പ്രാവശ്യം എത്ര പെട്ടെന്നാണു് ഇവിടുന്നു പോകുന്നതു്!"

അദ്ദേഹവും അയിഷയുംകൂടി പറഞ്ഞു;—

"ഈ വഴിതന്നെ മടങ്ങിവരണം"

ഞാൻ സമ്മതിച്ചു.

അദ്ദേഹം സ്നേഹത്തോടെ എന്റെ തോളുകളിൽപിടിച്ചു കുലുക്കി. എന്നിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു് പതിവുപോലെ പറഞ്ഞു:—

"വിലപ്പെട്ട അനവധി അനുഭവങ്ങൾ നിങ്ങൾക്കു നേടുന്നു!—"

ലേഖയും അക്ബറും എന്റെകൂടെ മുറ്റത്തേയ്ക്കിറങ്ങി. എന്റെ കയ്യിൽ ഞാനേപിടിച്ചുകൊണ്ടു്, ആ മരച്ചീനിച്ചെടികൾക്കു് ഇടയിൽവച്ചു് ലേഖ പറഞ്ഞു:—

"ചേട്ടാ, എനിയ്ക്കു് എപ്പോഴും എഴുത്തയക്കണേ!—"

കുമരകം കക്കി

സഹകരണവില്പന ഡിപ്പോകൾ

1. കുമരകം 2. കോട്ടയം 3. കൂട്ടമംഗലം 4. ചങ്ങനാശ്ശേരി 5. കൊല്ലം. 6. പരവൂർ 7. ആറാങ്കൽ 8. ചിറയിൻകീഴ് 9. പാക്ക (തിരുവനന്തപുരം.)

ലൈംഷെൽ ഇൻസ്പെക്ടർ, കുമരകം.

Edited, [illegible] and Published by K. Balakrishnan, at the Indira Printing Works, Pettah, Trivandrum.

The Kaumudi Weekly

PUBLISHED EVERY MONDAY

Vol. I | MONDAY 18th SEPTEMBER 1950 | No. 27

ഉടൻ പുറപ്പെടുന്നു.

ഡെമോക്രസി

ജനകീയജനാധിപത്യമാസിക.

മലയാള സാഹിത്യാന്തരീക്ഷത്തിൽ പുതിയൊരു കൊടുങ്കാറ്റ
സൃഷ്ടിച്ചുകൊണ്ട് കന്നി ആദ്യവാരത്തിൽ
പ്രഥമലക്കം പുറത്തിറങ്ങുന്നു.

★



പൊരുതുന്ന തുലികപ്പടയാളിക
ളുടെ ലേഖനങ്ങളും കവിത
കളും കഥകളും ഓരോ ലക്കത്തി
ന്റേയും വിശേഷതയായിരിക്കും.



★

പ്രഥമലക്കത്തിൽ പ്രശസ്ത സാഹിത്യകാരന്മാരുടെ ലേഖനങ്ങൾ

? ? ?

എല്ലാ സ്ഥലങ്ങളിലും ഏജന്റന്മാരെ ആവശ്യമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:—

മാനേജർ,

ഡെമോക്രസി,

ചേത്തല.